04
ഒക്ടോബർ
ശനി 2025
1201 കന്നി 18
Vol 08 Issue No 01

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ

₹7.50
പേജ് 06
www.keralapranamam.com
infokeralaprana-

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

നാസയും 'അടച്ചുപൂട്ടി'!

വാഷിംഗ്ടൺ: യു.എസിൽ ഡൊണാൾഡ് ട്രംപ ഭരണകൂടം സർക്കാർ സ്ഥാപനങ്ങളിൽ ഷട്ട്ഡൗൺ പ്രഖ്യാപിച്ച പിന്നാലെ, സ്പേസ് ഏജൻസിയായ നാസയുടെ പ്രവർത്തനവും സ്തംഭിച്ചു. സർക്കാർ ധനസഹായം ലഭിക്കുന്നതിലുണ്ടായ തടസം മൂലം പ്രവർത്തനം നിറുത്തിവച്ചതായി ഔദ്യോഗിക വെബ്സൈറ്റിലൂടെ നാസ അറിയിച്ചു. ഒരറിയിപ്പുണ്ടാകുംവരെയാണ് നടപടി. അതേ സമയം, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേത് അടക്കം നിലവിൽ തുടരുന്ന മിഷനുകളുടെ പ്രവർത്തനം തടസപ്പെടില്ല. ഇതിന് മുമ്പും സർക്കാർ ഷട്ട്ഡൗൺ നാസയെ ബാധിച്ചിട്ടുണ്ട്. ഈമാസം 1ന് മുന്നേ (യു.എസിൽ പുതിയ സാമ്പത്തിക വർഷം തുടങ്ങിയത് അന്ന്) ധനാനുമതി ബിൽ പാസാക്കാൻ കഴിയാതെ വന്നതോടെയാണ് യു.എസിൽ ഷട്ട്ഡൗൺ ഏർപ്പെടുത്തിയത്. അവശ്യ സർവീസുകൾ ഒഴികെ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം സ്തംഭിക്കും. ജീവനക്കാരുടെ ശമ്പളമടക്കം മുടങ്ങിയേക്കും.

കെ.പി.സി.സി ഭാരവാഹി പട്ടിക ഉടൻ

തിരുവനന്തപുരം: കെ.പി.സി.സി ഭാരവാഹി പട്ടിക ഇന്നോ നാളെയോ പ്രഖ്യാപിച്ചേക്കും. കെ.പി.സി.സി തയ്യാറാക്കിയ പട്ടികയിൽ ചില തിരുത്തലുകൾ വരുത്തി ബുധനാഴ്ച എ.ഐ.സി.സി ക്ക് കൈമാറിയിരുന്നു.എ.ഐ.സി.സി അദ്ധ്യക്ഷൻ മല്ലികാർജുൻ ഖർഗെയെ ബംഗുളുരുവിലെ എം.എസ് രാമയ്യ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചിരുന്നതിനാലാണ് ഭാരവാഹി പട്ടികയ്ക്ക് അനുമതി കിട്ടാതിരുന്നത്. 48 ജനറൽ സെക്രട്ടറിമാരും ഒമ്പത് വൈസ് പ്രസിഡന്റുമാരും ട്രഷററും ഉൾപ്പെട്ടതാണ് കെ.പി.സി.സി കൈമാറിയ പട്ടിക. സെക്രട്ടറിമാരുടെ എണ്ണവും പേരും പിന്നീടേ പ്രഖ്യാപിക്കാൻ സാദ്ധ്യതയുള്ളൂ. ചില തർക്കങ്ങൾ നിൽക്കുന്നതിനാൽ ഡി.സി.സി അദ്ധ്യക്ഷന്മാരുടെ പ്രഖ്യാപനവും വൈകും. 23 ജനറൽ സെക്രട്ടറിമാരുണ്ടായിരുന്ന സ്ഥാനത്ത് 48 ആയി ഉയർത്തിയിട്ടുണ്ട്. വൈസ് പ്രസിഡന്റുമാരുടെ എണ്ണം അഞ്ചിൽ നിന്ന് ഒമ്പതാക്കി. നിലവിൽ സെക്രട്ടറിമാർ ഇല്ല. ഒരു ജനറൽ സെക്രട്ടറിക്ക് രണ്ട് സെക്രട്ടറിമാർ എന്ന ക്രമത്തിൽ നിയമിക്കണമെന്ന നിർദ്ദേശം ചർച്ചയിൽ ഉയർന്നിരുന്നു. കെ.പി.സി.സി നൽകിയിട്ടുള്ള പട്ടിക അപ്പാടെ ഹൈക്കമാൻഡ് അംഗീകരിക്കുമോ എന്നതും കണ്ടറിയേണ്ടതാണ്. പലകുറി ചർച്ച നടത്തി അന്തിമരൂപം നൽകിയ പട്ടികയായതിനാൽ മാറ്റം വരാനുള്ള സാദ്ധ്യത വിരളമാണ്.

മന്ത്രിയുടെ പ്രസ്താവന വസ്തുതാ വിരുദ്ധം: സിറോ മലബാർ സഭ

കൊച്ചി: ഭിന്നശേഷി അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ക്രൈസ്തവ മാനേജുമെന്റുകൾക്കെതിരെ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി നടത്തുന്നത് വസ്തുതാവിരുദ്ധമായ പ്രസ്താവനകളാണെന്ന് സിറോ മലബാർ സഭ. ഭിന്നശേഷിക്കാർക്ക് നിഷ്കർഷിക്കുന്ന ഒഴിവുകൾ പൂർണമായും നികത്തിയാലേ മറ്റ് നിയമനങ്ങൾ അംഗീകരിക്കുകയും ശമ്പളം നൽകുകയും ചെയ്യൂവെന്നാണ് സർക്കാർ ഉത്തരവ്. ഇതുപ്രകാരം 1996 മുതൽ മൂന്നും 2018 മുതൽ നാല് ശതമാനവും ഒഴിവുകൾ ഭിന്നശേഷിക്കാർക്കായി നീക്കിവച്ചു. എന്നാൽ, പരസ്യങ്ങൾ നൽകിയിട്ടും യോഗ്യരായ ഭിന്നശേഷിക്കാരെ ലഭിച്ചില്ല. ഭിന്നശേഷി ഒഴിവുകൾ നിലനിറുത്തുകയും ബാക്കി നിയമനങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്യണമെന്നാണ് നിരന്തരം അഭ്യർത്ഥിച്ചതെന്ന് സഭാവക്താവ് ഫാ. ടോം ഓലിക്കരോട്ട് അറിയിച്ചു. 2018 മുതൽ ഭിന്നശേഷി ഉത്തരവിൽ കുരുങ്ങി പതിനാറായിരത്തിലധികം അദ്ധ്യാപകരാണ് നിയമനാംഗീകാരം ലഭിക്കാതെയും ജോലിചെയ്തിട്ടും ശമ്പളം ലഭിക്കാതെയും ദുരിതത്തിൽ കഴിയുന്നത്. അദ്ധ്യാപകർ അനുഭവിക്കുന്ന ദുരിതം മന്ത്രി പഠിച്ചിട്ടില്ലെന്നുള്ളത് നിരുത്തരവാദപരമായ പ്രസ്താവനകളിൽനിന്ന് വ്യക്തമാണെന്നും കുറ്റപ്പെടുത്തി.

'ബന്ദികളെ മോചിപ്പിക്കാം, ഭരണം കൈമാറാം'; ട്രംപിന്റെ പദ്ധതിയിലെ ചില ഉപാധികൾ അംഗീകരിച്ച് ഹമാസ്

ഗാസാസിറ്റി: ഗാസ യുദ്ധം അവസാനിപ്പിക്കാനുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പദ്ധതിയിലെ ചില ഉപാധികൾ അംഗീകരിച്ച് ഹമാസ്. ഇസ്രയേലി ബന്ദികളെ മോചിപ്പിക്കുക, ഭരണം കൈമാറുക എന്നിവ അംഗീകരിക്കുമെന്നാണ് ഹമാസ് വ്യക്തമാക്കിയത്. എന്നാൽ മറ്റ് പല വ്യവസ്ഥകളിലും ചർച്ചകൾ വേണമെന്നാണ് ഹമാസ് നിലപാട്. ഇന്ത്യൻസമയം ശനിയാഴ്ച പുലർച്ചെ ഒന്നരയോടെയാണ് ഹമാസ് ഇക്കാര്യം പുറത്തുവിട്ടത്. ഞായറാഴ്ച രാത്രിക്കുമുൻപ് കരാർ അംഗീകരിക്കണമെന്ന ട്രംപിന്റെ ഭീഷണിക്ക് പിന്നാലെയാണ് പ്രതികരണം. ഗാസായുദ്ധം തീർക്കുക ലക്ഷ്യമിട്ട് താൻ മുന്നോട്ടുവെച്ച 20 ഇന സമാധാനപദ്ധതി അമേരിക്കൻ സമയം ഞായറാഴ്ച വൈകീട്ട് ആറിനുമുൻപ് അംഗീകരിക്കണമെന്നായിരുന്നു ഹമാസിന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അന്ത്യശാസനം. അല്ലെങ്കിൽ ഗുരുതരപ്രത്യാഘാതം ഉണ്ടാകുമെന്ന് ട്രംപ് ഭീഷണി മുഴക്കി. കരാറിലെ മുഴുവൻ വ്യവസ്ഥകളും അംഗീകരിക്കാനാകില്ലെന്നും അതേക്കുറിച്ച് പഠിക്കാൻ കൂടുതൽ സമയം വേണമെന്നും ചില ഹമാസ് നേതാക്കൾ പ്രതികരിച്ച സാഹചര്യത്തിലായിരുന്നു മുന്നറിയിപ്പ്. കരാർ അംഗീകരിക്കാനുള്ള അവസാന അവസരമാണിതെന്നും അല്ലാത്തപക്ഷം ഗുരുതര പ്രത്യാഘാതങ്ങളുണ്ടാകുമെന്നും ട്രംപ് ട്രൂത്ത് സോഷ്യലിലൂടെ പറഞ്ഞു. ''കാലങ്ങളായി പശ്ചിമേഷ്യയിലെ ക്രൂരവും അക്രമാസക്തവുമായ ഒരു ഭീഷണിയാണ് ഹമാസ്. അവർ ആളുകളുടെ ജീവിതം അസഹനീയമാക്കി. ഇതിന്റെ പാരമ്യമായിരുന്നു 2023 ഒക്ടോബർ ഏഴിന് ഇസ്രയേലിൽ നടന്ന കൂട്ടക്കൊല. കുഞ്ഞുങ്ങളും സ്ത്രീകളും പ്രായമായവരുമെല്ലാം കൊല്ലപ്പെട്ടു. ഒന്നല്ലെങ്കിൽ മറ്റൊരു മാർഗത്തിലൂടെ ഞങ്ങൾ പശ്ചിമേഷ്യയിൽ സമാധാനം സ്ഥാപിക്കും. ബന്ദികളെ മുഴുവൻ മോചിപ്പിക്കൂ,

മല്യകൊടുത്ത 5 കിലോ സ്വർണപ്പാളി അപ്പാടെ വിഴുങ്ങി, വെളിപ്പെടുത്തിയത് മല്യ ഏർപ്പെടുത്തിയ ചുമതലക്കാരൻ

പത്തനംതിട്ട: യു.ബി ഗ്രൂപ്പ് ചെയർമാൻ വിജയ് മല്യ ശബരിമലയ്ക്ക് നൽകിയ മുപ്പത് കിലോയിലേറെ ശുദ്ധ സ്വർണത്തിൽ അഞ്ചു കിലോയിലേറെ ദ്വാരപാലക ശില്പങ്ങൾക്കുവേണ്ടി ഉപയോഗിച്ചെന്ന് വെളിപ്പെടുത്തൽ. മേൽനോട്ടം വഹിക്കാൻ വിജയ് മല്യ ചുമതലപ്പെടുത്തിയ തമിഴ്നാട് സ്വദേശിയും കൊച്ചിയിലെ താമസക്കാരനുമായ സെന്തിൽനാഥനാണ് ഇക്കാര്യം തറപ്പിച്ചു പറയുന്നത്. സ്വർണപ്പാളി പൊതിയുമ്പോൾ സെന്തിൽ നാഥ് സന്നിധാനത്ത് ഉണ്ടായിരുന്നു. ഇക്കാര്യങ്ങളെല്ലാം മൂടിവയ്ക്കുകയും ദേവസ്വം മാനുവലിൽ ദേവന്റെ സ്വർണം അടക്കമുള്ള വിലയേറിയ സമ്പത്ത് സംബന്ധിച്ച മാർഗനിർദേശങ്ങൾ അപ്പാടെ അട്ടിമറിക്കുകയും ചെയ്താണ് ഇവ ചെമ്പാണെന്ന് രേഖയുണ്ടാക്കി ചെന്നൈയ്ക്ക് കൊണ്ടുപോയത്. ഇതോടെ ഇരുപത്തിനാല് ക്യാരറ്റിലുള്ള അഞ്ചു കിലോ സ്വർണ തകിടുകൾ അപ്രത്യക്ഷമായതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ദേവസ്വം ബോർഡിനും ഉന്നത അധികാരികൾക്കും ഒഴിഞ്ഞു മാറാൻ കഴിയാത്ത അവസ്ഥയായി. ഒരോ ദാരു ശില്പ വിഗ്രഹത്തിനും രണ്ടരക്കിലോ വീതം സ്വർണമാണ് ഉപയോഗിച്ചത്. സ്വിറ്റ്സർലന്റിൽ നിന്ന് ഇറക്കുമതി ചെയ്ത 24 ക്യാരറ്റ് സ്വർണമാണ് ഉപയോഗിച്ചതെന്ന് സെന്തിൽ നാഥ് വെളിപ്പെടുത്തി. നിലവിലെ വിലയനുസരിച്ച് 5.31 കോടി രൂപയുടെ സ്വർണമാണ് ഉണ്ടായിരുന്നത്. 2019ൽ ദാരുശില്പങ്ങളിൽ ഉണ്ടായിരുന്നത് ചെമ്പുപാളികളാണെന്ന അന്നത്തെ ദേവസ്വം പ്രസിഡന്റ് എ.പത്മകുമാറിന്റെയും ദേവസ്വം ഉദ്യോഗസ്ഥരുടെയും സ്പോൺസർ ഉണ്ണികൃഷ്ണൻ പോറ്റിയുടെയും വാദം ഇതോടെ ദുർബലമായി. 1999ൽ സ്വർണപ്പാളികൾ രേഖപ്പെടുത്തിയിരുന്ന തിരുവാഭരണ രജിസ്റ്ററും മഹസറും കാണാതായതിനും 2019ലെ മഹസറിലും രജിസ്റ്ററിലും ചെമ്പുപാളികളാണെന്ന് രേഖപ്പെടുത്തിയതിനും പിന്നിൽ വൻ ഗൂഢാലോചന നടന്നെന്ന് വ്യക്തമായി.

അടിമുടി ചട്ടലംഘനം, തരികിട

1 ദേവസ്വം മാന്വവൽ പ്രകാരം ക്ഷേത്രത്തിൽ ചാർത്തിയിരിക്കുന്ന വിലപിടിപ്പുള്ള വസ്തുക്കൾ ക്ഷേത്ര സമുച്ചയത്തിന് പുറത്തു കൊണ്ടുപോകരുത്. ദേവന്റെ അനുജ്ഞ വാങ്ങിയശേഷം ക്ഷേതസവിധത്തിൽ വച്ച് കോടതിയുടെ അനുമതിയോടെ പണികൾ നടത്താം. പകൽ വെളിച്ചത്തിൽ മാത്രമേ അതു നടത്താൻ പാടുള്ളൂ.
2 1991- 92 കാലഘട്ടത്തിൽ ആദ്യമായി ഇവിടേക്ക് ഹൈക്കോടതി സ്പെഷ്യൽ കമ്മിഷണറെ നിയോഗിച്ചു. അന്നുമുതൽ ശബരിമലയുമായി ബന്ധപ്പെട്ട ഏതു നടപടിയും സ്പെഷ്യൽ കമ്മിഷണറെ അറിയിച്ചിരിക്കണം. അദ്ദേഹം അത് ഹൈക്കോടതിയെ അറിയിക്കുകയും വേണം.
3 ദ്വാരപാലക ശില്പങ്ങളിൽ പൊതിഞ്ഞിരുന്ന പാളികൾ ഒരു മാസത്തിലധികം ഉദ്യോഗസ്ഥരുടെയോ പൊലീസിന്റെയോ സാന്നിദ്ധ്യമില്ലാതെ പുറത്തേക്ക് കൊടുത്തുവിട്ടതും ചെന്നൈയിലും ബംഗളൂരുവിലും മൂവാറ്റുപുഴയിലെ പെരളിമറ്റത്തും കാഴ്ചവസ്തുവാക്കിയതും ഗുരുതരമായ ചട്ടലംഘനമാണ്. പണപ്പിരിവ് നടത്തിയത് ക്രിമിനൽ കുറ്റവുമാണ്. ഇക്കാര്യങ്ങളിൽ അന്നത്തെ സ്പെഷ്യൽ കമ്മിഷണർ ജാഗ്രത പുലർത്തിയില്ല

ചികിത്സാ പിഴവ്; നാലാം ക്ലാസുകാരിയുടെ കൈ മുറിച്ചു മാറ്റി

കൊല്ലങ്കോട്: കളിക്കുന്നതിനിടെ പരിക്കേറ്റ നാലാം ക്ലാസ് വിദ്യാർത്ഥിനിയുടെ വലത് കൈ മുറിച്ചു മാറ്റേണ്ടി വന്നത് പാലക്കാട് ജില്ലാ ആശുപത്രിയിലെ ചികിത്സാ പിഴവ് മൂലമെന്ന് പരാതി. പല്ലശ്ശന സ്വദേശികളായ വിനോദ്-പ്രസീദ ദമ്പതികളുടെ മകളും ഒഴിവ്പാറ എ.എൽ.പി സ്കൂൾ വിദ്യാർത്ഥിനിയുമായ വിനോദിനിയുടെ(9) കൈയാണ് മുറിച്ചു മാറ്റിയത്. കൊഴിഞ്ഞാമ്പാറ വേലന്താവളത്തിനു സമീപത്താണ് കുടുംബം താമസിക്കുന്നത്. സെപ്തംബർ 24ന് കളിക്കുന്നതിനിടെ വീണു പരിക്കേറ്റതിനു തുടർന്ന് കുട്ടിയെ ആദ്യം ചിറ്റൂർ താലൂക്കാശുപത്രിയിലും തുടർന്ന് ജില്ലാ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിലും പ്രവേശിപ്പിച്ചു. വലതു കൈത്തണ്ടയിലെ രണ്ട് എല്ലുകൾക്ക് പൊട്ടലുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് പ്ലാസ്റ്ററിട്ടു. വീട്ടിലെത്തിയെങ്കിലും വേദന സഹിക്കാൻ പറ്റാത്തതിനെ തുടർന്ന് 25ന് വീണ്ടും ഡോക്ടറെ കണ്ടു. തൊലി പൊട്ടിയതിനാൽ വേദനയുണ്ടാകുമെന്ന് പറഞ്ഞ് പ്രാഥമിക ചികിത്സ നൽകി മടക്കി അയച്ചു. പ്ലാസ്റ്റർ ഇട്ട ഭാഗത്തു നിന്ന് പഴുപ്പും ദുർഗന്ധവും വമിച്ചതോടെ 28ന് വീണ്ടും ആശുപത്രിയിലെത്തി. എന്നാൽ ഇവിടെ കൂടുതൽ ചികിത്സ നൽകാനാകില്ലെന്നു പറഞ്ഞ് മടക്കി അയച്ചതായി കുട്ടിയുടെ അമ്മ പറഞ്ഞു. 30ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിച്ചു. പഴുപ്പ് പടർന്നതിനെ തുടർന്ന് ഇവിടെ വച്ചാണ് കൈ മുറിച്ചു മാറ്റിയത്. പാലക്കാട് ജില്ലാ ആശുപത്രിയിലെ ഡോക്ടർക്കോ ജീവനക്കാർക്കോ സംഭവിച്ച പിഴയാണ് കൈ മുറിക്കാൻ കാരണമായതെന്ന് കുടുംബം ആരോപിച്ചു. അതേ സമയം ,കുട്ടിക്ക് പരിക്കേറ്റ ദിവസം തന്നെ ജില്ലാ ആശുപത്രിയിലെ ഓർത്തോ വിഭാഗം ഡോക്ടർമാരുടെ സേവനം അത്യാഹിത വിഭാഗത്തിൽ ലഭ്യമാക്കിയിരുന്നുവെന്ന് ആശുപത്രി ഡി.എം.ഒയുടെ പ്രാഥമികാന്വേഷണ റിപ്പോർട്ടിൽ പറയുന്നു. പൊട്ടിയ എല്ലുകൾക്ക് ഉചിതമായ ചികിത്സ നൽകി കൈയിലേക്ക് രക്തയോട്ടം ഉറപ്പ് വരുത്തിയിരുന്നു. പിറ്റേ ദിവസവും പരിശോധിച്ചു. . സെപ്തംബർ 30ന് എത്തുമ്പോഴേക്കും കൈയിൽ രക്തയോട്ടമില്ലാത്ത നിലയിലായിരുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. സംഭവത്തെ കുറിച്ച് അന്വേഷണം നടത്താൻ ഡോ. പത്മനാഭൻ, ഡോ. കാവ്യ എന്നിവരെ ചുമതലപ്പെടുത്തി. ഉത്തരവാദികൾക്കെതിരെ നടപടി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് ജില്ലാ ആശുപത്രിയിലേക്ക് മാർച്ച് നടത്തി.

കളി നിറുത്തിക്കോ; ഭൂമിയിൽ പാകിസ്ഥാൻ ഉണ്ടാവില്ല

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂർ -2ന് ഇന്ത്യ പൂർണ സജ്ജമാണ്. അതിർത്തി കടന്നുള്ള ഭീകരതയെ സ്പോൺസർ ചെയ്യുന്നത് പാകിസ്ഥാൻ തുടർന്നാൽ ഭൂമുഖത്തു നിന്നു തന്നെ തുടച്ചു നീക്കും. സൈനിക മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടേതാണ് മുന്നറിയിപ്പ്. രാജസ്ഥാൻ അതിർത്തിയിലെ അനൂപ്ഗഡിൽ സൈനികരെ അഭിസംബോധന ചെയ്യുകയായിരുന്നു ദ്വിവേദി. ഓപ്പറേഷൻ സിന്ദൂർ 1-ൽ കാണിച്ചതുപോലെ സംയമനം ഇനി പ്രതീക്ഷിക്കേണ്ട. ഓപ്പറേഷൻ സിന്ദൂർ 2.0 വേണ്ടിവന്നാലുള്ള തയ്യാറെടുപ്പ് വിലയിരുത്താനാണ് വന്നത്. നമ്മൾ പൂർണ സജ്ജം. സൈനികർ തയ്യാറായിരിക്കുക. ദൈവം ഇച്ഛിച്ചാൽ, ഉടൻ അവസരം വരുമെന്നും കരസേനാ മേധാവി പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ 1.0 നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീകൾ നെറ്റിയിൽ സിന്ദൂരം അണിയുമ്പോഴെല്ലാം രാജ്യത്തിന്റെ അതിർത്തി കാക്കുന്ന സൈനികരെ ഓർമ്മിക്കും.

തകർത്തത് 10 പാക് വിമാനം

ഓപ്പറേഷൻ സിന്ദൂറിനിടെ 300 കി.മീറ്റർ ഉള്ളിൽച്ചെന്ന് യു.എസ്, ചൈനീസ് നിർമ്മിത 10 പാക് യുദ്ധ വിമാനങ്ങൾ തകർത്തെന്ന് വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിംഗ് ഇന്നലെ വെളിപ്പെടുത്തയിരുന്നു. പിന്നാലെയാണ് ദ്വിവേദിയുടെ മുന്നറിയിപ്പ് ഗുജറാത്ത് അതിർത്തിയിലെ സർ ക്രീക്കിൽ (100 കി.മീറ്റർ നീളുന്ന ചതുപ്പ്)? പാകിസ്ഥാൻ സൈന്യത്തിന്റെ കടന്നു കയറ്റ ശ്രമത്തിനെതിരെ കഴിഞ്ഞ ദിവസം ശക്തമായ മുന്നറിയിപ്പ് നൽകിയ പ്രതിരോധമന്ത്രി രാജ്നാഥ് സിംഗും ഇതേ രീതിയിലാണ് പ്രതികരിച്ചത്

മോഹൻലാലിന് സംസ്ഥാന സർക്കാരിന്റെ ആദരം ഇന്ന്

തിരുവനന്തപുരം: ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ സംസ്ഥാന സർക്കാർ ഇന്ന് ആദരിക്കും. 'മലയാളം വാനോളം, ലാൽസലാം' എന്ന ചടങ്ങ് വൈകിട്ട് 5ന് സെൻട്രൽ സ്റ്റേഡിയത്തിലാണ്. മുഖ്യമന്ത്രി പിണറായി വിജയൻ ആദരം സമർപ്പിക്കും. പ്രവേശനം സൗജന്യമായിരിക്കുമെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു. കവി പ്രഭ വർമ്മ എഴുതിയ പ്രശസ്തിപത്രം മുഖ്യമന്ത്രി മോഹൻലാലിന് നൽകും. ഗായിക ലക്ഷ്മി ദാസ് പ്രശസ്തിപത്രം കവിത ചൊല്ലും. പൊലീസ്, ഗതാഗതം, ഫയർ ഫോഴ്സ്, നഗരസഭ, ആരോഗ്യ വകുപ്പുകളുടെ ഏകോപനത്തിലാണ് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ. ചടങ്ങിൽ മന്ത്രി വി.ശിവൻകുട്ടി അദ്ധ്യക്ഷനാകും. മന്ത്രിമാരായ സജി ചെറിയാൻ, കെ.എൻ. ബാലഗോപാൽ, ജി.ആർ. അനിൽ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, എം.പിമാരായ ശശി തരൂർ, അടൂർ പ്രകാശ്, എ.എ. റഹീം, ജോൺ ബ്രിട്ടാസ്, ആന്റണി രാജു എം.എൽ.എ, മേയർ ആര്യ രാജേന്ദ്രൻ, ജില്ല പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, സംവിധായകരായ അടൂർ ഗോപാലകൃഷ്ണൻ, ജോഷി തുടങ്ങിയവർ സംബന്ധിക്കും. തുടർന്ന് മോഹൻലാലിനുള്ള കലാസമർപ്പണമായി ടി.കെ.രാജീവ് കുമാർ സംവിധാനം ചെയ്ത 'രാഗം മോഹനം' അരങ്ങേറും. മോഹൻലാലിന്റെ നടന ചാതുരിക്ക് അർപ്പണമായി കഥകളി ആചാര്യൻ കലാമണ്ഡലം സുബ്രഹ്മണ്യൻ ആശാൻ 'തിരനോട്ടം' അവതരിപ്പിക്കും. മോഹൻലാൽ ചിത്രങ്ങളിലെ അവിസ്മരണീയ ഗാനങ്ങൾ കോർത്തിണക്കിയുള്ള സംഗീത പരിപാടിയിൽ എം.ജി. ശ്രീകുമാർ, സുജാത, സിതാര, മഞ്ജരി, ജ്യോത്സ്ന, മൃദുല വാരിയർ, നിത്യ മാമ്മൻ, സയനോര, രാജലക്ഷ്മി, റിമി ടോമി, നന്ദിനി, രഞ്ജിനി ജോസ്, ലക്ഷ്മി ഗോപാലസ്വാമി എന്നിവർ ആലാപനവുമായി എത്തും. മോഹൻലാലും ഗാനം ആലപിക്കും. മോഹൻലാലിന്റെ നായികമാരായി വേഷമിട്ടിട്ടുള്ള ശോഭന, മീന, ഉർവശി, മേനക, മാളവിക മോഹൻ, രഞ്ജിനി, അംബിക, മീരാ ജാസ്മിൻ എന്നിവരും ആശംസകളർപ്പിക്കും. വാർത്താസമ്മേളനത്തിൽ കെ.എസ്.എഫ്.ഡി.സി ചെയർമാൻ കെ.മധു, എം.ഡി പി.എസ്.പ്രിയദർശനൻ, ചലച്ചിത്ര അക്കാഡമി ചെയർമാൻ പ്രേംകുമാർ, സെക്രട്ടറി സി.അജോയ്, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.മധുപാൽ, ടി.കെ.രാജീവ്കുമാർ എന്നിവരും സംബന്ധിച്ചു.

കുട്ടികളടക്കം മരിച്ചിട്ടും മുങ്ങി, ഇതോ നേതാവ്! വിജയിനെ കുടഞ്ഞ് മദ്രാസ് ഹൈക്കോടതി

ചെന്നൈ: പത്തു കുട്ടികൾ ഉൾപ്പെടെ 41 പേർക്ക് ദാരുണാന്ത്യം സംഭവിച്ച കരൂർ ദുരന്തം മനുഷ്യനിർമ്മിതമെന്ന് മദ്രാസ് ഹൈക്കോടതി. കോടതിയ്ക്ക് കണ്ണടയ്കനാകില്ലെന്നും ആരും നിയമത്തിന് അതീതരല്ലെന്നും തുറന്നടിച്ചു. ടി.വി.കെ പ്രസിഡന്റ് വിജയ്ക്കെതിരെ രൂക്ഷമായ പരാമർശം നടത്തി. കുട്ടികളടക്കം മരിച്ചിട്ടും വിജയ് സ്ഥലം വിട്ടെന്നും അണികളെ ഉപേക്ഷിച്ചയാൾക്ക് നേതൃഗുണം ഇല്ലെന്നും കോടതി രൂക്ഷഭാഷയിൽ വിമർശിച്ചു. എന്തുതരം രാഷ്ട്രീയ പാർട്ടി ആണിത്? കോടതി ചോദിച്ചു. കേസ് അന്വേഷണം മുന്നോട്ടു കൊണ്ടുപോകാൻ മടിക്കുന്നതെന്താണെന്നാണ് സർക്കാരിനോട് ചോദിച്ചത്. രണ്ട് പേരെ അറസ്റ്റു ചെയ്തെന്ന് സർക്കാർ അഭിഭാഷകൻ ജെ.രവീന്ദ്രൻ പറഞ്ഞപ്പോൾ ടി.വി.കെയോട് എന്താണ് ഇത്ര വിധേയത്വം എന്നായിരുന്നു കോടതിയുടെ ചോദ്യം. വിജയ്ക്കെതിരെ കേസെടുക്കാൻ നേരിട്ട് നിർദേശിച്ചില്ലെങ്കിലും സംസ്ഥാന സർക്കാരിന്റെ 'വിജയ് പ്പേടിയെ' ശക്തമായി വിമർശിച്ചു. ഇതോടെ വിജയും പ്രതിയാവാൻ സാദ്ധ്യതയേറി. നടനും ടി.വി.കെ സ്ഥാപക നേതാവുമായ വിജയ്ക്കെതിരെ കേസെടുക്കണമെന്ന ചെന്നൈ സ്വദേശി ദിനേശ് നൽകിയ ഹർജിയിലാണ് കോടതിയുടെ വിമർശനം. ദുരന്തം അന്വേഷിക്കാൻ ഉത്തരമേഖല ഐ.ജി അസ്രഗാർഗിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാൻ ജസ്റ്റിസ് ജഡ്ജി സെന്തിൽകുമാർ ഉത്തരവിട്ടു. നാമക്കൽ എസ്.പിയും സംഘത്തിന്റെ ഭാഗമാവും. ടി.വി.കെയുടെ സംസ്ഥാന ജനറൽ സെക്രട്ടറി ബുസി ആനന്ദിന്റെയും ജോയിന്റ് സെക്രട്ടറി നിർമ്മൽ കുമാറിന്റെയും മുൻകൂർ ജാമ്യാപേക്ഷ മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ച് തള്ളി. പൊതുമുതൽ നശിപ്പിച്ച കേസിൽ ടി.വി.കെ നാമക്കൽ ജില്ലാ സെക്രട്ടറി സതീശ് കുമാറിന്റെ മുൻകൂർ ജാമ്യാപേക്ഷയും കോടതി തള്ളി. സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടുള്ള രണ്ട് ഹർജികളും മദ്രാസ് ഹൈക്കോടതി തള്ളി. സമൂഹ മാദ്ധ്യമത്തിലൂടെ യുവജന വിപ്ലവത്തിന് അഹ്വാനം ചെയ്ത ടി.വി.കെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ആധവ് അർജ്ജുനെ അറസ്റ്റ് ചെയ്യാൻ സർക്കാർ പൊലീസിന് നിർദ്ദേശം നൽകി.

യോഗത്തിന് ചട്ടം വരും, അതുവരെ അനുമതിയില്ല

1 പൊതുയോഗങ്ങൾ നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ രൂപീകരിക്കുന്നതു വരെ ഒരു യോഗത്തിനും അനുമതി നൽകില്ലെന്ന് തമിഴ്നാട് സർക്കാർ ഹൈക്കോടതിയെ അറിയിച്ചു
2 യോഗങ്ങൾ നടത്തുമ്പോൾ ശുദ്ധജലം, ടോയ്‌ലെറ്റ് തുടങ്ങിയവ ഒരുക്കേണ്ടത് അതതു രാഷ്ട്രീയ പാർട്ടികളുടെ ഉത്തരവാദിത്തമാണെന്നു കോടതി വ്യക്തമാക്കി
3 ദേശീയ,സംസ്ഥാന പാതകളുടെ സമീപത്ത് ഒരു പാർട്ടിക്കും യോഗങ്ങൾ നടത്താൻ അനുമതി നൽകരുതെന്നും കോടതി പറഞ്ഞു

പൊലീസിലെ ക്രിമിനലുകൾക്കെതിരെ അതിവേഗ നടപടി വേണം: ഡി.ജി.പി

തിരുവനന്തപുരം: ജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തണമെന്നും സേനയിലെ ക്രിമിനലുകൾക്കെതിരായ നടപടികൾ വേഗത്തിലാക്കണമെന്നും ജില്ലാ പൊലീസ് മേധാവിമാർക്ക് ഡി.ജി.പി റവാഡ ചന്ദ്രശേഖറിന്റെ നിർദ്ദേശം. ഇന്നലെ ഓൺലൈനായി ചേർന്ന യോഗത്തിലാണിത്. സേനയിലെ ക്രിമിനലുകളെ വച്ചുപൊറുപ്പിക്കില്ലെന്നും പുറത്താക്കണമെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നു. ഇത്തരക്കാർക്കെതിരായ വകുപ്പുതല അന്വേഷണമടക്കം വേഗത്തിലാക്കി ശിക്ഷാനടപടിയെടുക്കണം. പൊലീസിലെ കുഴപ്പക്കാർക്കെതിരേ നടപടിയെടുക്കുന്നതിൽ നിന്ന് ഉന്നത ഉദ്യോഗസ്ഥർ ഒഴിഞ്ഞുമാറരുതെന്നും കൊള്ളരുതായ്മകൾ കണ്ടില്ലെന്ന് നടിക്കരുതെന്നും ഡി.ജി.പി നിർദ്ദേശിച്ചു. കസ്റ്റഡിമർദ്ദനം അനുവദിക്കില്ലെന്നും അന്വേഷണത്തിന് മൂന്നാംമുറ പ്രയോഗം പാടില്ലെന്നും മുഖ്യമന്ത്രി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനാൽ ഉന്നത ഉദ്യോഗസ്ഥർ മുതൽ താഴേത്തട്ടിൽ വരെയുള്ളവർ ശാസ്ത്രീയമായ അന്വേഷണമായിരിക്കണം നടത്തേണ്ടത്. അന്വേഷണത്തിന് ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കണം. അന്വേഷണത്തിന് പ്രാകൃതരീതികൾ ഉപയോഗിക്കരുത്. സംഭവങ്ങളുടെ നിജസ്ഥിതി കണക്കിലെടുത്താവണം അന്വേഷണം. ഒരു തരത്തിലുമുള്ള ബാഹ്യസമ്മർദ്ദത്തിനും വഴങ്ങരുത്. പൊലീസുകാർക്ക് മൂല്യച്യുതി പാടില്ല. ക്രിമിനൽ-ബിനാമി-അനാശാസ്യ ബന്ധമുള്ളവരുമായി ഒരുതരത്തിലുമുള്ള അവിശുദ്ധബന്ധം പാടില്ലെന്നും നിർദ്ദേശിച്ചു.
ഇത്തരക്കാർക്കെതിരേ എസ്.പിമാർ മുഖംനോക്കാതെ നടപടിയെടുക്കണം. ഉത്തരവാദിത്വത്തിൽ നിന്നൊഴിയാൻ മേലുദ്യോഗസ്ഥർ ശ്രമിക്കരുത്. സൈബർ അന്വേഷണത്തിൽ കൂടുതൽ മെച്ചപ്പെട്ട സാങ്കേതികവിദ്യകൾ ഉപയോഗിക്കണം. തിരഞ്ഞെടുപ്പ് കാലത്ത് വർഗീയ സംഘർഷമുണ്ടാക്കാൻ ശ്രമമുണ്ടാവും. ഇതിനായുള്ള സൈബർ പ്രചാരണങ്ങളടക്കം മുൻകൂട്ടി കണ്ടെത്തി തടയണം. സൗഹാർദ്ദപരമായ അന്തരീക്ഷമാണെന്നുകരുതി അലസമായിരിക്കാതെ മുൻകരുതലായി നടപടികളെടുക്കണം. കേസുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പൊതുപ്രവർത്തകർക്കുമേൽ കാപ്പ (ഗുണ്ടാ നിയമം) ചുമത്തരുതെന്നും എസ്.പിമാരോട് ഡി.ജി.പി നിർദ്ദേശിച്ചു.

ഇന്ത്യയിൽ നിയമവാഴ്ചയാണുള്ളത്, ബുൾഡോസർ നീതിയല്ല -ചീഫ് ജസ്റ്റിസ് ഗവായ്

ന്യൂഡൽഹി: നിയമപരമാക്കിയതുകൊണ്ടുമാത്രം നീതിയുണ്ടാകണമെന്നില്ലെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്. ഇന്ത്യയിൽ നിയമവാഴ്ചയാണുള്ളത്, ബുൾഡോസർ നീതിയല്ലെന്നും മൗറീഷ്യസ് യൂണിവേഴ്സിറ്റിയിൽ നടത്തിയ പ്രഭാഷണത്തിനിടെ അദ്ദേഹം പറഞ്ഞു. "ഒരു കാര്യം നിയമവിധേയമാക്കിയതുകൊണ്ടുമാത്രം നീതികിട്ടിയെന്ന് പറയാനാകില്ലെന്നതിന് ചരിത്രത്തിൽ ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. അടിമത്തം മുതൽ ആദിവാസികളെ ലക്ഷ്യമിട്ടുള്ള കൊളോണിയൽ നിയമങ്ങൾവരെ അതിന് ഉദാഹരണമാണ്. നിയമവാഴ്ചയെന്നത് ഒരുകൂട്ടം നിയമങ്ങൾ മാത്രമല്ല, തുല്യതയും അന്തസ്സും ഉയർത്തിപ്പിടിക്കാനും വ്യത്യസ്തവും സങ്കീർണവുമായ സമൂഹത്തിൽ ഭരണത്തിന് മാർഗനിർദേശമേകാനുമുള്ള ധാർമികമായ ചട്ടക്കൂടാണതെന്നും'' ചീഫ് ജസ്റ്റിസ് പറഞ്ഞു. കുറ്റകൃത്യങ്ങളിൽ പ്രതികളായവരുടെ വീടുകൾ തകർത്തുകളയുന്ന 'ബുൾഡോസർ നീതി'ക്കെതിരേ 2024-ൽ താനിറക്കിയ വിധിയും ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി. ഭരണകൂടത്തിന് ജഡ്ജിയുടെ ജോലി നിർവഹിക്കാനാവില്ല. ഇന്ത്യൻ നിയമവ്യവസ്ഥ ബുൾഡോസർ നീതിയിലല്ല, നിയമവാഴ്ചയിൽ അധിഷ്ഠിതമാണ്. എല്ലാ സാഹചര്യത്തിലും യോജിക്കുന്ന ഒരൊറ്റ ഫോർമുലയായി നിയമവാഴ്ചയെ പരിഗണിക്കാനാവില്ല. ഓരോ സമൂഹത്തിനും അതിന്റേതായ പാരമ്പര്യവും കാഴ്ചപ്പാടുകളുമുണ്ട് -ഗവായ് പറഞ്ഞു.

സത്യം വദഃ ധർമ്മം ചരഃ

കേരള പ്രണാമം
editorialkeralapranamam@gmail.com

നേർ

“ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്” മഹാത്മാ ഗാന്ധി

അവഗണനമാത്രമായി തീർന്നു കേന്ദ്ര സഹായം

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിലെ മുണ്ടക്കൈ ചൂരൽമലയിലെ പുനരധിവാസത്തിനുള്ള കേന്ദ്ര സഹായത്തിൽ നിരാശയുടെയും ഉരുൾവീഴുകയാണ്. 2,221.02 കോടി രൂപ ചോദിച്ച കേരളത്തിനു കേന്ദ്രം അനുവദിച്ചത് 260.56 കോടി രൂപ മാത്രമാണെന്നത് അവഗണനയുടെ നേർചിത്രം വ്യക്തമാക്കുന്നുവെന്ന് ഈ നാട് സങ്കടത്തോടെ പറയുന്നു. ഉണ്ടായിരുന്നതെല്ലാം നഷ്ടപ്പെട്ടവർക്ക് ഈ ആഘാതംകൂടി താങ്ങാനാവുന്നതല്ല.

സമാനതകളില്ലാത്ത ദുരന്തമാണ് കഴിഞ്ഞവർഷം ജൂലൈ 30നു മുണ്ടക്കൈചൂരൽമല മേഖലയിലുണ്ടായത്. അതു കവർന്നത് 298 പേരുടെ ജീവനും അവിടെ ബാക്കിയായവരുടെ ജീവിതവുമാണ്. കൊടുംദുരന്തത്തിന്റെ കെടുതികളിൽനിന്ന് ഈ പ്രദേശത്തിനു കരകയറാൻ എത്ര സഹായം ലഭിച്ചാലും മതിയാവാത്ത സാഹചര്യമാണെങ്കിലും കേന്ദ്രത്തിന്റെ കൈത്താങ്ങിനു പ്രതീക്ഷിച്ച ബലമില്ലാതെപോയി. ഉരുൾപൊട്ടൽമേഖലയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ സന്ദർശനം ഏറെ പ്രതീക്ഷയോടെയാണു ദുരന്തബാധിതരും കേരളവും കണ്ടത്. എന്നാൽ, മറ്റു സംസ്ഥാനങ്ങളെ കേന്ദ്രം കയ്യയച്ചു സഹായിച്ചപ്പോഴും അർഹമായ സഹായം കേരളത്തിനു ലഭിച്ചില്ല. ഡിസംബറിൽ ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തമായി പ്രഖ്യാപിച്ചെങ്കിലും ഏറെ വൈകിയതിനാൽ സംസ്ഥാനത്തിനു ഗുണമില്ലാതെയും പോയി.

ത്രിപുരയിൽ ഉണ്ടായ ദുരന്തത്തിലടക്കം കേന്ദ്രസംഘം പരിശോധിക്കുന്നതിനു മുൻപുതന്നെ പണം അനുവദിച്ചുവെന്നും കൃത്യമായ മാനദണ്ഡമില്ലാതെയാണ് കേന്ദ്രം ധനസഹായം നൽകുന്നതെന്നും സംസ്ഥാന സർക്കാർ ആരോപിക്കുന്നു. 2022ലെ പ്രളയവുമായി ബന്ധപ്പെട്ട് 5,094 കോടി രൂപ ആവശ്യപ്പെട്ട അസമിന് 1,270 കോടി അനുവദിച്ച സ്ഥാനത്താണ് ഇപ്പോൾ കേരളത്തിനുള്ള 260.56 കോടി രൂപ.

കേന്ദ്രസഹായം വൈകുന്നതു ദുരിതബാധിതർക്കുള്ള ധനസഹായവിതരണമടക്കം പ്രതിസന്ധിയിലാക്കുമെന്നത് ആശങ്ക വർധിപ്പിക്കുന്നു. ജീവനോപാധി നഷ്ടമായ കുടുംബങ്ങൾക്കുള്ള പ്രതിദിനസഹായം തുടരണമെങ്കിൽ കേന്ദ്രസഹായം കൂടിയേ തീരൂ. ടൗൺഷിപ് സമയബന്ധിതമായി പൂർത്തിയാക്കൽ, കടം എഴുതിത്തള്ളൽ, തുടർചികിത്സാസഹായം, കുട്ടികൾക്കുള്ള വിദ്യാഭ്യാസസഹായം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ കേന്ദ്രത്തിന്റെ കൈത്താങ്ങ് ആവശ്യമായിരിക്കെ, ഇപ്പോഴത്തെ അവഗണനയുടെ ആഘാതശേഷി കൂടുതലാണ്.

ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്ന കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നു വ്യക്തമായ മറുപടി ഇനിയും ഉണ്ടായില്ല എന്നതും നിർഭാഗ്യകരമാണ്. ഭരണഘടന ഉറപ്പുനൽകുന്ന ഫെഡറൽ തത്വത്തിന്റെ താൽപര്യംകൂടി ഉൾപ്പെടുന്ന വിഷയമാണിതെന്നു കോടതി വാക്കാൽ അഭിപ്രായപ്പെട്ടിട്ടും അനിശ്ചിതത്വം തുടരുകയാണു കേന്ദ്രം. 35.30 കോടി രൂപയാണു 12 ദേശസാൽകൃത ബാങ്കുകളിൽ നിന്നായി ചൂരൽമല -മുണ്ടക്കൈ ദുരന്തബാധിതർ വായ്പയെടുത്തിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ചു ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്ന കാര്യത്തിൽ തീരുമാനമെടുക്കണമെന്നു നേരത്തേ ഡിവിഷൻ ബെഞ്ച് നിർദേശിച്ചിരുന്നു. വയനാട് ദുരന്തബാധിതരുടെ വായ്പകൾ കേരള ബാങ്ക് എഴുതിത്തള്ളിയതും ഹൈക്കോടതി ചൂണ്ടിക്കാട്ടുകയുണ്ടായി.

പുനരധിവാസം എത്രയും വേഗം സാധ്യമാക്കുകയെന്നതാണു മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതരുടെ ഏറ്റവും പ്രധാന ആവശ്യം. സമയബന്ധിതമായി ടൗൺഷിപ് പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പംതന്നെ ദുരന്തഭൂമിയുടെ പുനർനിർമാണവും വേഗത്തിലാക്കണം. അടിസ്ഥാനസൗകര്യങ്ങളെല്ലാം പുനഃസ്ഥാപിക്കാനും വൈകരുത്. ഇനിയുള്ള ഓ രോ ഘട്ടവും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ സംസ്ഥാന സർക്കാരിനു കഴിയണം.

അതേസമയം, ഇതുപോലുള്ള വൻദുരന്തത്തിൽനിന്നുള്ള പുനരുജ്ജീവനം സംസ്ഥാന സർക്കാരിനു തനിച്ചു നടപ്പാക്കാൻ കഴിയുന്നതല്ല. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാരിന്റെ നിർലോഭമായ സാമ്പത്തികസഹായം അനിവാര്യമാണ്. മറ്റു സംസ്ഥാനങ്ങൾക്ക് അടിയന്തരസഹായം അനുവദിച്ച മാതൃകയിൽത്തന്നെ ഫണ്ട് അനുവദിക്കുകയെന്നതു കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തം തന്നെ. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പാരസ്പര്യത്തിൽനിന്നേ ഈ മേഖലയ്ക്കു വീണ്ടും ജീവവായു നൽകാൻ കഴിയൂ. അതുകൊണ്ടുതന്നെ അർഹമായ സഹായം അനുവദിക്കാൻ കേന്ദ്ര സർക്കാർ ഇനിയും മടിച്ചുകൂടാ.

പാക് അധീന കാശ്മീർ ചർച്ചയാകുന്നു: കലിതുള്ളി പാക് പൊലീസ്

കറാച്ചി: പാക് അധീന കാശ്മീരിലെ അവകാശ ലംഘനങ്ങൾ അന്താരാഷ്ട്രതലത്തിൽ ചർച്ചയായ പിന്നാലെ, പാകിസ്ഥാനി പൊലീസിന്റെ അതിക്രമങ്ങൾക്കെതിരെ മനുഷ്യാവകാശ സംഘടനകൾ രംഗത്ത്. ഇസ്ലാമാബാദിലെ നാഷണൽ പ്രസ് ക്ലബ്ബിലുണ്ടായ പൊലീസ് അതിക്രമമാണ് പുതിയ വിവാദത്തിന് തിരികൊളുത്തിയത്. ക്ലബ്ബിലേക്ക് ഇരച്ചുകയറിയ പൊലീസ് അവിടെയുണ്ടായിരുന്ന മാദ്ധ്യമ പ്രവർത്തകരെയും പ്രതിഷേധക്കാരെയും മർദ്ദിച്ചു.

ക്യാമറയടക്കം പ്രസ് ക്ലബ്ബിലെ ഉപകരണങ്ങൾ അടിച്ചു തകർത്തു. പാക് അധീന കാശ്മീരിൽ പ്രതിഷേധത്തിന് നേതൃത്വം നൽകുന്ന അവാമി ആക്ഷൻ കമ്മിറ്റിയിലെ (എ.എ.സി) അഭിഭാഷക സംഘം സമാധാനപരമായി പ്രതിഷേധിക്കവെ ആയിരുന്നു പൊലീസിന്റെ അതിക്രമം.

ക്ലബ്ബിന് പുറത്താണ് പ്രതിഷേധം നടന്നതെന്നും പൊലീസുമായി ഏറ്റുമുട്ടിയ പ്രതിഷേധക്കാരിൽ ചിലർ ക്ലബ്ബിനുള്ളിലേക്ക് ഓടിക്കയറിയെന്നുമാണ് സർക്കാരിന്റെ വിശദീകരണം. എന്നാൽ മാദ്ധ്യമ പ്രവർത്തകരെ പോലും വെറുതെ വിടാതെ ക്ലബ്ബിനുള്ളിൽ പൊലീസ് ലാത്തിച്ചാർജ് നടത്തിയത് എന്തിനെന്നതിൽ മറുപടിയില്ല. ആക്രമണത്തെ ശക്തമായി അപലപിച്ച ഹ്യൂമൻ റൈറ്റ്സ് കമ്മിഷൻ ഒഫ് പാകിസ്ഥാൻ, അടിയന്തര നടപടി ആവശ്യപ്പെട്ടു.

അതേ സമയം, അടിസ്ഥാന അവകാശങ്ങൾക്കായി പാക് അധീന കാശ്മീരിലെ ജനങ്ങൾ നയിക്കുന്ന പ്രതിഷേധത്തിന് പരിഹാരം കാണാൻ സർക്കാരിന് ഇനിയും കഴിഞ്ഞിട്ടില്ല. സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ 12 സാധാരണക്കാർ കൊല്ലപ്പെട്ടു. സെപ്തംബർ 29നാണ് പ്രതിഷേധം തുടങ്ങിയത്. കാശ്മീരി അഭയാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുള്ള 12 നിയമസഭാ സീറ്റുകൾ റദ്ദാക്കണം, വൈദ്യുതിക്കും മറ്റും സബ്സിഡി നൽകണം തുടങ്ങിയ ആവശ്യങ്ങൾ ജനങ്ങൾ ഉന്നയിക്കുന്നു. മേഖലയിൽ ഇന്റർനെറ്റ്, ഫോൺ സേവനങ്ങൾ വിച്ഛേദിച്ചതിനെതിരെയും രോഷം ശക്തമാണ്.

ടി.ജെ.എസ്.ജോർജ്ജ്, അധികാരത്തിനു നേരെ തൊടുത്ത അസ്ത്രം

▸എം.ജി.രാധാകൃഷ്ണൻ



കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ പട്ടിക പരിശോധിക്കുകയാണെങ്കിൽ കേരളത്തിൽ നിന്ന് ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിൽത്തന്നെയും വ്യക്തിമുദ്ര പതിപ്പിച്ച ഒരു വലിയ സംഘം മാദ്ധ്യമ പ്രവർത്തകരിൽ പ്രമുഖനായിരുന്നു ടി.ജെ.എസ്. ജോർജ്ജ്. ബാരിസ്റ്റർ ജോർജ് ജോസഫ്, പോത്തൻ ജോസഫ്, എടത്തട്ട നാരായണൻ, ബി.ജി. വർഗീസ്... ഇങ്ങനെ ദേശീയതലത്തിൽ സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ പേരെടുത്ത സംഘത്തിൽപ്പെട്ട ഏറ്റവും അവസാനത്തെയാളാണ് ഇന്നലെ നമ്മെ വിട്ടുപോയ ടി.ജെ.എസ്. ഇക്കൂട്ടത്തിലുള്ള മറ്റൊരാളായിരുന്നു സമീപകാലത്ത് വിട്ടുപോയ ബി.ആർ.പി. ഭാസ്കർ. ബി.ആർ.പിയും ടി.ജെ.എസും കൂടി യാത്രപറഞ്ഞതോടെ സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് ദേശീയതലത്തിൽ പേരെടുത്തിരുന്ന പ്രമുഖ മാദ്ധ്യമ പ്രവർത്തകരുടെ ആ പ്രൗഢഗംഭീര നിര അവസാനിച്ചു എന്നുവേണമെങ്കിലും കരുതാം. ആ നിരയിലുള്ള മറ്റുള്ളവരെപ്പോലെ തന്നെ ധീരനായ മാദ്ധ്യമ പ്രവർത്തകനായിരുന്നു ടി.ജെ.എസ്. അധികാരികളെ ചോദ്യംചെയ്ത് അതിനുള്ള ശിക്ഷ ഏറ്റുവാങ്ങി, ബുദ്ധിമുട്ടുകളും പ്രതിസന്ധികളും അതിജീവിച്ച് അവസാനം വരെ തന്റെ വ്യക്തിമുദ്രയും സത്യസന്ധതയും കാത്തുസൂക്ഷിക്കുകയും നിലനിറുത്തുകയും ചെയ്തിരുന്നവരാണ് അവരെല്ലാം. വ്യക്തിപരമായി ആദർശധീരന്മാരായിരുന്നു ഇവരിൽ പലരും.

ടി.ജെ.എസ് വളരെ ചെറുപ്പത്തിൽത്തന്നെ ബീഹാറിൽ നിന്നുള്ള 'ദി സെർച്ച്‌ലൈറ്റ്' എന്ന പത്രത്തിന്റെ പത്രാധിപരാകുകയും വളരെ ശക്തമായ ലേഖനങ്ങളിലൂടെ അധികാരികളുടെ വിരോധം സമ്പാദിക്കുകയും ജയിലിലാവുകയും ചെയ്തിരുന്നു.സ്വാതന്ത്ര്യത്തിനു ശേഷം അധികാരികളെ ചോദ്യം ചെയ്തതിനും വിമർശിച്ചതിനും ജയിലിലായ അപൂർവം ചിലരിൽ ഒരാളായിരുന്നു ടി.ജെ.എസ് ജോർജ്ജ്. അത് അടിയന്തരാവസ്ഥയുടെ കാലത്തായിരുന്നില്ലെന്നും പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. പിന്നീട് അദ്ദേഹം വിദേശത്തു പോയി ബാങ്കോക്കിലും ഹോങ്കോംഗിലുമൊക്കെ 'ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യു'വിൽ പ്രവർത്തിച്ചു. അതിനുശേഷം അദ്ദേഹത്തിന്റെ പ്രധാന സംഭാവനയാണ് 'ഏഷ്യാ വീക്ക്' എന്ന അന്താരാഷ്ട്ര പ്രസിദ്ധീകരണം. ടൈം, ന്യൂസ് വീക്ക് എന്നീ ആഗോള പ്രശസ്തമായ മാഗസിനുകളോട് കിടപിടിക്കുന്നതും മികച്ചതുമായ ഒരു ഏഷ്യൻ പ്രസിദ്ധീകരണമായിരുന്നു 'ഏഷ്യാ വീക്ക്.' അതിന്റെ സ്ഥാപകനായിരുന്നു അദ്ദേഹം. അങ്ങനെ അന്താരാഷ്ട്ര മാദ്ധ്യമ രംഗത്തുതന്നെ ഒരു സ്ഥാപക പത്രാധിപനായ മലയാളിയായി അദ്ദേഹം മാറി!ഇതുകൂടാതെ 'ഇന്ത്യൻ എക്സ്പ്രസി'ൽ 25 വർഷത്തോളം 'പോയിന്റ് ഒഫ് വ്യൂ' എന്ന കോളം എഴുതിയിരുന്നു. 1997ൽ തുടങ്ങിയ പംക്തി രണ്ടുമൂന്നു വർഷത്തിനു മുമ്പു മാത്രമാണ് അദ്ദേഹം അവസാനിപ്പിച്ചത്. ഒരു മാദ്ധ്യമ പ്രവർത്തകൻ മാത്രമായിരുന്നില്ല, ഒന്നാന്തരം ഒരു ജീവചരിത്രകാരൻ കൂടിയായിരുന്നു അദ്ദേഹം. പന്ത്രണ്ടോളം പുസ്തകങ്ങൾ രചിച്ചു. തൊണ്ണൂറു വയസ് കഴിഞ്ഞപ്പോഴും വളരെ ആക്ടീവായി തന്റെ പ്രൊഫഷണൽ ജീവിതം തുടർന്നു. എം.എസ്. സുബ്ബുലക്ഷ്മി, നർഗീസ്, വി.കെ. കൃഷ്ണമേനോൻ തുടങ്ങിയ പ്രമുഖരുടെ ആധികാരികമായ ജീവചരിത്രം അദ്ദേഹം എഴുതിയിട്ടുണ്ട്. സിനിമ, രാഷ്ട്രീയം, സംഗീതം എന്നിങ്ങനെ വിവിധ മേഖലയിലുള്ളവരെക്കുറിച്ചും തന്റെ കോളത്തിൽ പരാമർശിക്കുമായിരുന്നു.ചാൾസ് ശോഭ്‌രാജിനെ പോലുള്ള ക്രിമിനലുകളെപ്പോലും ടി.ജെ.എസ് വിശദമായി പഠിച്ചിരുന്നു. ഏതു രംഗങ്ങളിലാണെങ്കിലും അസാധാരണമായ ജീവിതം നയിച്ചിരുന്ന വളരെ സങ്കീർണ വ്യക്തിത്വങ്ങളെക്കുറിച്ചും അദ്ദേഹം വിലയിരുത്തിപ്പോന്നു. യാതൊരുവിധ ഒത്തുതീർപ്പിനും വഴങ്ങാത്ത രാഷ്ട്രീയ നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. ഏതെങ്കിലും കക്ഷിരാഷ്ട്രീയത്തോട് ചേർന്നുനിൽക്കുന്ന ഒന്നായിരുന്നില്ല അത്. സ്വാതന്ത്ര്യത്തിനും മനുഷ്യാവകാശത്തിനും അഭിപ്രായ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള അതിശക്തമായ നിലപാടുകളാണ് ടി.ജെ.എസ് സ്വീകരിച്ചത്. അങ്ങനെയാണ് അദ്ദേഹം അധികാരികളുടെ ശക്തനായ വിമർശകനായതും!

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെയും ഗാന്ധി കുടുംബത്തെയും അദ്ദേഹം അതിശക്തമായി വിമർശിച്ചിരുന്നു. അവരുടെ അമിതാധികാരത്തിനു നേരെയായിരുന്നു ആ വിമർശനം. അതുപോലെ വിമർശിക്കപ്പെട്ടിട്ടുള്ളയാളാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയും. ആരുടെയും മുഖത്തുനോക്കി സത്യം പറയാനും ധൈര്യത്തോടെ സംസാരിക്കാനും എഴുതാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് പറയാതിരിക്കാനാവില്ല. സ്വയം ഹീറോയാകുന്ന പ്രവണതയോട് കടുത്ത വിയോജിപ്പാണ് ടി.ജെ.എസ് എന്നും പ്രകടിപ്പിച്ചത്.

എന്റെ അച്ഛന്റെയും ഹോങ്കോംഗിൽ പത്രാധിപരായിരുന്ന അനുജൻ എസ്.പി. ഗോപാലൻ, എം.പി. നാരായണപിള്ള എന്നിവരുടെയെല്ലാം അടുത്ത സുഹൃത്ത്. ടി.ജെ.എസുമായി വ്യക്തിപരമായും കുടുംബപരമായും വലിയ അടുപ്പമാണ് എനിക്കുള്ളത്. അടുത്ത ബന്ധുവിനെപ്പോലെയായിരുന്നു എന്നും അദ്ദേഹം. ഞങ്ങളുടെ കുടുംബത്തിലെ എല്ലാ ചടങ്ങുകൾക്കും ടി.ജെ.എസും ഭാര്യ അമ്മു ജോർജും എത്തി. ആ സൗഹൃദവും ബന്ധുത്വത്തിലും കവിഞ്ഞ ബന്ധവും ഇനി ഓർമ്മയാണല്ലോ എന്നോർക്കുമ്പോൾ.... വിലയേറിയ ഒന്ന് യാത്രയിൽ നഷ്ടമായതു പോലെ.

രജതജൂബിലി നിറവിൽ ബിഎസ്എൻ.എൽ, അതിജീവിച്ചു; മുന്നേറാൻ ഇനിയും അധികദൂരം

▸വി.എ.എൻ.നമ്പൂതിരി

ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബി.എസ്.എൻ.എൽ) ഇക്കഴിഞ്ഞ ബുധനാഴ്ച സേവനത്തിന്റെ 25 വർഷം പൂർത്തിയാക്കിയിരിക്കുന്നു. രാഷ്ട്രത്തിനും ജനങ്ങൾക്കും മികച്ച സേവനം നൽകുമ്പോഴും നിലനിൽപ്പിനായുള്ള പോരാട്ടത്തിന്റെ കാലഘട്ടമാണ് കടന്നുപോയത്. 2000 ഒക്ടോബർ ഒന്നിന് ടെലികോം വകുപ്പിന്റെ (ഡിഒടി) ആസ്ഥാനമായ സഞ്ചാർ ഭവനിലെ വിശാലമായ പുൽത്തകിടിയിൽ നടന്ന ചടങ്ങിൽ, ബിഎസ്.എൻഎൽ രൂപീകരണം പ്രഖ്യാപിച്ചുകൊണ്ട്, അന്നത്തെ ടെലി കമ്മ്യൂണിക്കേഷൻസ് മന്ത്രി റാം വിലാസ് പാസ്വാൻ പറഞ്ഞത് ലോകത്തിലെ ആറാമത്തെ വലിയ ടെലികോം കമ്പനിയായ ബിഎസ്.എൻഎല്ലിനെ ഒന്നാം സ്ഥാനത്തേക്ക് എത്തിക്കുമെന്നാണ്! ബിഎസ്.എൻഎല്ലും അതിന്റെ 3.5 ലക്ഷം തൊഴിലാളികളും ആ കഠിന ദൗത്യത്തിന് പ്രതിജ്ഞാബദ്ധരുമായിരുന്നു.

എന്നാൽ, സ്വകാര്യവത്കരണ, ആഗോളവത്കരണ, ഉദാരവത്കരണ നയത്തിന് അനുസൃതമായി, വൻ ലാഭമുണ്ടാക്കുന്ന ടെലികോം സേവനങ്ങൾ സ്വകാര്യവത്കരിക്കാനായിരുന്നു സർക്കാരിന്റെ നീക്കം. അതുവഴി കോർപ്പറേറ്റുകൾക്ക് വൻ ലാഭം കൊയ്യാനാകും, ഒരു സർക്കാർ വകുപ്പ് നേരിട്ട് സ്വകാര്യവത്കരിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ, അതിനെ പൊതുമേഖലാ സ്ഥാപനമാക്കുകയും അതുവഴി സ്വകാര്യവത്കരണ പാതയിലേക്ക് എത്തിക്കാനും സർക്കാർ പദ്ധതിയിട്ടു. പരമാവധി പത്തു വർഷത്തിനകം ബിഎസ്.എൻഎല്ലിന്റെ സ്വകാര്യവത്കരണമായിരുന്നു സർക്കാരിന്റെ ലക്ഷ്യം.ഗൂഢാലോചന

വെറുതെയായി

2ജിയും മറ്റ് ഉയർന്ന സാങ്കേതികവിദ്യകളും ബി.എസ്.എൻ.എല്ലിന് നൽകാതിരിക്കുക, 40,000 കോടിയിലധികം രൂപയുടെ ബാങ്ക് ബാലൻസ് പല കാരണങ്ങൾ പറഞ്ഞ് കൈക്കലാക്കുക, സേവനം മെച്ചപ്പെടുത്താതിരിക്കാൻ തടസങ്ങൾ സൃഷ്ടിക്കുക, സ്വകാര്യ കമ്പനികൾക്ക് എല്ലാ ആനുകൂല്യങ്ങളും നൽകുക എന്നിങ്ങനെ സമർത്ഥമായി ആസൂത്രണം ചെയ്തവയായിരുന്നു ഗൂഢ പദ്ധതികൾ. പ്രശസ്തമായ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്തതു പോലെ, ഈ ഗൂഢാലോചനയും വിജയിക്കുമായിരുന്നു- പക്ഷേ സർക്കാർ ഒരു പ്രധാന ഘടകം കണക്കിലെടുക്കാൻ മറന്നു- 3.5 ലക്ഷം എക്സിക്യൂട്ടീവുകളെയും നോൺ- എക്സിക്യൂട്ടീവുകളെയും അവരുടെ ശക്തമായ സംഘടനകളെയും!

സേവനതല്പരരായ യൂണിയനുകൾ കമ്പനിയുടെ നിലനിൽപ്പിനും പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനും വേണ്ടി ഐക്യത്തോടെ പോരാടി. എക്സിക്യൂട്ടീവുകളുടെ (ചിലപ്പോൾ ഐ.ടി.എസ് ഉദ്യോഗസ്ഥരുടെ പോലും) അസോസിയേഷനുകൾ മറ്റ് സ്ഥാപനങ്ങളിൽ അപൂർവമായി മാത്രം കാണാൻ കഴിയുന്ന രീതിയിൽ സമരങ്ങളുടെ മുൻപന്തിയിൽ നിന്നു. നിരവധി പണിമുടക്കുകളും തുടർച്ചയായ പ്രക്ഷോഭങ്ങളും ഭരണാധികാരികളുടെ ഗൂഢാലോചനയെ പരാജയപ്പെടുത്തി. നിരവധി ആവശ്യങ്ങൾ അംഗീകരിക്കാൻ സർക്കാർ നിർബന്ധിതമായി. ജീവനക്കാർക്ക് സൗജന്യ ഓഹരികൾ നൽകുമെന്ന ഉദാരമായ വാഗ്ദാനം ഉണ്ടായിരുന്നിട്ടും, ഓഹരികൾ വിൽക്കാനുള്ള പദ്ധതിയെ തൊഴിലാളികൾ പരാജയപ്പെടുത്തി. പെൻഷൻ ബാദ്ധ്യത സർക്കാരിന്നു തന്നെ ഏറ്റെടുക്കേണ്ടിവന്നു. ടെലികോം ഫാക്ടറികൾ വിൽക്കുന്നത് പരാജയപ്പെടുത്തി. വി.ആർ.എസ് നടപ്പാക്കാനുള്ള നീക്കം തുടർച്ചയായി പരാജയപ്പെടുത്തിയതിനു പുറമേ, 2007-ൽ കുറഞ്ഞ ഫിറ്റ്മെന്റോടെ വേതന പരിഷ്കരണം അടിച്ചേല്പിക്കാനുള്ള നീക്കവും തടഞ്ഞു.

എന്നാൽ ഭരണവർഗത്തിന് അതിന്റേതായ ലക്ഷ്യങ്ങളും മാർഗങ്ങളുമുണ്ട്. കൊവിഡ് കാലഘട്ടം, ശമ്പളമില്ലാ ഭീഷണി, കമ്പനിയുടെ നഷ്ടം, 4ജി ഇല്ല, 5ജി ഇല്ല... ആദ്യമായി 80,000-ത്തോളം തൊഴിലാളികൾക്ക് വി.ആർ.എസ് അല്ലെങ്കിൽ സി.ആർ.എസ് തന്ത്രപരമായി നടപ്പിലാക്കി. ഈ കടന്നാക്രമണങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും തൊഴിലാളികൾ പൊതുമേഖലാ സ്ഥാപനത്തിനും രാജ്യത്തിനും വേണ്ടി നിലകൊണ്ടു. അവർ സ്ഥാപനം മെച്ചപ്പെടുത്താൻ പ്രതിജ്ഞാബദ്ധരായിരുന്നു.

പ്രതീക്ഷയുടെ ജൂബിലി

ഇപ്പോൾ 4ജി ആരംഭിച്ചെങ്കിലും മികച്ച സർവീസ് ലഭ്യമാകാൻ കുറച്ച് സമയമെടുത്തേക്കാം. വേതന പരിഷ്കരണ ചർച്ച അവസാന ഘട്ടത്തിലാണ്. വളരെ തുച്ഛമാണെങ്കിലും ബി.എസ്.എൻ.എൽ ലാഭം നേടാൻ തുടങ്ങിയിരിക്കുന്നു. ഇവ സ്വാഗതാർഹമായ സൂചനകളാണ്. എന്നാൽ തുടർച്ചയായ ജാഗ്രതയും കരുതലും ആവശ്യമാണ്. ഈ ഘട്ടത്തിലാണ് ബി.എസ്.എൻ.എല്ലും അതിലെ തൊഴിലാളികളും രജത ജൂബിലി ആഘോഷിക്കുന്നത്. സർക്കാരിന്റെ പുതിയ വാഗ്ദാനങ്ങളെ മുൻകാല അനുഭവങ്ങളിലൂടെ വിലയിരുത്തി, ആക്രമണങ്ങൾ തുടർന്നാൽ ചെറുക്കാനും അവയെ പരാജയപ്പെടുത്താനും തയ്യാറായി, രാഷ്ട്രസേവനം തുടരാനും നീതി ലഭിക്കാനും തൊഴിലാളികളും അവരുടെ സംഘടനകളും ജാഗ്രത പാലിക്കേണ്ടതുണ്ട്.

ദേശീയമായി വികസിപ്പിച്ച 4ജി സാങ്കേതികവിദ്യ ബി.എസ്.എൻ.എൽ രജത ജൂബിലി ആഘോഷവേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സമർപ്പിച്ചത് സ്ഥാപനത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ഊർജ്ജം പകരുന്നതാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എല്ലിന് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന ശക്തമായ കരുതലും പിന്തുണയുമാണ് ഈ ജൂബിലി ആഘോഷ നിറവിലും സ്ഥാപനത്തെ മുന്നോട്ടു നയിക്കുന്നതെന്ന് ജീവനക്കാർ നന്ദിയോടെ തിരിച്ചറിയുന്നു.

(ബി.എസ്.എൻ.എൽ എംപ്ലോയീസ് യൂണിയൻ സ്ഥാപക ജനറൽ സെക്രട്ടറിയും, ബി.എസ്.എൻ എൽ ഡി.ഒ.ടി. പെൻഷനേഴ്സ് അസോസിയേഷൻ അഖിലേന്ത്യാ രക്ഷാധികാരിയുമാണ് ലേഖകൻ)

വിദ്യാർത്ഥികൾ സമ്മർദമില്ലാതെ പഠിക്കട്ടെ

വിദ്യാർത്ഥികളിൽ പഠന വൈകല്യങ്ങൾ വിവിധ രീതിയിലാണ് കണ്ടുവരുന്നത്. പഠിക്കാൻ ബുദ്ധിമുട്ട്, വായിച്ചാൽ മനസിലാക്കാനുള്ള വിഷമം, തുടർച്ചയായി വായിക്കാനുള്ള ക്ഷമയില്ലായ്മ, മൈഗ്രെൻ, വിട്ടുമാറാത്ത തലവേദന, ഉറക്കക്കുറവ്, സ്വഭാവത്തിലുള്ള വ്യതിയാനം, സുഹൃത്ബന്ധങ്ങൾ ഉപേക്ഷിക്കുക, പരീക്ഷകളിൽ മാർക്ക് കുറവ്, ക്ലാസിൽ ശ്രദ്ധിക്കാതിരിക്കുക മുതലായവ പഠന വൈകല്യത്തിന്റെ ലക്ഷണങ്ങളാണ്. അകാരണമായ സ്ട്രെസ് അഥവാ മാനസിക പിരിമുറുക്കമാണ് ഇതിനു വഴിയൊരുക്കുന്നത്. ഇത് ശരിയായ രീതിയിൽ കൈകാര്യം ചെയ്തില്ലെങ്കിൽ ഉറക്കക്കുറവിനും മാനസിക രോഗങ്ങൾക്കും ഇടവരുത്തും.

സ്ട്രെസ് മാനേജ്മെന്റ്

വിദ്യാർത്ഥികളുടെ മേൽ താങ്ങാവുന്നതിലധികം പഠനഭാരം കൊടുക്കരുത്. ഇതിന് രക്ഷിതാക്കളും, വിദ്യാർത്ഥികളും അദ്ധ്യാപകരും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരുമിച്ച് പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

രക്ഷിതാക്കൾ വിദ്യാർത്ഥികളുടെ മേൽ അമിതമായ പഠനഭാരം അടിച്ചേൽപ്പിക്കരുത്. അകാരണമായ ഭീതിപ്പെടുത്താൽ, പരീക്ഷകളെക്കുറിച്ചുള്ള നിരന്തരമായ ഓർമ്മപ്പെടുത്താൽ, എല്ലായ്പ്പോഴും പഠിക്കാനുള്ള പ്രേരണ എന്നിവ ഒഴിവാക്കണം. മറ്റു വിദ്യാർത്ഥികളുമായുള്ള താരതമ്യം ഉപേക്ഷിക്കണം.

അദ്ധ്യാപകർ വിദ്യാർത്ഥികളുടെ സ്വഭാവം വിലയിരുത്തിയുള്ള പഠനത്തിന് പ്രാമുഖ്യം നൽകണം. പരീക്ഷാപ്പേടി പരിഹരിക്കാനുള്ള ശ്രമം അദ്ധ്യാപകരുടെ ഭാഗത്തുനിന്നുണ്ടാകണം. വിദ്യാർത്ഥികളെ പരീക്ഷയുടെ പേരിൽ ഭീതിപ്പെടുത്തുന്ന പ്രവണതയും ഒഴിവാക്കണം.

ചിട്ടയോടെയുള്ള പഠനവും ജീവിതവും

ചിട്ടയോടെയുള്ള പഠനത്തിന് പ്രാധാന്യം നൽകണം. പരീക്ഷ അടുക്കുമ്പോഴുള്ള അടിയന്തിര പഠനം സ്ട്രെസ് വിളിച്ചു വരുത്തും. വിദ്യാർത്ഥി ദിവസേന 6 മണിക്കൂറെങ്കിലും ഉറങ്ങണം. രാത്രി മുഴുവൻ മൊബൈൽ ഫോണിലൂടെ സോഷ്യൽ മീഡിയയിലും ഗെയിമിലും സമയം കളയുന്ന ശീലമുണ്ടെങ്കിൽ ഒഴിവാക്കണം.

ലഹരി വസ്തുക്കൾ ഉപേക്ഷിക്കാനും, മികച്ച സുഹൃത്ബന്ധങ്ങൾ സ്ഥാപിക്കാനും വിദ്യാർത്ഥിയെ പ്രേരിപ്പിക്കണം. കളിക്കാനും, പഠിക്കാനും ടി.വി കാണാനും പത്രം വായിക്കാനുമെല്ലാം സമയം നീക്കിവയ്ക്കണം.

പ്രവേശന പരീക്ഷകൾ

എൻട്രൻസുകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾ വലിയ ടെൻഷൻ അനുഭവിക്കുന്നവരാണ്. മിക്ക കോച്ചിംഗ് കേന്ദ്രങ്ങളും ഇതിനു പ്രേരിപ്പിക്കുന്നുമുണ്ട്. എൻട്രൻസ് താല്പര്യമില്ലാത്ത വിദ്യാർത്ഥികളെ നിർബന്ധിച്ചു കോച്ചിംഗിനു വിടരുത്.

വിദ്യാർത്ഥിയുടെ കഴിവും കഴിവുകേടും വിലയിരുത്തണം. താല്പര്യം, അഭിരുചി, ലക്ഷ്യം എന്നിവയ്ക്ക് പ്രാധാന്യം നൽകണം. താങ്ങാൻ പറ്റാത്ത കോഴ്സുകളെടുക്കരുത്. വിദേശ പഠനത്തിന് വിദ്യാർത്ഥികളെ അകാരണമായി പ്രേരിപ്പിക്കരുത്. തുടർച്ചയായി പഠന വൈകല്യങ്ങൾ കാണിക്കുന്ന വിദ്യാർത്ഥികളെ കൗൺസിലിംഗിനു വിധേയമാക്കണം.

കേരള പ്രണാമം

സ്വർണവാതിൽപ്പാളി ഘോഷയാത്ര തുടങ്ങിയത് ഇളമ്പള്ളിയിൽ നിന്ന്

കോട്ടയം: ശബരിമലയിലെ സ്വർണ വാതിൽപ്പാളി ഘോഷയാത്ര 2019ൽ പുറപ്പെട്ടത് പള്ളിക്കത്തോട് ഇളമ്പള്ളി ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിൽ നിന്ന് വൻ ആഘോഷമായി. സ്ഥലം എം.എൽ.എകൂടിയായ ഗവ. ചീഫ് വിപ്പ് ഡോ.എൻ.ജയരാജും നടൻ ജയറാമും അന്നത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാറും ഉൾപ്പെടെ ചടങ്ങിൽ പങ്കെടുത്തിരുന്നു. വാതിലിനു വേണ്ടിയുള്ള തേക്ക് തടിയും ഇളമ്പള്ളിയിൽ നിന്നാണ് കൊണ്ടുപോയത്. ചടങ്ങുകൾ നടത്തിയത് ദേവസ്വം ബോർഡിന്റെ അനുമതിയോടെയാണെന്ന് ഇളമ്പള്ളി ശ്രീധർമ്മ ശാസ്താ ക്ഷേത്രം ഉപദേശക സമിതി പ്രസിഡന്റ് ഉണ്ണികൃഷ്ണൻ നായർ പറഞ്ഞു. പതിനെട്ടാം പടിക്ക് ഇരുവശങ്ങളിലുമുള്ള 120 കിലോ വരുന്ന രണ്ട് മണികൾ പള്ളിക്കത്തോട് സ്വദേശികളായ രണ്ട് പേരാണ് 2017ൽ സ്പോൺസർ ചെയ്തത്. അന്നും ക്ഷേത്രത്തിൽ നിന്നായിരുന്നു ഘോഷയാത്ര. ഈ ബന്ധമാണ് ഉണ്ണികൃഷ്ണൻ പോറ്റിയുമായി ക്ഷേത്രോപദേശക സമിതിയെ

കൂടുതൽ അടുപ്പിച്ചത്. പള്ളിക്കത്തോട് സ്വദേശികളായ അജികുമാർ, സി.കെ. വാസുദേവൻ എന്നിരുടെ ഇടപെടലിൽ വാതിലിനുള്ള തടിയും ക്ഷേത്ര പരിസരത്ത് നിന്നാണ് കൊണ്ടുപോയത്. തടി ഗുരുവായൂരിൽ എത്തിച്ച് നന്ദനാചാരി എന്ന തച്ചൻ വാതിൽ പണിതു. 2019 മാർച്ച് 11നായിരുന്നു ഘോഷയാത്രാ ചടങ്ങുകൾ. രാവിലെ ആറോടെയാണ് ഇളമ്പള്ളി ക്ഷേത്രത്തിൽ എത്തിച്ചത്. അമ്പലപ്പുഴ പേട്ടതുള്ളൽ സംഘത്തിന്റെ രഥമാണ് ഘോഷയാത്രയ്ക്ക് ഒരുക്കിയത്. ഏത് അന്വേഷണത്തോടും സഹകരിക്കും ക്ഷേത്രത്തിന് പ്രശസ്തിയുണ്ടാകുമെന്ന പ്രതീക്ഷയിലാണ് ചടങ്ങുകൾ സംഘടിപ്പിച്ചത്. ദേവസ്വം ബോർഡിന്റെ അനുമതി രേഖാമൂലം വാങ്ങിയിരുന്നു. ഇതിന്റെ പേരിൽ ഉണ്ണികൃഷ്ണൻ പോറ്റിയോ മറ്റോ നാട്ടിൽ പണപ്പിരിവ് നടത്തിയതായി അറിയില്ല. പൂജയ്ക്കും നോട്ടീസിനും ചടങ്ങിനും ഉൾപ്പെടെയുള്ള ചെലവ് നടത്തിയത് ഉപദേശക സമിതിയാണ്. നാട്ടിലെ ആരിൽ നിന്നും പണം വാങ്ങിയിട്ടില്ല. ശബരിമലയുമായി ഏറെ അടുപ്പമുള്ള ക്ഷേത്രമാണ് ഇളമ്പള്ളിയിലേത്. വിവാദത്തിൽ സങ്കടമുണ്ട്. സത്യം അയ്യപ്പൻ വെളിച്ചത്തുകൊണ്ടുവരും. അന്വേഷണത്തോട് പൂർണമായും സഹകരിക്കും. ഇളമ്പള്ളി ശ്രീധർമ്മ ശാസ്താ ക്ഷേത്രം ഉപദേശക സമിതി പ്രസിഡന്റ് ഉണ്ണികൃഷ്ണൻ നായർ പറഞ്ഞു

മോദി 'ആധുനിക രാവണനെന്ന് കോൺ.നേതാവ് പ്രതിഷേധിച്ച് ബി.ജെ.പി

ന്യൂഡൽഹി:പ്രധാനമന്ത്രി നരേന്ദ്ര മോദിയെ രാവണനുമായി ഉപമിച്ച കോൺഗ്രസ് നേതാവ് ഉദിത് രാജിനെതിരെ ബി.ജെ.പി രംഗത്ത്.പരാമർശം പരിധികൾ ലംഘിക്കുന്നതാണെന്ന് ബി.ജെ.പി നേതാക്കൾ ചൂണ്ടിക്കാട്ടി.ഡൽഹിയിലെ രാവണനെ കത്തിക്കണമെന്ന ശിവസേന നേതാവ് സഞ്ജയ് റൗത്തിന്റെ പ്രസ്താവന ഏറ്റുപിടിച്ചാണ് ഉദിത് രാജിന്റെ വിമർശനം.മോദി ആധുനിക രാവണനാണെന്നും ഡൽഹിയിലെ രാവണനെ കത്തിക്കാനുള്ള ദിവസം അടുത്തെന്നുമാണ് ഉദിത് രാജ് പറഞ്ഞത്.പ്രധാനമന്ത്രി മോദിക്ക് അധികകാലം തുടരാനാകില്ലെന്നും അദ്ദേഹം കെട്ടിപ്പടുത്ത കൊട്ടാരത്തിന് വൈകാതെ തീപിടിക്കുമെന്നും ഉദിത് രാജ് പറഞ്ഞു. മോദി വിരുദ്ധതയും ഇന്ത്യാ വിരുദ്ധതയുമാണ് ഇപ്പോൾ കോൺഗ്രസ് നേതാക്കളുടെ പതിവെന്ന് ബി.ജെ.പി വക്താവ് ഷെഹ്സാദ് പൂനവാല കുറ്റപ്പെടുത്തി.ഒരു വശത്ത് മോദി കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് അന്വേഷിക്കുന്നു.മറുവശത്ത് രാഹുൽ ഗാന്ധി പ്രധാനമന്ത്രിക്കെതിരെ പറയുന്നു.സ്നേഹത്തിന്റെ കട വിദ്വേഷത്തിന്റെ കൂട്ടമായി മാറിയെന്നാണ് ഇത് വ്യക്തമാക്കുന്നത്.അതുകൊണ്ടാണ് അവർ എപ്പോഴും തിരഞ്ഞെടുപ്പ് കമ്മീഷനെയും ഇന്ത്യയെയും സനാതന സംസ്കാരത്തെയും ആക്രമിക്കുന്നതെന്നും പൂനവാല പറഞ്ഞു.

മുംബയ് ഭീകരരെ നേരിട്ട മുൻ കമാൻഡോ ഇന്ന് കഞ്ചാവ് കടത്ത് തലവൻ

ന്യൂഡൽഹി: 2008ലെ മുംബയ് ഭീകരാക്രമണ വിരുദ്ധ ഓപ്പറേഷനിൽ പങ്കെടുത്ത എൻ.എസ്.ജി കമാൻഡോ ബജ്റംഗ് സിംഗ് 200 കിലോ കഞ്ചാവുമായി രാജസ്ഥാനിൽ അറസ്റ്റിൽ. തെലങ്കാനയിൽ നിന്നും ഒഡീഷയിൽ നിന്നും രാജസ്ഥാനിലേക്ക് കഞ്ചാവ് കടത്തുന്ന സംഘത്തിലെ പ്രധാനിയാണ് ബജ്റംഗ് സിംഗെന്ന് പൊലീസ് പറഞ്ഞു.രാജസ്ഥാൻ ആന്റി ടെററിസ്റ്റ് സ്ക്വാഡും ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സും ചേർന്ന് നടത്തിയ ഓപ്പറേഷനിലാണ് പിടിയിലായത്. സിക്കർ ജില്ലയിൽ താമസിക്കുന്ന സിംഗ് പൊലീസിന്റെ നിരീക്ഷണത്തിലായതോടെ ഒളിവിൽ പോയി. ഇയാളെ പിടികൂടാൻ 25,000 രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. വിദൂര ഗ്രാമങ്ങളിൽ ഒളി

വിൽ കഴിഞ്ഞും വ്യാജ സിം കാർഡുകൾ ഉപയോഗിച്ചും രണ്ട് മാസത്തോളം അറസ്റ്റിൽ നിന്ന് രക്ഷപ്പെട്ടു.

മികച്ച ഭടൻ; നാട്ടിൽ തിരിച്ചെത്തി വില്ലൻ?

പത്താം ക്ലാസിന് ശേഷം ബജ്റംഗ് ബി.എസ്.എഫിൽ ചേർന്നു. മികവിനെത്തുടർന്ന് എൻ.എസ്.ജിയിലെക്ക് തിരഞ്ഞെടുക്കപ്പെട്ടു. 7 വർഷം കമാൻഡോ 2021ൽ സർവീസിൽ നിന്ന് പിരിഞ്ഞ് നാട്ടിൽ തിരിച്ചെത്തി. ഒരു പ്രാദേശിക പാർട്ടിയിൽ ചേർന്ന് ഭാര്യയെ തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിപ്പിച്ചെങ്കിലും പരാജയപ്പെട്ടു പാർട്ടി ബന്ധം മയക്കുമരുന്ന്, കള്ളക്കടത്ത് ലോബിയുമായി അടുപ്പിച്ചു. ഒഡീഷ, തെലങ്കാന മയക്കുമരുന്ന് വില്പന സംഘത്തിന്റെ വിശ്വസ്തനായി മാറുകയും ചെയ്തു

പടനിലത്തെ പകൽപ്പൂരത്തിന് പതിനായിരങ്ങൾ സാക്ഷി

ഓച്ചിറ: പടനിലത്ത് പതിനായിരങ്ങളെ സാക്ഷിയാക്കി ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ ഇരുപത്തിയെട്ടാം ഓണാഘോഷം അരങ്ങേറി. ഇന്നലെ രാവിലെ മുതൽ ഓണാട്ടുകരയിലെ ഗ്രാമീണ മേഖല ഉത്സവ ഭരിതമായിരുന്നു. ഉച്ചയ്ക്ക് ഒന്നിന് ശേഷമാണ് അലങ്കരിച്ച് ഒരുക്കിയ കെട്ടുരുപ്പടികൾ ഓച്ചിറയിലേക്ക് പുറപ്പെട്ടത്.

വിവിധ തരം വാദ്യമേളങ്ങൾ, മുത്തുക്കുടകൾ, നാടൻ കലാരൂപങ്ങൾ എന്നിവയുടെ അകമ്പടിയോടെ നൂറ് കണക്കിന് യുവാക്കൾ ചേർന്നാണ് കെട്ടുരുപ്പടികളെ ക്ഷേത്രത്തിലേക്ക് ആനയിച്ചത്. അഞ്ചിഞ്ച് മാത്രം ഉയരമുള്ള ലോഹ നിർമ്മിത കെട്ടുകാളകൾ മുതൽ അംബരചുംബികളായ അതിശയ കാഴ്ചകൾ വരെയാണ് പടനിലത്തെ പകൽപ്പൂരത്തെ വർണാഭമാക്കിയത്. ജില്ലാ ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ ശക്തമായ പൊലീ



സ് നിയന്ത്രണത്തിലായിരുന്നു ഉത്സവം.

തലയെടുപ്പോടെ കാലഭൈരവനും ഓണാട്ട് കതിരവനും

ഉയരം, കെട്ടുഭംഗി, നെറ്റിപ്പട്ടം, ശിരസുകളുടെ ശിൽപ്പ ചാതുര്യം തുടങ്ങി ഓരോ കെട്ടുരുപ്പടികളും വ്യത്യസ്തത പുലർത്തി. അറുപത്തിനാലടി ഉയരമുള്ള ഞക്കനാൽ കരയിലെ കാലഭൈരവൻ, അറുപത് അടി ഉയരമുള്ള കൃഷ്ണപുരം കരയിലെ ഓണാട്ട് കതിരവൻ എന്നിവ ഇത്തവണയും മികവ് നേടി. മുപ്പത് മുതൽ നാൽപ്പത് അടി വരെ ഉയരമുള്ള പത്തൊൻപതും ഇരുപത് മുതൽ മുപ്പത് അടി വരെ ഉയരമുള്ള അൻപതും പതിനഞ്ചടിക്ക് മുകളിൽ ഉയരമുള്ള മുപ്പത്തി അഞ്ചിൽപ്പരം കെട്ടുരുപ്പടികളും പകൽപ്പൂരത്തിന് മാറ്റ് കൂട്ടി.

കരകൾ–52

അണിനിരന്ന കെട്ടുകാളകൾ–200 ഓളം

ഗവർണറുടെ വി.സിമാർക്ക് സർക്കാരിന്റെ പണപ്പൂട്ട് താത്കാലികക്കാർക്ക് അധികാരമില്ലെന്ന് ലോക്കൽ ഓഡിറ്റ് വിഭാഗം

തിരുവനന്തപുരം: ഗവർണർ നിയമിച്ച വൈസ്ചാൻസലർമാർ ഔദ്യോഗിക വാഹനവും വസതിയും ഉപയോഗിക്കുന്നതിനും യാത്രാബത്ത എഴുതിയെടുക്കുന്നതിനും തടയിട്ട് സർക്കാർ. ലോക്കൽ ഫണ്ട് ഓഡിറ്റ്വിഭാഗം ഇത്തരം ബില്ലുകളിലും ധനവിനിയോഗത്തിലും എതിർപ്പ് ഉന്നയിക്കുകയാണ്. ഗവർണർ നിയമിച്ച ഇവർ താത്കാലിക വി.സിമാരാണെന്നും സ്ഥിരം വി.സിമാർക്കുള്ള സാമ്പത്തിക അധികാരം ഉപയോഗിക്കാനാവില്ലെന്നുമാണ് നിലപാട്. വി.സിയെന്ന നിലയിൽ വിദേശയാത്രകൾ നടത്തുന്നതിനും ഓഡിറ്റ്വിഭാഗം എതിർപ്പുന്നയിച്ചിട്ടുണ്ട്. സർവകലാശാലകളിൽ പത്തുവർഷത്തിലേറെ പരിചയമുള്ള പ്രൊഫസർമാരെയാണ് ഗവർണർ വി.സിയായി നിയമിച്ചിട്ടുള്ളത്. ഇവർക്ക് തുടർന്നും ശമ്പളം നൽകുന്നത് മാതൃസർവകലാശാലയാണ്. എന്നാൽ, അവിടത്തെ വിരമിക്കൽ പ്രായമായാൽ പിന്നീടുള്ള ശമ്പളം നൽകേണ്ടത് വി.സി പദവി വഹിക്കുന്ന സർവകലാശാലയാണ്. ആ ഘട്ടത്തിൽ ശമ്പളം അനുവദിക്കുന്നില്ല. വി.സിമാർ ഇക്കാര്യം ഗവർണറുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. യു.ജി.സിചട്ടപ്രകാരം താത്കാലിക വി.സി ഇല്ലെന്നും സ്ഥിരം, താത്കാലികം എന്നിങ്ങനെ വേർതിരിവ് പാടില്ലെന്നും ഗവർണർ നിലപാടെടുത്തു. യു.ജി.സി യോഗ്യതയുള്ളവരെയാണ് വി.സിയാക്കിയിരിക്കുന്നത്. അവരുടെ സാമ്പത്തിക അധികാരങ്ങൾ തടയാൻ സർക്കാരിന് അധികാരമില്ലെന്നുമാണ് ഗവർണർ ചൂണ്ടിക്കാട്ടുന്നത്. ഇക്കാര്യങ്ങൾ വ്യക്തമാക്കി രാജ്ഭവൻ ഉടൻ ഉത്തരവ് പുറപ്പെടുവിക്കും. ആരോഗ്യസർവകലാശാലയൊഴികെ എല്ലായിടത്തും താത്കാലിക വി.സിമാരാണ്. ഡിജിറ്റൽ,സാങ്കേതിക വി.സി നിയമനത്തിന് സുപ്രീംകോടതി നേരിട്ട് സെർച്ച് കമ്മിറ്റിയുണ്ടാക്കിയെങ്കിലും യു.ജി.സി പ്രതിനിധിയില്ലെന്ന് ചൂണ്ടിക്കാട്ടി ഗവർണർ വ്യക്തതാഹർജി നൽകിയിരിക്കുകയാണ്. ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയും അക്കാഡമിക് പ്രവർത്തനങ്ങളെയും ബാധിച്ചിട്ടും ഇരുപക്ഷവും പോര് തുടരുകയാണ്.

നിയമിക്കുന്നതും ശമ്പളം നിശ്ചയിക്കുന്നതും ഗവർണർ

വൈസ്ചാൻസലർമാരെ നിയമിക്കാനും അവരുടെ ശമ്പളം നിശ്ചയിക്കാനും അധികാരം ചാൻസലറായ ഗവർണർക്കാണ്. ശമ്പളഉത്തരവും പുറപ്പെടുവിക്കാം. എന്നാൽ ഇതിനുള്ള ശുപാർശ സർക്കാരിലേക്കയച്ച് ധനവകുപ്പിന്റെ അനുമതിയോടെ ഉത്തരവിറക്കുന്നതാണ് കീഴ്വഴക്കം. പ്രൊഫസർമാരെ വി.സിയാക്കുമ്പോൾ ശമ്പളം അവരുടെ മാതൃസർവകലാശാലകൾ തന്നെയാണ് നൽകുന്നത്. മറ്റിടങ്ങളിൽ സർവകലാശാലകളുടെ തനത്ഫണ്ടിൽനിന്ന് ബോർഡ്ഒഫ് ഗവേണേഴ്സിനും സിൻഡിക്കേറ്റിനും വി.സിയുടെ ശമ്പളം അനുവദിക്കാം.

ഓപ്പൺ വി.സിക്ക് 18മാസമായി ശമ്പളമില്ല

ഓപ്പൺ സർവകലാശാലാ വി.സി ഡോ.വി.പി.ജഗതിരാജിന് 18 മാസമായി ശമ്പളമില്ല. കുസാറ്റ് പ്രൊഫസറായിരുന്ന അദ്ദേഹം വിരമിച്ചശേഷം വി.സിയെന്ന നിലയിലുള്ള ശമ്പളം കിട്ടിയിട്ടില്ല. രാജ്ഭവൻ ശുപാർശ നൽകിയിട്ടും സർക്കാർ തടയുകയായിരുന്നു. ശമ്പളം അനുവദിക്കാനുള്ള ഫയലിന് ഉടൻ അംഗീകാരം ലഭിക്കുമെന്നറിയുന്നു. ഡിജിറ്റൽ വി.സി ഡോ.സിസാതോമസിന് ബോർഡ് ഒഫ് ഗവേണേഴ്സ് ശമ്പളം അനുവദിക്കുകയായിരുന്നു.

2,50,000

യു.എൻ വിലക്കു നീങ്ങി: അഫ്ഗാൻ വിദേശകാര്യ മന്ത്രി ഇന്ത്യയിലേക്ക്

ന്യൂഡൽഹി: ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിൽ യാത്രാ വിലക്ക് നീക്കിയതിന് പിന്നാലെ, അഫ്ഗാനിസ്ഥാൻ ഭരിക്കുന്ന താലിബാന്റെ ആക്ടിംഗ് വിദേശകാര്യ മന്ത്രി ആമിർ ഖാൻ മുത്തഖി ഒക്ടോബർ 9ന് ഇന്ത്യയിലെത്തും. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. സന്ദർശനം സ്ഥിരീകരിച്ച വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ കൂടിക്കാഴ്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തിയില്ല. 2021 ആഗസ്റ്റിൽ അഫ്ഗാനിസ്ഥാനിൽ അധികാരം പിടിച്ചെടുത്ത ശേഷം ഇന്ത്യയിലെത്തുന്ന ആദ്യ താലിബാൻ നേതാവാണ് മുത്തഖി. നിലവിൽ ഇന്ത്യ താലിബാൻ ഭരണകൂടത്തെ അംഗീകരിച്ചിട്ടില്ല. എന്നാൽ മേയിൽ ഓപ്പറേഷൻ സിന്ദൂറിന് ശേഷം ഇന്ത്യയ്ക്ക് പ

ിന്തുണ തേടി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ മുത്തഖിയെ ഫോണിൽ വിളിച്ചിരുന്നു. ഇരുവരും നേരിട്ട് കാണുന്നത് ആദ്യം. താലിബാൻ ഭരണത്തിന് ഇന്ത്യയുടെ അംഗീകാരം തേടൽ, 2023ൽ പൂട്ടിയ ഡൽഹിയിലെ അഫ്ഗാൻ എംബസിയുടെ പ്രവർത്തനം പുനരാരംഭിക്കൽ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ സന്ദർശന ലക്ഷ്യം. ജയശങ്കറുമായുള്ള കൂടിക്കാഴ്ചയിൽ താലിബാനുമായുള്ള ബന്ധം, ഭീകരവാദത്തിനെതിരായ പോരാട്ടം, വ്യാപാരം തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകുമെന്നാണ് സൂചന. മുത്തഖി കഴിഞ്ഞ ആഗസ്റ്റിൽ വരാൻ തീരുമാനിച്ചിരുന്നതാണ്. 1990 കളിൽ അഫ്ഗാനിസ്ഥാനിൽ നടത്തിയ പ്രവൃത്തികളുടെ പേരിൽ താലിബാൻ നേതാക്കൾക്ക് ഐക്യരാഷ്ട്ര സഭ സുരക്ഷാ കൗൺസിൽ ഏർപ്പെടുത്തിയ വിലക്ക് തടസമായി. മുത്തഖിക്ക് ഇളവ് നൽകുന്നതിനെ അന്ന് പാകിസ്ഥാനാണ് എതിർത്തത്.

തലോർ ഉണ്ണിമിശിഹ ഇടവക നവദേവാലയത്തിലെ തിരുന്നാൾ 11 മുതൽ

തലോർ: പുതുതായി കൂദാശ ചെയ്ത തലോർ ഉണ്ണിമിശിഹ ഇടവക നവദേവാലയത്തിലെ സഹമധ്യസ്ഥരായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും വിശുദ്ധ മദർ തെരേസയുടെയും വിശുദ്ധ മറിയം ത്രേസ്യായുടെയും സംയുക്ത ഊട്ടു തിരുന്നാൾ 11നും 12നും ആഘോഷിക്കും. അതിരൂപത ചാൻസലർ ഫാ ഡൊമനിക് തലക്കോടൻ കൊടിയേറ്റ് നിർവഹിച്ചു. ദിവസവും വൈകുന്നേരം അഞ്ച് മുതൽ ജപമാലയും ലദീഞ്ഞും നൊവേനയും വിശുദ്ധ കുർബാനയും പ്രസുദേന്തി വാഴ്ചയും തുടർന്ന് നേർച്ച ഭക്ഷണവും പുതിയ ഉണ്ണിമിശിഹാ ദേവാലയത്തിൽ ഉണ്ടായിരിക്കും. കൂടാതെ നവനാൾ ദിനങ്ങളിൽ ചിറ്റിശ്ശേരി വഴിയിലുള്ള മുൻ ഇടവകപ്പള്ളിയിൽ രാവിലെ ആറിന് വിശുദ്ധ കുർബാന നടക്കും. 11ന് വൈകുന്നേരം ഒല്ലൂർ ഫൊറോനാ വികാരി ഫാ വർഗീസ് കുത്തൂർ കൂടു തുറക്കൽ ശിശ്രൂഷ നിർവഹിക്കും. 12ന് 9.30ന് തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ആഘോഷമായ തിരുനാൾ പാട്ടു കുർബാന അർപ്പിക്കും

തുടർന്ന് ഊട്ടു നേർച്ച ഉണ്ടായിരിക്കും. തിരുന്നാൾ ദിവസം മുഴുവൻ കിരീടവും വളയും സമർപ്പിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. അന്നേദിവസം വൈകുന്നേരം നാലുമണിക്ക് എസ്.ഡി.വി സഭ ഇന്ത്യൻ ഡെലിഗേറ്റ് ഫാ അലൻ ടോണി അർപ്പിക്കുന്ന വിശുദ്ധ കുർബാനയും തുടർന്ന് തിരുന്നാൾ പ്രദിക്ഷിണവും ഉണ്ടായിരിക്കും. പ്രദിക്ഷിണ ശേഷം ഫാൻസി വെടിക്കെട്ടും ഒരുക്കിയിട്ടുണ്ട്. വികാരി ഫാ ജോഷി വെണ്ണാട്ടുപറമ്പിൽ സഹവികാരി ഫാ ബ്രിൽവിൻ ഒലക്കേങ്കിൽ കൈക്കാരന്മാരായ സണ്ണി കാഞ്ഞാണി, റിഫിൻ കുന്നത്ത്, ബാബുദാസ് തരകൻ, ലിക്സൺ പെരിഞ്ചേരി, ജനറൽ കൺവീനർ ജോയ് കൊമ്പൻ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഊട്ടു തിരുന്നാൾ നടത്തപ്പെടുന്നത്.

തൃശൂർ അതിരൂപത വികാരി ജനറൽ മോൺസിഞ്ഞോർ ജെയ്സൺ കൂനംപ്ലാക്കൽ, ഇടവകയിൽ നിന്നും വൈദികരായ ഫാ ഗോഡ്വിൻ കിഴക്കൂടൻ, ഫാ പ്രിജോവ് വടക്കേത്തല, മുൻ സഹവികാരിമാരായിരുന്ന ഫാ മനോജ് കീഴൂർ മുട്ടിക്കൽ, ഫാ നിർമ്മൽ അക്കരെപറ്റിയേക്കൽ, ഫാ കനേഡിയൻ തണ്ടാശേരി, ഫാ ഗ്രീജോ മുരിങ്ങാത്തേരി എന്നിവർ നവനാൾ കുർബാനകൾക്കു നേതൃത്വം നൽകും.

ഇടവകയിൽ സേവനം ചെയ്യുന്ന സന്യാസ മഠങ്ങളിലെയും ആശ്രമങ്ങളിലെയും സിസ്റ്റേഴ്സും വൈദികരും ഇടവക പ്രതിനിധിയോഗ അംഗങ്ങളും സംഘടനാ ഭാരവാഹികളും കുടുംബ സമ്മേളന ഭാരവാഹികളും ഉൾപ്പെടെയുള്ള ബ്രഹത്തായ കമ്മറ്റിയാണ് തിരുന്നാളിന്റെ വിവിധ ഒരുക്കങ്ങൾ നടത്തുന്നത്.

ഒരുമനയൂർ ഇനി അതിദാരിദ്ര്യ മുക്ത പഞ്ചായത്ത്

ഹരിത കർമ്മസേന കഴിഞ്ഞ വർഷം ശേഖരിച്ചത് 1,52,000 ടൺ പ്ലാസ്റ്റിക്: മന്ത്രി എം.ബി രാജേഷ്

ചാവക്കാട്: ഹരിത കർമ്മസേന സംസ്ഥാനത്ത് കഴിഞ്ഞ വർഷം 1,52,000 ടൺ പ്ലാസ്റ്റിക് ശേഖരിച്ചെന്ന് മന്ത്രി എം.ബി രാജേഷ്. ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ 30 ലക്ഷം വകയിരുത്തി 1,600 ചതുരശ്ര അടിയിൽ പണിത മെറ്റീരിയൽ കളക്ഷൻ സെന്റർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഹരിത കർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് കേരളം മുഴുവൻ രണ്ട് തവണ മൂടാമെന്നതാണ് ഈ വിഷയത്തിന്റെ വ്യാപ്തി.

ഒരുമനയൂർ ഗ്രാമപഞ്ചായത്ത് മെറ്റീരിയൽ കളക്ഷൻ സെന്റർ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് നിർവഹിക്കുന്നു.

ഹരിത കർമ്മസേന ഇല്ലെങ്കിൽ ഈ അജൈവ മാലിന്യങ്ങളൊക്കെ നമ്മുടെ പരിസരങ്ങളിലും ജലാശയങ്ങളിലും നിറയുമായിരുന്നു. എന്നാൽ ഇപ്പോഴും ചില സാമൂഹ്യ വിരുദ്ധർ മാലിന്യം വലിച്ചെറിയുന്നുണ്ട്. അവരെ വെറുതെ വിടരുതെന്നും കേരളത്തിൽ കഴിഞ്ഞ ജനുവരി മുതൽ ജൂൺ വരെ മാലിന്യം വലിച്ചെറിഞ്ഞതിന് പിഴ ഈടാക്കിയത് എട്ട് കോടി അമ്പത്തിയഞ്ച് ലക്ഷം രൂപയാണെന്നും മന്ത്രി പറഞ്ഞു. ചെറിയ ഗ്രാമപഞ്ചായത്ത് ആയിട്ട് കൂടി ഇത്രയും മികച്ച പ്രവർത്തനം കാഴ്ച വച്ചതിന് പഞ്ചായത്ത് ഭരണ സമിതിയെ മന്ത്രി പ്രത്യേകം അഭിനന്ദിച്ചു. ചടങ്ങിൽ ഒരുമനയൂർ പഞ്ചായത്തിനെ മന്ത്രി അതിദാരിദ്ര്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു. എൻ.കെ അക്ബർ എം.എൽ.എ അധ്യക്ഷത വഹിച്ചു. പഞ്ചായത്തിലെ മെറ്റീരിയൽ കളക്ഷൻ സെന്ററിൽ കലണ്ടർ പ്രകാരമുള്ള അജൈവ വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള സ്ഥലം ആദ്യ ഘട്ടത്തിൽ 12 ലക്ഷം രൂപ ചെലവഴിച്ച് 800 ചതുരശ്ര അടിയിൽ ആരംഭിച്ചിരുന്നു. എന്നാൽ സ്ഥലത്തിന്റെ അപര്യാപ്തത മൂലം രണ്ടാംഘട്ടമായി 2024-2025, 2025-2026 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സെന്റർ ആരംഭിക്കുകയായിരുന്നു. ചടങ്ങിൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നഫീസക്കുട്ടി വലിയകത്ത്, ഒരുമനയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജിത സന്തോഷ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ കെ.എച്ച് കയ്യുമ്മു, കെ.വി രവീന്ദ്രൻ, ഇ.ടി ഫിലോമിന, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷൈനി ഷാജി, ആഷിദ, നഫീസത്തുൾ മിസ്രിയ, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ഹസീന അൻവർ, നഷ്റ മുഹമ്മദ്, സിന്ധു അശോകൻ, നസീർ മൂപ്പിൽ, ആരിഫ ജുഫൈർ, ബിന്ദു ചന്ദ്രൻ, വി.സി ഷാഹിബാൻ, കെ.ജെ ചാക്കോ, കുടുംബശ്രീ ചെയർപേഴ്സൺ സുലൈഖ ഖാദർ, ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ ജോഷി ഫ്രാൻസിസ്, ഒരുമനയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ ഷിബുദാസ്, എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർ എസ്.ആർ ദീപക്, രാഷ്ട്രീയ പാർട്ടി പ്രതിനിധി കെ.എ ഉണ്ണികൃഷ്ണൻ, തുടങ്ങിയവർ സംസാരിച്ചു.

ഗുരുവായൂർ മണ്ഡലത്തിലെ തീരദേശ നിവാസികൾക്ക് ഡിസംബറിൽ പട്ടയം ലഭിക്കും

ഗുരുവായൂർ: മണ്ഡലത്തിലെ തീരപ്രദേശത്ത് താമസിക്കുന്ന അറുന്നൂറിലധികം തീരദേശ നിവാസികൾക്ക് പട്ടയം അനുവദിക്കുന്ന നടപടി ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ ജില്ല റവന്യൂ അസംബ്ലിയിൽ തീരുമാനമായതായി എൻ.കെ. അക്ബർ എം.എൽ.എ അറിയിച്ചു. ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ചാവക്കാട് നഗരസഭ, കടപ്പുറം, പുന്നയൂർ, പുന്നയൂർക്കുളം പഞ്ചായത്തുകളിലെ കടൽപുറമ്പോക്ക്, അൺസർവ്വേ ലാൻറ് എന്നിവയിൽ താമസിക്കുന്ന അറുന്നൂറോളം പേർക്ക് പട്ടയം അനുവദിക്കുന്നതിന് 2024 ഒക്ടോബർ മാസത്തിൽ കൂടിയ നിയമസഭ സമ്മേളനത്തിൽ എൻ.കെ അക്ബർ എം.എൽ.എ ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ചാവക്കാട് താലൂക്ക് പരിധിയിൽ വരുന്ന കടപ്പുറം, മണത്തല, പുന്നയൂർ, പുന്നയൂർക്കുളം വില്ലേജുകളിലെ അൺസർവ്വേഡ് കടൽ പുറമ്പോക്ക് 1961ലെ സർവ്വേ ആൻറ് ബൌണ്ടറീസ് ആക്ട് പ്രകാരം സർവ്വേ ചെയ്യുന്നതിനായി കരട് വിജ്ഞാപനം തയ്യാറാക്കുന്നതിന് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചത്. ഈ വില്ലേജുകളിലെ ഹൈ ടൈഡ് ലൈൻ നിശ്ചയിക്കുന്നതിന് ചീഫ് ഹൈഡ്രോഗ്രാഫർക്ക് 2,31,835 രൂപ ജില്ലാ കളക്ടർ അനുവദിച്ചു. ഹൈഡ്രോളജിക്കൽ സർവ്വേ നടത്തി ഹൈ ടൈഡ് ലൈൻ നിജപ്പെടുത്തിയാൽ വിജ്ഞാപനം പുറപ്പെടുവിച്ച് കൈവശക്കാരിൽ നിന്നും പട്ടയ അപേക്ഷ വാങ്ങി പട്ടയം അനുവദിക്കും. ഈ നടപടി ക്രമങ്ങൾ ഡിസംബർ മാസത്തോടെ പൂർത്തിയാക്കി പട്ടയം ലഭ്യമാക്കുന്നതിന് തിരുവനന്തപുരത്ത് കഴിഞ്ഞ ദിവസം നടന്ന ജില്ല റവന്യൂ അസംബ്ലിയിൽ തീരുമാനമായതായി എംഎൽഎ അറിയിച്ചു.

വാഹനാപകടം ആനപാപ്പാന് പരിക്ക് അപകടത്തിനിടയിൽ വാൾ തെറിച്ചു വീണു

ഗുരുവായൂർ: താമരയൂരിൽ ബൈക്കും സ്കൂട്ടറും കൂട്ടിയിടിച്ച്ആനപാപ്പാന്പരിക്കേറ്റു. സ്കൂട്ടറിൽ സഞ്ചരിച്ചിരുന്നഗുരുവായൂർ ദേവസ്വത്തിലെ ആനപാപ്പാൻ പൊന്നു കുട്ടൻ (52)നെഹയാത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് രാവിലെയാണ് അപകടം.ഇടിയുടെ ആഘാതത്തിൽ ബൈക്കിൽ നിന്നും വാൾ തെറിച്ചു വീണത് ആശങ്കയുണർത്തി. ബൈക്കിൽ സഞ്ചരിച്ചിരുന്ന മണ്ണുത്തി സ്വദേശി ദേവനാഥ് മണ്ണുത്തി പോലീസ് സ്റ്റേഷൻ പരിധിയിൽ നിരവധി കേസിൽ ഉൾപ്പെട്ട ആളാണെന്ന് പോലിസ് അറിയിച്ചു.ഗുരുവായൂർ പോലിസ് സ്ഥലത്തെത്തി അന്വേഷണമാരംഭിച്ചു.

വിവാദത്തിന്റെ നാൾവഴികൾ

1998 സെപ്തംബർ 4 ശബരിമല ശ്രീകോവിലും മേൽക്കൂരയും ദ്വാരപാലക ശില്പങ്ങളും ഉൾപ്പെടെ 18 കോടി രൂപ ചെലവിൽ 30.3 കിലോ സ്വർണവും 1900 കിലോ ചെമ്പും ഉപയോഗിച്ച് പൊതിഞ്ഞ് വിജയ് മല്യ വഴിപാടായി സമർപ്പിച്ചു

1999 ദാരുശില്പങ്ങളിൽ സ്വർണം പൊതിഞ്ഞ പാളികൾ പിടിപ്പിച്ചു. ഈ സമയം ജി.കെ.മേനോൻ ദേവസ്വം പ്രസിഡന്റ് കണ്ഠരര് മഹേശ്വരര് തന്ത്രി,?മകൻ കണ്ഠരര് മോഹനര് സഹായി2019 ജൂലായ് ഏഴ് ശ്രീകോവിലിന്റെ വാതിലുകളുടെയും ദ്വാരപാലകശില്പങ്ങൾ പൊതിഞ്ഞ ചെമ്പുതകിടുകളുടെയും അറ്റകുറ്റപ്പണിക്ക് ബോർഡ് ഉത്തരവ്.

20 ദിവസത്തിനു ശേഷം ദാരുശില്പങ്ങളിലെ ചെമ്പുതകിടുകൾ ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസ് ഫാക്ടറിയിലെത്തിച്ച് സ്വർണം പൂശി തിരികെ എത്തിക്കാൻ ഉണ്ണിക്ക്യഷ്ണൻ പോറ്റിക്ക് ദേവസ്വം ബോർഡ് പ്രത്യേകം കത്തുനൽകി. ? പാളികൾ ചെന്നൈയിലെത്തിച്ചത് 39 ദിവസത്തിനു ശേഷം ? 42 കിലോ തൂക്കമുണ്ടായിരുന്ന പാളികളിൽ 394.6ഗ്രാം സ്വർണം പൂശി തിരികെ എത്തിച്ചപ്പോൾ 38കിലോ. ? തൂക്കം കുറഞ്ഞത് എങ്ങനെയെന്നും പാളികൾ ഫാക്ടറിയിലെത്തിക്കാൻ വൈകിയതും അന്വേഷിച്ചില്ല. എ.പത്മകുമാറായിരുന്നു ദേവസ്വം പ്രസിഡന്റ്.

2020 ദാരുശില്പ പീഠങ്ങൾക്ക് മങ്ങലേറ്റു. പുതിയത് നിർമ്മിക്കാമെന്ന് സ്പോൺസർ ദേവസ്വത്തെ അറിയിച്ചു. സഹായിയെത്തി അളവെടുത്തു.

2021 മൂന്നുപവൻ സ്വർണം പൂശിയ രണ്ടു പീഠങ്ങൾ ശബരിമലയിൽ സമർപ്പിച്ചു. ദാരുശില്പപീഠങ്ങളിൽ പിടിപ്പിച്ചെങ്കിലും വലിപ്പക്കൂടുതലാണെന്ന് ബോർഡ് ഉണ്ണിക്ക്യഷ്ണൻ പോറ്റിയെ അറിയിച്ചു.

2023 ദാരുശില്പങ്ങളിൽ കേടുപാടുണ്ടെന്നും അറ്റകുറ്റപ്പണി നടത്തണമെന്നും തന്ത്രി കണ്ഠരര് രാജീവരര്.

2024 അറ്റകുറ്റപ്പണികൾ നടത്താമെന്ന് ഉണ്ണിക്ക്യഷ്ണൻ പോറ്റി ഇ-മെയിൽ സന്ദേശമയച്ചു. ബോർഡ് അനുമതി നൽകി. സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണപീഠങ്ങൾ നൽകിയാൽ കൂടുതൽ പണച്ചിലവില്ലാതെ സ്വർണം പൂശാൻ കഴിയുമെന്നും സൂചിപ്പിച്ചു.

2025 സെപ്തംബർ 7 രാത്രി നടയടച്ചശേഷം ദാരുശില്പത്തിലെ സ്വർണം പൂശിയ പാളികൾ അഴിച്ചെടുത്ത് ചെന്നൈയിലേക്ക് കൊണ്ടുപോയി.

2025 സെപ്തംബർ 8 പ്രവൃത്തികൾക്കെതിരെ സ്പെഷ്യൽ കമ്മിഷണർ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകി.

2025 സെപ്തംബർ 9 ചെന്നൈയിൽ കൊണ്ടുപോയ പാളികൾ തിരികെ എത്തിക്കാൻ കോടതി നിർദ്ദേശിച്ചു. സ്വർണപീഠങ്ങൾ സ്ട്രോംഗ് റൂമിലുള്ള കാര്യം ഉണ്ണിക്ക്യഷ്ണൻ പോറ്റിക്ക് എങ്ങനെ അറിയാമെന്നും ചോദിച്ചു.

2025 സെപ്തംബർ 10 സ്വർണപാളികൾ ഉരുക്കിയതായി ദേവസ്വം ബോർഡ് കോടതിയെ അറിയിച്ചു.

മെയിൽ അയച്ചപ്പോൾ സഹായിക്ക് തെറ്റുപറ്റിയതാണ് സ്വർണപീഠ പരാമർശമെന്ന് പോറ്റിയുടെ മറുപടി.

രേഖകൾ പിടിച്ചെടുത്ത് ഹാജരാക്കാനും സ്വർണപീഠങ്ങൾ കണ്ടെത്താനും കോടതി നിർദ്ദേശിച്ചു.

2025 സെപ്തംബർ 13,14 ദേവസ്വം വിജിലൻസ് സ്ട്രോംഗ് റൂമിൽ നടത്തിയ പരിശോധനയിൽ ദ്വാരപാലക പീഠങ്ങളില്ലെന്ന് കണ്ടെത്തി.2025 സെപ്തംബർ 29 ശബരിമലയിൽ ലഭിക്കുന്ന സ്വർണത്തിന് കണക്കും രജിസ്റ്ററുമില്ലെന്ന് കോടതി. സ്ട്രോംഗ് റൂം പരിശോധിക്കാനുംകണക്കെടുപ്പ് നടത്താനും നിർദ്ദേശം. മേൽനോട്ടത്തിന് റിട്ട. ഹൈക്കോടതി ജസ്റ്റിസ് കെ.ടി.ശങ്കരനെ നിയോഗിച്ചു.

2025 സെപ്തംബർ 30 2021ൽ കാണാതായ സ്വർണം പൂശിയ പീഠങ്ങൾ ഉണ്ണിക്ക്യഷ്ണൻ പോറ്റിയുടെ സഹോദരിയുടെ വീട്ടിൽ നിന്ന് കണ്ടെത്തി.

2025 ഒക്ടോബർ 2 പുതിയ ചെമ്പുപാളികളിലാണ് 2019ൽ തങ്ങൾ ഇലക്ട്രോ പ്ലേറ്റിംഗ് നടത്തിയതെന്ന് സ്മാർട്ട് ക്രിയേഷൻസ് പ്രതിനിധി2025 ഒക്ടോബർ 3 കുറ്റക്കാരെ സംരക്ഷിക്കില്ലെന്ന് ദേവസ്വം പ്രസിഡന്റ് പി.എസ്.പ്രശാന്ത്

വിമർശനത്തിന്റെ വെളിച്ചം തെളിച്ച പത്രാധിപർ; ടിജെഎസ് ഇനി ഓർമകളുടെ 'ഘോഷയാത്ര'യിൽ

കുട്ടനാട്ടിൽനിന്ന് തിരുവനന്തപുരത്തേക്കും അവിടെനിന്ന് ബോംബെയിലേക്കും പറിച്ചുനടപ്പെട്ട, തിരുവിതാംകൂറിൽനിന്ന് ദേശീയ തലത്തിലേക്ക് പടർന്ന പത്രപ്രവർത്തകന്റെ ഇടമുറിയാത്ത ഓർമകളായിരുന്നു ടി.ജെ.എസ്.ജോർജിന്റെ ആത്മകഥ. ആ ഓർമകളുടെ 'ഘോഷയാത്ര' പിന്നീട് പത്രപ്രവർത്തകരുടെ റഫറൻസ് ഗ്രന്ഥമായി. എസ്.ഗുപ്തൻ നായരും മലയാറ്റൂർ രാമകൃഷ്ണനും കേശവൻ നായരും ഇ.വി.കൃഷ്ണപിള്ളയും മക്കളായ അടൂർ ഭാസിയും ചന്ദ്രനും മുതൽ വിലായത് ഖാനും അനിൽ ബിശ്വാസും ബാൽ താക്കറെയും അടക്കം കഥാപാത്രങ്ങൾ വന്നുപോകുന്ന എത്രയോ കഥകൾ. ആലപ്പുഴയിലെ കായലോരത്തുനിന്നാണ് ടിജെഎസിന്റെ ഓർമകളാരംഭിക്കുന്നത്. കായലിനടിയിലെ വളക്കൂറുള്ള മണ്ണിൽ കൃഷി ചെയ്യാനിറങ്ങിയ ജോസഫ് മുരിക്കനെക്കുറിച്ചുള്ള ഓർമകൾ, ചിത്തിര, മാർത്താണ്ഡം, റാണി എന്നീ കായൽനിലങ്ങളിലെ രണ്ടായിരത്തോളം ഏക്കർ നികത്തിയെടുത്ത് നൂറുമേനി കൊയ്തെടുത്ത മുരിക്കനെ നാട്ടുകാർ ഭ്രാന്തനെന്നും സർക്കാർ വർഗശത്രുവെന്നും വിളിച്ച് ശിക്ഷിച്ച കഥ. മുരിക്കന്റെ ദീർഘവീക്ഷണമാണിതെന്നു പറഞ്ഞ ടിജെഎസ് ഭൂപരിഷ്കരണത്തോടെ ഇത് അട്ടിമറിക്കപ്പെട്ടുവെന്നും വാദിച്ചു. എന്നാൽ ഇതിനെതിരെ കമ്യൂണിസ്റ്റ് പാർട്ടികൾ വലിയ വിമർശനമാണുന്നയിച്ചത്. ഐസിഎസ്ഇ ഏഴാംക്ലാസ് പുസ്തകത്തിൽ 'മുരിക്കൻ' എന്ന പേരിലുണ്ടായിരുന്ന പാഠഭാഗം പിൻവലിക്കണമെന്ന് വി.എസ്.അച്യുതാനന്ദനും പിണറായിയും ഉൾപ്പെടെയുള്ള നേതാക്കൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. 1950ൽ ബോംബെയിലെ ഫ്രീ പ്രസ് ജേണലിൽ റിപ്പോർട്ടറായാണ് ടിജെഎസിന്റെ പത്രപ്രവർത്തനം ജീവിതം ആരംഭിക്കുന്നത്. ആരുടെ മുന്നിലും മുട്ടുമടക്കാത്ത എല്ലാവരോടും ആശയപരമായി ഇടപെട്ട എഡിറ്റർ സദാനന്ദിന് ഒപ്പമുള്ള നല്ലകാലവും അദ്ദേഹത്തിനു പിന്നാലെ വന്ന പത്രാധിപർ പരസ്യത്തെ വാർത്താരൂപത്തിൽ അവതരിപ്പിച്ചതിൽ പ്രതിഷേധിച്ച് ഫ്രീ പ്രസ് വിട്ടതുമെല്ലാം ടിജെഎസ് ഘോഷയാത്രയിൽ ഓർക്കുന്നു. അന്ന് ഫ്രീ ഫ്രസിൽനിന്ന് രാജിവച്ച് ടിജെഎസിനൊപ്പം ഇറങ്ങിയ ആറുപേരിൽ ഒരാൾ അന്ന് കാർട്ടൂണിസ്റ്റായിരുന്ന ബാൽ താക്കറെയായിരുന്നു. 'ദ് സേർച്ച് ലൈറ്റ്' എന്ന പ്രസിദ്ധീകരണത്തിൽ എഡിറ്ററായിരിക്കെയാണ് 37ാം വയസ്സിൽ ടിജെഎസിനെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുന്നത്. പട്ന ബന്ദിനിടെ വെടിവയ്പ്പുണ്ടായത് റിപ്പോർട്ട് ചെയ്തതിന് അന്നത്തെ ബിഹാർ മുഖ്യമന്ത്രി ബി.കെ.സഹായി നൽകിയ ശിക്ഷയായിരുന്നു ആ ജയിൽവാസം. പട്നയിലെ ജയിലിലായിരുന്നു ആദ്യം ടിജെഎസിനെ പാർപ്പിച്ചത്. പിന്നീട് ഹസാരിബാഗ് സെൻട്രൽ ജയിലിലും. ജയിലിൽ ഇരുന്ന് 'ബിഹാർ കലാപം: 1965ലെ മുന്നേറ്റത്തിന്റെ പഠനം' എന്ന പേരിൽ ടിജെഎസ് ഒരു ലേഖനവുമെഴുതി. ജയിലിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ പാക്കിസ്ഥാനുമായി യുദ്ധത്തിന്റെ വക്കിലായിരുന്നു രാജ്യം. ഒരു ഇന്ത്യക്കാരനു സ്വന്തം രാജ്യത്തിനുനേരെ 'വിമർശനത്തിന്റെ വെളിച്ചം' തെളിക്കേണ്ട സമയമല്ലല്ലോ അത്' എന്നു പറഞ്ഞുകൊണ്ട് ലേഖനം പ്രസിദ്ധീകരിക്കുന്നത് ടിജെഎസ് മാറ്റിവച്ചതായി മകൻ ജീത് തയ്യിൽ ഓർമിക്കുന്നു. ജയിലിൽനിന്നിറങ്ങിയപ്പോഴേക്കും അദ്ദേഹം പ്രശസ്തനായിക്കഴിഞ്ഞിരുന്നു. ബിഹാറിൽ തുടരാനാകാതെ വന്നപ്പോൾ ഹോങ്കോങ്ങിലേക്കു ചുവടുമാറ്റി. ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യൂ റീജനൽ എഡിറ്ററായി ജോലി. ഏഷ്യ മാഗസിനു പുതുമുഖം സമ്മാനിക്കാൻ അദ്ദേഹവും സഹപ്രവർത്തകൻ മൈക്ക് ഒനീലും അത് ഏറ്റെടുത്തു. സിംഗപ്പൂർ, മലേഷ്യ, തായ്ലൻഡ്, ഫിലിപ്പീൻസ് എന്നിവിടങ്ങളിൽ ഏഷ്യേതര വാർത്തകളിൽ ഏഷ്യവീക്ക് മുൻപന്തിയിൽനിന്നു. എന്നാൽ പിന്നീട് ഏഷ്യവീക്കിന്റെ ഓഹരികളുടെ നല്ലൊരു ഭാഗം ടൈമിന് വിറ്റതോടെ ടിജെഎസ് ഇന്ത്യയിലേക്കു മടങ്ങി. ഒനീൽ ഹൃദയാഘാതം മൂലവും മരിച്ചു. പ്രശസ്തരുടെ മറുമുഖങ്ങളും അപ്രശസ്തരുടെ ആറുമറിയാത്ത ജീവിതങ്ങളും ടിജെഎസിന്റെ പുസ്കതങ്ങളിൽ നിറഞ്ഞു. വിഖ്യാത ഗായിക എം.എസ്.സുബ്ബലക്ഷ്മിക്ക് ജിഎൻ.ബാലസുബ്രഹ്മണ്യത്തോടുണ്ടായിരുന്ന പ്രണയവുമെല്ലാം ടിജെഎസിലൂടെ നമ്മളറിഞ്ഞു. സ്വതന്ത്ര ഇന്ത്യയിൽ അറസ്റ്റ് ചെയ്യപ്പെടുന്ന ആദ്യ പത്രാധിപരായിരുന്നു ടിജെഎസ്. രാജ്യം ആദ്യമായി പത്മവിഭൂഷൺ നൽകി ആദരിച്ച പത്രപ്രവർത്തകനും ടിജെഎസായിരുന്നു.

ബാലികയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ പ്രതി പിടിയിൽ

പൊന്നാനി: പൊന്നാനിയിൽ വീടിന്റെ ഓടിളക്കി അകത്ത് കയറി ബാലികയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ പ്രതി പിടിയിൽ. കടലോരത്ത് താമസിക്കുന്ന വീടിന്റെ ഓട് ഇളക്കി മാറ്റി അകത്ത് കടന്നു മാതാപിതാക്കളോടൊപ്പം കിടന്ന് ഉറങ്ങുകയായിരുന്ന പെൺകുട്ടിയുടെ ഉപദ്രവിക്കാൻ ശ്രമിച്ച കേസിലാണ് പ്രതിയെ പിടികൂടിയത്. കാട്ടില വളപ്പിൽ അക്ബറിനെയാണ്(40) പൊന്നാനി പൊലീസ് പിടികൂടിയത്. പൊന്നാനി കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

അയൽവാസിയെ വെട്ടിയ കേസിൽ പൊലീസുകാരന് ജാമ്യമില്ല

നേമം: അയൽവാസിയെ വെട്ടിപ്പരിക്കേൽപ്പിച്ച പൊലീസുകാരന്റെ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളി. കരമന പൊലീസ് സ്റ്റേഷനിലെ സി.പി.ഒ സുമേഷിന്റെ ഹർജിയിലാണ് രണ്ടാം അഡിഷണൽ ജില്ലാ കോടതി മുൻകൂർ ജാമ്യം നിഷേധിച്ചത്. സെപ്തംബർ പതിനെട്ടിനു വൈകുന്നേരമായിരുന്നു സംഭവം. കുടപ്പനക്കുന്ന് വില്ലേജ് ഓഫീസർ, ബിനോഷിനെ പൊലീസുകാരൻ സുമേഷ് വെട്ടി പരിക്കേൽപ്പിക്കുകയായിരുന്നു. കൂട്ടുകാരുമൊത്ത് മദ്യപിക്കാൻ വസ്തുവിൽ അനുവാദം നല്കാത്തതാണ് വൈരാഗ്യത്തിന് കാരണം എന്നാണ് ബിനോഷ് പറയുന്നത്. പൊലീസുകാരൻ ആയതുകൊണ്ട് പ്രതിയെ രക്ഷിക്കാൻ നേമം പൊലീസ് കൂട്ടുനിൽക്കുന്നതായി ബിനോഷിന്റെ കുടുംബം ആരോപിക്കുന്നു. കേസിൽ പ്രതി ചേർത്തിട്ടും വകുപ്പുതല നടപടിപോലും ഇതുവരെ ഉണ്ടായില്ലെന്നും കുടുംബം ആരോപിച്ചു.

രജിസ്റ്റേർഡ് നിക്ഷേപകരുടെ എണ്ണം 12 കോടി പിന്നിട്ട് എൻഎസ്ഇ

കൊച്ചി: ദേശീയ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യയിലെ (എൻഎസ്ഇ) രജിസ്റ്റേർഡ് നിക്ഷേപകരുടെ എണ്ണം സെപ്റ്റംബർ 23-ന് 12 കോടി (120 മില്യൺ) കടന്നു. എൻഎസ്ഇയിൽ രജിസ്റ്റേർഡ് ആയ നിക്ഷേപക അക്കൗണ്ടുകളുടെ ആകെ എണ്ണം 23.5 കോടി ആണ്. ജൂലൈയിൽ 23 കോടി എന്ന സംഖ്യ കടന്നിരുന്നു. എൻഎസ്ഇ പ്രവർത്തനം ആരംഭിച്ച് 14 വർഷത്തിന് ശേഷം രജിസ്റ്റേർഡ് നിക്ഷേപക ബേസ് 1 കോടി കടന്നു, അടുത്ത 1 കോടിയാകാനായി ഏകദേശം ഏഴ് വർഷം എടുത്തു. തുടർന്നുള്ള 1 കോടിയാകാനായി ഏകദേശം മൂന്നര വർഷം എടുത്തു, അടുത്തതിന് ഒരു വർഷത്തിലധികം മാത്രം. 2021 മാർച്ചിൽ രജിസ്റ്റേർഡ് നിക്ഷേപക ബേസ് 4 കോടി കടക്കാൻ 25 വർഷത്തിലധികം സമയം എടുത്തു, തുടർന്നുള്ള 1 കോടി നിക്ഷേപകർ ഏകദേശം 6-7 മാസത്തിനുള്ളിൽ കൂട്ടിച്ചേർക്കപ്പെട്ടു.ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ (സെപ്റ്റംബർ 23 വരെ), ബെഞ്ച്മാർക്ക് നിഫ്റ്റി 50 സൂചിക 7.0 വരുമാനം സൃഷ്ടിച്ചിട്ടുണ്ട്, അതേപോലെ നിഫ്റ്റി 500 സൂചിക ഈ കാലയളവിൽ 9.3

എന്ന ശക്തമായ ലാഭം നൽകിയിട്ടുണ്ട്. 2025 സെപ്റ്റംബർ 23ന് അവസാനിക്കുന്ന അഞ്ച് വർഷകാലയളവിലെ വാർഷിക വരുമാനം നിഫ്റ്റി 50-ന് 17.7 ഉം നിഫ്റ്റി 500-ന് 20.5 ഉം ആയിരുന്നു, ഇത് വിശാലമായ വളർന്നുവരുന്ന വിപണികളിലും വികസിത വിപണി പാക്കേജുകളിലും സൃഷ്ടിക്കുന്ന വരുമാനത്തെക്കാൾ കൂടുതലാണ്. എൻ എസ് ഇ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മാർക്കറ്റ് ക്യാപിറ്റലൈസേഷൻ ഈ അഞ്ച് വർഷ കാലയളവിൽ 25.1 എന്ന വാർഷിക നിരക്കിൽ വർധിച്ച് 2025 സെപ്റ്റംബർ 23-ന് 460 ലക്ഷം കോടി രൂപയായി എത്തി, ഇത് ഗാർഹിക സമ്പത്തിന് കാര്യമായ വർധനവിന് കാരണമായി. ശ്രദ്ധേയമായി, 2025 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് വ്യക്തിഗത നിക്ഷേപകർ നേരിട്ടും മ്യൂച്ചൽ ഫണ്ടുകളിലൂടെ പരോക്ഷമായും 18.5 വിപണിയുടെ (എൻ എസ് ഇ ലിസ്റ്റ് ചെയ്ത കമ്പനികൾ) ഉടമസ്ഥരാണ്. ഇന്ന് നാലിൽ ഒന്ന് നിക്ഷേപകർ സ്ത്രീകളാണ്. ഇന്ന് ഇന്ത്യയിലെ 12 കോടി രജിസ്റ്റേർഡ് നിക്ഷേപകരുടെ ശരാശരി പ്രായം ഏകദേശം 33 വയസ്സാണ്, ഇത് വെറും അഞ്ച് വർഷം മുമ്പുള്ള 38 വയസ്സിൽ നിന്നും കുറഞ്ഞതാണ്. അവരിൽ ഏകദേശം 40 പേർ 30 വയസ്സിൽ താഴെയാണ്.ഈ വർഷം, ഞങ്ങളുടെ നിക്ഷേപക അടിത്തറയുടെ കാര്യത്തിൽ മറ്റൊരു സുപ്രധാന നാഴികക്കല്ല് എൻഎസ്ഇ കടന്നു. ജനുവരിയിൽ 11 കോടി എണ്ണം കടന്നതിന് ശേഷം, ആഗോള വ്യാപാരത്തിന്റെയും ഭൗമരാഷ്ട്രീയത്തിന്റെയും രൂപരേഖകളെ കുറിച്ചുള്ള തുടർച്ചയായ ആശങ്കകൾക്കിടയിലും, ഏകദേശം എട്ട് മാസത്തിനുള്ളിൽ എൻ എസ് ഇ-യിൽ ചേർന്ന നിക്ഷേപകർ ഒരു കോടി അധികമായി വർധിച്ചത് പ്രശംസനീയമാണെന്ന് എൻഎസ്ഇ ചീഫ് ബിസിനസ് പറഞ്ഞു.

'ബോബ് കേ സംഗ് ത്യോഹാർ കി ഉമംഗ്'

ഉത്സവകാല കാമ്പയിനുമായി ബാങ്ക് ഓഫ് ബറോഡ

കൊച്ചി: ബാങ്ക് ഓഫ് ബറോഡയുടെ ''ബോബ് കേ സംഗ് ത്യോഹാർ കി ഉമംഗ്' എന്ന ഉത്സവകാല കാമ്പയിൻ ആരംഭിച്ചു. ഇതിന്റെ ഭാഗമായി റീട്ടെയിൽ, എംഎസ്എംഇ ഉപഭോക്താക്കൾക്കായി വൈവിധ്യമാർന്ന ഉത്സവ ഓഫറുകൾ അവതരിപ്പിച്ചു. കുറഞ്ഞ പലിശ നിരക്കുകൾ, പ്രത്യേക ഓഫറുകൾ, അധിക മൂല്യമുള്ള ആനുകൂല്യങ്ങൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് ഉത്സവകാലം കൂടുതൽ ലാഭകരവും സന്തോഷകരവുമായി മാറ്റുകയാണ് ഈ കാമ്പയിന്റെ ലക്ഷ്യം. പ്രോസസ്സിംഗ് ഫീസ് ഇല്ലാതെ 7.45 ശതമാനം മുതലുള്ള പ്രത്യേക വാർഷിക പലിശനിരക്ക്, വായ്പയ്ക്ക് അപേക്ഷിക്കുന്ന വനിതകൾക്കും യുവതലമുറയ്ക്കും (40 വയസ്സിൽ താഴെയുള്ളവർക്ക്) പലിശ നിരക്കിൽ ഇളവ്, എളുപ്പത്തിലുള്ള ടോപ്പ്-അപ്പ് സൗകര്യം തുടങ്ങിയവയാണ് ഭവനവായ്പയുടെ പ്രധാന ഉത്സവ ഓഫറുകൾ.കാർ ലോണിന് ആകർഷകമായ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി ഇലക്ട്രിക് വാഹനങ്ങൾക്ക് 96 മാസം വരെയും മറ്റ് വാഹനങ്ങൾക്ക് 84 മാസം വരെയും, ഇലക്ട്രിക് വാഹനങ്ങൾക്കുള്ള പ്രോസസ്സിംഗ് ചാർജിൽ 50 ശതമാനം ഇളവ്, വാഹനത്തിന്റെ ഓൺ-റോഡ് വിലയുടെ 90 ശതമാനം വരെ വായ്പ തുടങ്ങിയവയും ലഭിക്കും. ബാങ്ക് ഓഫ് ബറോഡ സർണ്ണ വായ്പ, മോർട്ട്ഗേജ് വായ്പ എന്നിവയ്ക്ക് പരിമിതകാലത്തേക്ക് നിക്ഷേപത്തിൽ നിന്നുള്ള വരുമാന നിരക്കുകൾ വാഗ്ദാനം ചെയ്യുന്നുണ്ട്. ബോബ് മാസ്റ്റർസ്ട്രോക്ക് സേവിംഗ്സ് അക്കൗണ്ടിന് ലഭിച്ച മികച്ച പ്രതികരണത്തെത്തുടർന്നു ബാങ്ക് ഓഫ് ബറോഡ കൂടുതൽ ആളുകൾക്ക് പ്രയോജനകരമായ, ലളിതമായ പതിപ്പ് ബോബ് മാസ്റ്റർസ്ട്രോക്ക് ലൈറ്റ് സേവിംഗ്സ് അക്കൗണ്ട് അവതരിപ്പിച്ചു. ബോബ് മാസ്റ്റർസ്ട്രോക്ക് ലൈറ്റിൽ കുറഞ്ഞ പ്രതിമാസ ശരാശരി ബാലൻസ് മതി. ഡൈനിംഗ്, യാത്ര, വിനോദം എന്നിവയിൽ ലൈഫ്സ്റ്റൈൽ ആനുകൂല്യങ്ങൾ, അപകട ഇൻഷുറൻസ്, മറ്റ് ആകർഷകമായ ഫീച്ചറുകൾ എന്നിവ ഇതിൽ ലഭ്യമാണ്. ഡിജിറ്റൽ ഇടപാടുകൾ കൂടുതലായി നടത്തുന്ന ബിസിനസുകൾക്കായി പ്രത്യേകമായി ബോബ് സ്മാർട്ട് കറന്റ് അക്കൗണ്ടുമുണ്ട്.മൈക്രോ, ചെറുകിട സംരംഭങ്ങൾക്ക് 10 മുതൽ 50 ലക്ഷം രൂപ വരെയുള്ള പ്രവർത്തന മൂലധന വായ്പകൾ വേഗത്തിൽ ലഭ്യമാക്കുന്ന ഡിജിറ്റൽ, ഈട് രഹിത വായ്പ പ്ലാറ്റ്ഫോമാണ് ബോബ് ഡിജി ഉദ്യവും ബാങ്കിനുണ്ട്. ഈ ഉത്സവകാല ഓഫറുകൾ ഓൺലൈനായി ബാങ്കിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും രാജ്യത്തുടനീളമുള്ള ശാഖകളിലൂടെയും ലഭിക്കും.

നിർമ്മാണ രംഗത്ത് മുന്നേറാൻ വനിത കോൺട്രാക്ടർക്ക് വഴി തെളിച്ച് എസിസി

തൃശ്ശൂർ: അദാനി കമ്പനികളുടെ ഭാഗവും സിമന്റ് നിർമാണ രംഗത്തെ പ്രമുഖരുമായ എസിസിയുടെ പിന്തുണയിൽ നിർമ്മാണ രംഗത്ത് മികവുമായി തൃശ്ശൂർ വടാനപ്പള്ളി സ്വദേശിനി സലീന ബീവി. പ്രമുഖ സിവിൽ എഞ്ചിനീയറുടെ ഓഫീസ് സ്റ്റാഫായി തൊഴിൽ ആരംഭിച്ച സലീന എഞ്ചിനീയറുടെ മരണത്തോടെ ജോലികൾ തുടരാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയായിരുന്നു. പരിമിതമായ രീതിയിൽ തുടങ്ങി പിന്നീട് ഓരോ സൈറ്റിലൂടെയും വിശ്വാസ്യത നേടിയെടുത്ത് എസിസിയുടെ വിശ്വസനീയമായ ഡീലർ നെറ്റുവർക്കും മെറ്റീരിയൽ സപ്ലൈയും ആശ്രയിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോയി. പിന്നീട് സ്വന്തമായി ഓഫീസ് സ്ഥാപിക്കുകയും ഒരേ സമയം പത്തു സൈറ്റുകൾ വരെ കൈകാര്യം ചെയ്യുന്ന നിലയിലേക്ക് വളരുകയും ചെയ്തു.ഇന്ന് സലീനയുടെ നേതൃത്വത്തിൽ എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, മെസ്തിരിമാർ, തൊഴിലാളികൾ ഉൾപ്പെടുന്ന 25 അംഗ സംഘമാണ് പ്രവർത്തിക്കുന്നത്. 50ലധികം പ്രോജക്റ്റുകൾ വിജയകരമായി പൂർത്തിയാക്കിയ സലീന, ക്ലയന്റുകളുടെ വിശ്വാസം നേടുന്നതിൽ എസിസിയുടെ വിശ്വസനീയത, പിന്തുണ, സ്ഥിരതയുള്ള സിമന്റ് ഗുണമേന്മ എന്നിവയ്ക്ക് വലിയ പങ്കുണ്ടെന്ന് അടിവരയിടുന്നു.സ്ത്രീകൾക്കും നിർമാണ മേഖലയുടെ നേതൃത്വത്തിലേക്ക് എത്താമെന്ന് തെളിയിക്കുന്ന സലീനയുടെ ഈ യാത്ര, വനിതകളെ ശക്തിപ്പെടുത്താനുള്ള എസിസിയുടെ പ്രതിബദ്ധതയുടെ ഉദാഹരണമാണ്. വിശ്വസനീയമായ നിർമാണ സാമഗ്രികളുടെ ലഭ്യത, പ്രൊഫഷണൽ പിന്തുണ തുടങ്ങിയവയോടെ എസിസി വനിതകളെ നിർമ്മാണ മേഖലകളുടെ നേതൃത്വത്തിലേക്കെത്തിക്കുകയാണ്.

ആക്ഷൻ ടെസ ദേശീയ കാർപെന്റർ ദിനം ആഘോഷിച്ചു

രാജ്യത്തെ പ്രമുഖ എഞ്ചിനീയറിംഗ് വുഡ് പാനൽ ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കളായ ആക്ഷൻ ടെസ ദേശീയ കാർപെന്റർ ദിനം ആഘോഷിച്ചു, ബോളിവുഡ് താരം അജയ് ദേവ്ഗൺ ദിനാഘോഷം ഉദ്ഘാടനം ചെയ്തു. ആഘോഷങ്ങളുടെ ഭാഗമായി അന്നേ ദിവസം രാജ്യ വ്യാപകമായി 50-ലധികം സ്ഥലങ്ങളിൽ 'മെഗാ മീറ്റുകൾ' നടത്തി. തുടർച്ചയായി രണ്ടാം വർഷമാണ് ആക്ഷൻ ടെസ ദേശീയ കാർപെന്റർ ദിനം ആഘോഷിക്കുന്നത്.ആദ്യ വർഷത്തെ ആഘോഷങ്ങളുടെ ഭാഗമായി എംഎസ്എംഇകളുമായി സഹകരിച്ച് രൂപംകൊടുത്ത മൂന്ന് മാസത്തെ നൈപുണ്യ പരിശീലന കോഴ്സായ വുഡ് പാനൽ പ്രോസസ്സിംഗ് ടെക്നിക്സ് പ്രോഗ്രാമിൽ പങ്കെടുത്ത 30 വിദ്യാർത്ഥികൾക്കും 100 ശതമാനം പ്ലേസ്മെന്റ് ലഭിച്ചതായി ആക്ഷൻ ടെസ അറിയിച്ചു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായാണ് ആക്ഷൻ ടെസ പൂർണ്ണമായും സ്പോൺസർ ചെയ്യുന്ന ഈ കോഴ്സ് രൂപകൽപ്പന ചെയ്തതെന്നും എല്ലാ സംസ്ഥാനങ്ങളിലും സമാനമായ കോഴ്സുകൾ ആരംഭിക്കുന്നതിനായി മറ്റ് എംഎസ്എംഇ കേന്ദ്രങ്ങളുമായി സജീവ ചർച്ചകൾ നടത്തിവരികയാണെന്നും കമ്പനി പറഞ്ഞു.ടെസ സലാം, വുഡ് പാനൽ പ്രോസസ്സിംഗ് ടെക്നിക്സ് പോലുള്ള സംരംഭങ്ങളിലൂടെ കാർപെന്റർമാർ നൽകിവരുന്ന സേവനങ്ങളെ ആദരിക്കുക മാത്രമല്ല ശോഭനമായ ഒരു നാളെയുടെ അടിത്തറ പാകുക കൂടി ചെയ്യുന്നതായി ആക്ഷൻ ടെസ മാനേജിംഗ് ഡയറക്ടർ അജയ് അഗർവാൾ പറഞ്ഞു. വരും വർഷങ്ങളിലും കാർപെന്റർമാർക്കും അവരുടെ കുടുംബങ്ങൾക്കും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

ആഗോള സാദ്ധ്യതകളുമായി ടാൽറോപ് വിദ്യാഭ്യാസ ഉച്ചകോടി

തിരുവനന്തപുരം: ടാൽറോപ പുന്തുറയിൽ സംഘടിപ്പിച്ച എഡ്യൂക്കേഷൻ കോൺക്ലേവിന്റെ ഉദ്ഘാടനം ആന്റണി രാജു എം.എൽ.എ നിർവ്വഹിച്ചു. പുതുതലമുറയെ ടെക്നോളജി നിയന്ത്രിത ലോകത്തേക്ക് സജ്ജമാക്കാൻ ടാൽറോപ് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു. നടനും, മജീഷ്യനുമായ രാജ് കലേഷ് ദിവാകരൻ, എഴുത്തുകാരൻ ജോസഫ് അന്നംകുട്ടി ജോസ്, ടാൽറോപ കോ-ഫൗണ്ടറും സി.ഇ.ഒയുമായ സഫീർ നജുമുദ്ദീൻ എന്നിവർ പങ്കെടുത്തു. അമേരിക്കയിലെ സിലിക്കൺ വാലിയുടെ മാതൃകയിലെ ഇക്കോസിസ്റ്റമാണ് കേരളത്തിൽ വികസിപ്പിക്കുന്നതെന്ന് സഫീർ നജുമുദ്ദീൻ പറഞ്ഞു. കേരളത്തിലെ 140 ഇൻഡസ്ട്രി ഓൺ ക്യാംപസുകളാണ് വികസിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങളെ അടുത്തറിയുന്നതിനും അഭിരുചിക്കനുസരിച്ച കരിയർ തിരഞ്ഞെടുക്കാനും മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനും ഇതിലൂടെ സാധിക്കും.കോൺക്ലേവിൽ പന്തുറ പാരിഷ് വികാരി റവ. ഫാ. ഡാർവിൻ പീറ്റർ, ടാൽറോപ് ബോർഡ് ഡയറക്ടർ ആൻഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ജോൺസ് ജോസഫ്, ബോർഡ് ഡയറക്ടർ ആൻഡ് ചീഫ് മീഡിയ ഓഫീസർ ഷമീർ ഖാൻ, കമ്മ്യൂണിറ്റി ഡയറക്ടർ സി.വി ഫസീന, ടാൽറോപിന്റെ മെന്റ്വായ് സ്റ്റാർട്ടപ്പ് സി.ഇ.ഒ യും ഐ.ടി വൈസ് പ്രസിഡന്റുമായ മുഹമ്മദ് സിയാദ്, ടാൽറോപ് ബിസിനസ് ഡെവലപ്പ്മെന്റ് മാനേജർ ദീപക് സുഗതൻ, എക്സിക്യൂട്ടീവ് എസ്. ശരത് തുടങ്ങിയവരും പങ്കെടുത്തു.

കരുത്തോടെ ഇന്ത്യൻ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം

കൊച്ചി: ആഗോള മേഖലയിലെ പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് നടപ്പുവർഷവും ഇന്ത്യൻ സ്റ്റാർട്ടപ്പ് കമ്പനികൾ മികവ് തുടരുന്നു. മുൻവർഷത്തേക്കാൾ നിക്ഷേപ ഒഴുക്കിൽ 23 ശതമാനം ഇടിവുണ്ടായെങ്കിലും ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റമെന്ന പദവി ഇന്ത്യ നിലനിറുത്തി. ജർമ്മനിയെയും ഫ്രാൻസിനെയും പിന്നിലാക്കിയാണ് ഇന്ത്യൻ സ്റ്റാർട്ടപ്പുകൾ മികച്ച പ്രകടനം തുടരുന്നത്. നടപ്പുവർഷം ആദ്യ ഒൻപത് മാസത്തിൽ 770 കോടി ഡോളറിന്റെ(68,000 കോടി രൂപ) നിക്ഷേപമാണ് സ്റ്റാർട്ടപ്പുകളിലെത്തിയത്. യു.എസ്.എയും യു.കെയും മാത്രമാണ് പട്ടികയിൽ ഇന്ത്യയ്ക്ക് മുകളിലുള്ളത്. അതേസമയം കഴിഞ്ഞ വർഷം ഇതേകാലയളവിൽ നേടിയ 1,010 കോടി ഡോളറിനേക്കാൾ 23 ശതമാനം ഇടിവ് ഇത്തവണയുണ്ടായി.നിക്ഷേപ മൂല്യം കുറഞ്ഞെങ്കിലും നിലവിലുള്ള കമ്പനികളിൽ അധികതുക മുടക്കുന്നവരുടെ എണ്ണം ഉയരുകയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മികച്ച വളർച്ച സാദ്ധ്യതയുള്ള നിരവധി കമ്പനികൾ ഇന്ത്യയിൽ ഉയർന്നു വരുന്നുവെന്നാണ് വ്യക്തമാകുന്നത്. എന്റർപ്രൈസ് ആപ്ലിക്കേഷൻ, റീട്ടെയിൽ ടെക്ക്, ട്രാൻസ്പോർട്ടേഷൻ ആൻഡ് ലോജിസ്റ്റിക്സ് ടെക്ക് തുടങ്ങിയ മേഖലകളിലേക്കാണ് പ്രധാനമായും നിക്ഷേപം ഒഴുകുന്നത്.സ്റ്റാർട്ടപ്പ് മേഖല മികച്ച വളർച്ച നേടിയതോടെ ഇന്ത്യയിൽ പുതിയ നാല് യൂണികോണുകളാണ് നടപ്പുവർഷമുണ്ടായത്. നൂറ് കോടി ഡോളറിലധികം(8,800 കോടി രൂപ) മൂല്യമുള്ള സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളാണ് യൂണികോണുകൾ എന്നറിയപ്പെടുന്നത്. പുതിയ കണക്കുകളനുസരിച്ച് 122 യൂണികോണുകളാണ് ഇന്ത്യയിൽ മൊത്തമുള്ളത്. രാജ്യത്തെ യൂണികോൺ തലസ്ഥാനമെന്ന സ്ഥാനം ഇത്തവണയും ബംഗളുരു നിലനിറുത്തി. മൊത്തം 20 യൂണികോണുകളുമായി ഗുർഗാവും 18 എണ്ണവുമായി മുംബയും തൊട്ടുപിന്നിലുണ്ട്.സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് വ്യവസായ രംഗം മികച്ച പ്രകടനം കാഴ്ചവക്കുകയാണ്. പ്രതിവർഷം 20 ശതമാനം വളർച്ചയോടെ നീങ്ങുന്ന സ്റ്റാർട്ടപ്പ് രംഗത്ത് ജന ജീവിതം ലളിതമാക്കുന്ന നിരവധി ടെക്ക് ഉത്പന്നങ്ങളാണ് തയ്യാറാകുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, കാർഷിക, കാലാവസ്ഥ, ഡിജിറ്റൽ മേഖലകളിൽ 6,500ൽ അധികം രജിസ്റ്റേർഡ് സ്റ്റാർട്ടപ്പുകളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ വ്യക്തമായ ആസൂത്രണത്തോടെ നടത്തിയ പ്രവർത്തനങ്ങളാണ് ഈ രംഗത്ത് കേരളത്തിന് നേട്ടമായത്.നടപ്പുവർഷത്തെ വലിയ സ്റ്റാർട്ടപ്പ് നിക്ഷേപങ്ങൾഎറിഷ ഇ മൊബിലിറ്റി: 100 കോടി ഡോളർ

ഡിസംബറോടെ കേരളത്തിൽ ബി.എസ്.എൻ.എൽ 5ജി സേവനങ്ങൾ

തിരുവനന്തപുരം: കേരളത്തിൽ ഡിസംബറോടെ അഞ്ചാം തലമുറ ടെലികോം(5ജി) സേവനങ്ങൾ ബി.എസ്.എൻ.എൽ ലഭ്യമാക്കും. തദ്ദേശീയമായി നിർമ്മിച്ച 4ജി നെറ്റ്വർക്ക് സംവിധാനം ഇന്നുമുതൽ സംസ്ഥാനത്ത് പൂർത്തിയാകും. ഇതോടൊപ്പം ഇ.സിം പദ്ധതിയും ലഭ്യമാകുമെന്ന് ബി.എസ്.എൻ.എൽ കേരള സർക്കിൾ ചീഫ് ജനറൽ മാനേജർ ആർ.സജികുമാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.തദ്ദേശീയ 4ജി നെറ്റ്വർക്ക് രാജ്യം മുഴുവൻ നടപ്പാക്കുന്നതിന്റെ പ്രഖ്യാപനം ഒഡിഷയിൽ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിക്കും. ഒക്ടോബർ ഒന്നിന് ബി.എസ്.എൻ.എൽ രൂപീകരിച്ചതിന്റെ 25ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് വിപ്ലവകരമായ സേവനങ്ങൾ ലഭ്യമാക്കുന്നത്. തേജസ് നെറ്റ് വർക്ക്, സിഡോട്ട്, ടി.സി.എസ് എന്നിവയുമായി ചേർന്നാണ് 4ജി ശൃംഖല വികസിപ്പിച്ചത്.സ്വന്തം സാങ്കേതികവിദ്യ ഉപയോഗിച്ച് ടെലികോം സേവനങ്ങൾ നൽകുന്ന ലോകത്തെ ആറാമത്തെ രാജ്യമാണ് ഇന്ത്യ.അടുത്ത ഘട്ടത്തിൽ 5ജി സേവനം നൽകാനും നിലവിലെ നെറ്റ്വർക്കിൽ സംവിധാനമുള്ളതിനാൽ അധിക ചെലവുണ്ടാകില്ല. 4ജി നെറ്റ്വർക്കിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിച്ച് പൂർണ സജ്ജമാകുമ്പോൾ 5ജി സേവനങ്ങളും ഉറപ്പാക്കുന്നതിനായി രാജ്യമൊട്ടാകെ ഒരു ലക്ഷത്തിനടുത്ത് ടവറുകളാണ് സ്ഥാപിച്ചത്. കേരളത്തിൽ 7,200 ടവറുകളുണ്ട്. മൊബൈൽ,ഇന്റർനെറ്റ്,വൈഫൈ സേവനങ്ങൾ മികച്ച രീതിയിൽ തടസങ്ങളില്ലാതെ കിട്ടുമെന്ന് ചീഫ് ജനറൽ മാനേജർ അറിയിച്ചു.4ജി തുടങ്ങിയതോടെ സംസ്ഥാനത്തെ 3ജി സേവനങ്ങൾ അവസാനിപ്പിക്കും. നിലവിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ത്രിജി സേവനങ്ങൾ നിറുത്തി. 311 സ്ഥലങ്ങളിൽ ഇന്നു മുതൽ 4ജി സേവനങ്ങൾ കിട്ടും. കെ.എസ്.ഇ.ബി.യുടെ ഡാം സൈറ്റുകൾ, ഉൾവനങ്ങളിലുള്ള ആദിവാസി ഊരുകൾ എന്നിവിടങ്ങളാണ് ശേഷിക്കുന്നത്. 4ജി വരുന്നതോടെ സംസ്ഥാനത്ത് ബി.എസ്.എൻ.എൽ.വരുമാനം 2,500കോടി രൂപയാകുമെന്നും സജികുമാർ പറഞ്ഞു.ഫിസിക്കൽ സിം കാർഡിന് പകരം ഇലക്ട്രോണിക് സിം ഇന്ന് മുതൽ സൗജന്യമായി നൽകും. ബി.എസ്.എൻ.എൽ കസ്റ്റമർ കെയർ കേന്ദ്രങ്ങളിൽ നിന്ന് ഇവ വാങ്ങാം. ആപ്പിൾ,ഗൂഗിൾ ഫോണുകളിലും വില കൂടിയ സാംസംഗ് ഫോണുകളിലും ഐ ടെക് ഫോണുകളിലുമാണ് ഇ.സിം ഉപയോഗിക്കുന്നത്.



സ്ത്രീകളിൽ ഹൃദയാഘാത, പക്ഷാഘാത സാധ്യത കൂടാൻ കോവിഡ് കാരണം– പഠനം

കോവിഡിനുശേഷം ദീർഘകാല ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവർ നിരവധിയുണ്ട്. കടുത്ത ക്ഷീണം, ബ്രെയിൻ ഫോഗ്, രുചിയും മണവും നഷ്ടപ്പെടുക, ചുമ, തലവേദന തുടങ്ങി പലരീതിയിൽ ലോങ് കോവിഡിന്റെ ലക്ഷണങ്ങൾ പ്രകടമാകും. എന്നാൽ ഇതുമാത്രമല്ല ഹൃദയസംബന്ധമായ ആരോഗ്യപ്രശ്നങ്ങൾക്കും കോവിഡ് കാരണമാകുന്നുവെന്നാണ് പുതിയൊരു പഠനം പറയുന്നത്. ഹൃദയത്തിലെ രക്തക്കുഴലുകൾ കട്ടികൂടുന്നതിന് കോവിഡ് അണുബാധ കാരണമാകുന്നുവെന്നാണ് പഠനത്തിലുള്ളത്. പ്രായം കൂടുന്നതിനനുസരിച്ച് രക്തക്കുഴലുകൾ കട്ടിയാകുന്നത് സ്വാഭാവികമാണ്. എന്നാൽ കോവിഡ് അണുബാധയോടെ ഇതിന് ആക്കം കൂടുന്നുവെന്നാണ് പഠനത്തിലുള്ളത്. രക്തക്കുഴലുകൾ കട്ടിയാകുന്നത് പക്ഷാഘാതം, ഹൃദയാഘാതം തുടങ്ങിയവയ്ക്കുള്ള സാധ്യത വർധിപ്പിക്കുമെന്നും ഗവേഷകർ പറയുന്നു. ഫ്രാൻസിലെ പാരീസ് സിറ്റി യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഗവേഷകരാണ് പഠനത്തിനു പിന്നിൽ. പ്രൊഫസറായ റോസ മരിയ ബ്രൂണോയുടെ നേതൃത്വത്തിലാണ് പഠനം നടത്തിയത്. കോവിഡ് അണുബാധ, പ്രത്യേകിച്ച് സ്ത്രീകളിൽ രക്തക്കുഴലുകളുടെ പ്രായം അഞ്ച് വർഷം കൂട്ടുമെന്നാണ് പഠനത്തിലെ കണ്ടെത്തൽ. യൂറോപ്യൻ ഹാർട്ട് ജേർണലിലാണ് പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

കോവിഡ് നേരിട്ട് രക്തക്കുഴലുകളെ ബാധിക്കുന്നുണ്ടെന്നത് നേരത്തേ കണ്ടെത്തിയിട്ടുള്ളതാണെന്നും ഇതാവാം രക്തക്കുഴലുകൾ പ്രായമാകുന്നതിന് പിന്നിലെന്നും ഗവേഷകർ പറയുന്നു. അതിനാൽ ഈ സാധ്യത നേരത്തേ തിരിച്ചറിഞ്ഞ് അപകടസാധ്യതകൾ പരിശോധിക്കുന്നത് ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങിയവ പ്രതിരോധിക്കാൻ സഹായിക്കുമെന്നും ഗവേഷകർ വ്യക്തമാക്കി. ഓസ്ട്രിയ, ഓസ്ട്രേലിയ, ബ്രസീൽ, കാനഡ, സൈപ്രസ്, ഫ്രാൻസ്, ഗ്രീസ്, ഇറ്റലി, മെക്സിക്കോ, നോർവേ, ടർക്കി, യു.കെ. യു.എസ്. തുടങ്ങി പതിനാറോളം രാജ്യങ്ങളിൽ നിന്നുള്ള 2390 പേരുടെ വിവരങ്ങൾ ശേഖരിച്ചാണ് പഠനം നടത്തിയത്. 2020 സെപ്തംബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള കാലയളവിലാണ് പഠനം നടത്തിയത്. ഒരിക്കലും കോവിഡ് വന്നിട്ടില്ലാത്തവർ, അടുത്തിടെ കോവിഡ് വന്നെങ്കിലും ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ലാത്തവർ, കോവിഡ് ബാധിച്ച് ആശുപത്രി ചികിത്സയിൽ കഴിഞ്ഞവർ, ഐ.സി.യു.വിൽ കഴിഞ്ഞവർ എന്നിങ്ങനെ നാല് വിഭാഗങ്ങളാക്കിയാണ് പഠനം തുടർന്നാണ് ഒരിക്കലും കോവിഡ് വന്നിട്ടില്ലാത്തവരെ അപേക്ഷിച്ച് കോവിഡ് സ്ഥിരീകരിച്ചവരിൽ രക്തക്കുഴലുകൾ കട്ടിയായതായി കണ്ടെത്തിയത്. സ്ത്രീകളിലും കോവിഡിനുശേഷം അമിതക്ഷീണം, ശ്വാസതടസ്സം തുടങ്ങിയവ നീണ്ടുനിന്നവരിലും ഇതിനുള്ള സാധ്യത കൂടുതലാണെന്നും കണ്ടെത്തി. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ കൂടുന്നതിന് പിന്നിൽ പ്രതിരോധശേഷിയുടെ പ്രവർത്തനത്തിലെ വ്യത്യാസമാകാമെന്നാണ് ഗവേഷകർ കരുതുന്നത്.ജീവിതശൈലിയിലെ മാറ്റങ്ങൾ, കൊളസ്ട്രോൾ, രക്തസമ്മർദം തുടങ്ങിയവ നിയന്ത്രിച്ച് നിർത്തുക തുടങ്ങിയവ അപകടസാധ്യത കുറയ്ക്കുമെന്നും പഠനത്തിലുണ്ട്.

വ്യായാമം മുടക്കാൻ ഇനി കാരണങ്ങൾ തേടേണ്ട, തളർച്ചയും മടുപ്പും ഒഴിവാക്കി രസകരമാക്കാൻ വഴിയുണ്ട്

ആരോഗ്യകരമായ ജീവിതരീതിയിൽ ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് വ്യായാമം. സ്ഥിരമായി വ്യായാമം ചെയ്യുന്നതിലൂടെ ശാരീരികോന്മേഷം, മെച്ചപ്പെട്ട ഉറക്കം, കുറഞ്ഞ രോഗസാധ്യത തുടങ്ങി നിരവധി ഗുണങ്ങളുണ്ട്. എന്നാൽ വ്യായാമത്തിന്റെ പ്രാധാന്യം മനസിലാക്കുമ്പോഴും ദൈനംദിന ജീവിതത്തിലെ തിരക്കുകളും മാനസിക പിരിമുറുക്കവും മൂലം വ്യായാമം ചെയ്യുന്നത് വലിയ ഭാരമായി തോന്നിയേക്കാം. പലരും വ്യായാമം ചെയ്യാനുള്ള പ്രചോദനം ഇല്ലാത്തതിനാൽ പ്രയത്നം പാതിവഴിയിൽ ഉപേക്ഷിക്കാറുണ്ട്, പ്രത്യേകിച്ചും മാനസികമായി തളർന്നിരിക്കുമ്പോൾ. എന്നാൽ വ്യായാമചര്യയിൽ മാറ്റങ്ങൾ വരുത്തുന്നതും പുതിയ ചില പരീക്ഷണങ്ങൾ നടത്തുന്നതും വ്യായാമം ചെയ്യാനുള്ള തളർച്ചയും മടുപ്പും ഒഴിവാക്കാൻ സഹായകമാണെന്നാണ് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്.വ്യായാമത്തിനിടെ ഇഷ്ടപ്പെട്ട പാട്ടുകൾ കേൾക്കുന്നത് വ്യായാമം ചെയ്യുമ്പോഴുള്ള പ്രകടനവും പ്രചോദനവും മെച്ചപ്പെടുത്തുമെന്ന് എഡിൻബറോ സർവകലാശാലയിലെ പുതിയ പഠനങ്ങൾ തെളിയിച്ചിരിക്കുകയാണ്. പൂർണ ആരോഗ്യവാന്മാരായ പതിനെട്ട് പേരിലാണ് പരീക്ഷണം നടന്നത്. അഞ്ചു കിലോമീറ്റർ 'ഇന്റർവെൽ റണ്ണിങ്' രീതിയിൽ, നിശ്ചിത ഇടവേളകളോട് കൂടി നടത്തിയ വ്യായാമ പരീക്ഷണത്തിൽ പാട്ട് കേട്ട് ടാസ്ക് പൂർത്തിയായവരിൽ കൂടുതൽ ഉന്മേഷവും മികച്ച പ്രകടനവും കാഴ്ചവെച്ചതായി ഗവേഷകർ കണ്ടെത്തി. പങ്കെടുത്തവരുടെ ഹൃദയമിടിപ്പും അവർക്കുണ്ടായ ആയാസവും നിരീക്ഷിച്ചുകൊണ്ടായിരുന്നു പഠനം.

സ്ഥിരമായ ശാരീരിക പ്രവർത്തനങ്ങൾ മെച്ചപ്പെട്ട മാനസികാവസ്ഥ, വർധിച്ച ഊർജ്ജം, മെച്ചപ്പെട്ട ഉറക്കം, വിട്ടുമാറാത്ത രോഗങ്ങൾക്കുള്ള സാധ്യത കുറയ്ക്കൽ എന്നിവയുൾപ്പെടെ വിപുലമായ ഗുണങ്ങൾ നൽകുന്നു. സ്ഥിരമായി ചെയ്യുകയും ആസ്വാദ്യകരമായ ദിനചര്യകളുമായി സംയോജിപ്പിക്കുകയും ചെയ്യുമ്പോൾ, ചെറിയ തോതിലുള്ള വ്യായാമങ്ങൾ പോലും വളരെ പ്രയോജനകരമാണെന്ന് വിദഗ്ധർ ഊന്നിപ്പറയുന്നു.

വ്യായാമത്തിന്റെ ഗുണഫലങ്ങൾ

പ്രായം, ലിംഗഭേദം, അല്ലെങ്കിൽ ഫിറ്റ്നസ് നില എന്നിവ പരിഗണിച്ചുകൊണ്ടുള്ള, സ്ഥിരമായ ശാരീരിക പ്രവർത്തനങ്ങൾ എല്ലാവർക്കും പ്രയോജനകരമാണ്. ഹൃദ്രോഗം, ഉയർന്ന രക്തസമ്മർദ്ദം, ടൈപ്പ് 2 പ്രമേഹം, പക്ഷാഘാതം, സന്ധിവാതം തുടങ്ങിയ അവസ്ഥകളെ നിയന്ത്രിക്കാനും കലോറി എരിച്ചുകളഞ്ഞ് ശരീരഭാരം

ശാരീരിക ആരോഗ്യത്തിനപ്പുറം, വ്യായാമം മാനസികാരോഗ്യത്തെ നല്ല രീതിയിൽ സ്വാധീനിക്കുന്നു. ഹൃദയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ പേശികളിലേക്കും കോശങ്ങളിലേക്കുമുള്ള ഓക്സിജൻ പ്രവാഹം സുഗമമാക്കാനും വ്യായാമം സഹായിക്കുന്നു. ശാരീരിക പ്രവർത്തനങ്ങൾ ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വേഗത്തിൽ ഉറങ്ങാൻ സഹായിക്കുകയും ചെയ്യും. ഊർജ്ജം, ആത്മവിശ്വാസം, ലൈംഗിക ഉത്തേജനം എന്നിവ വർദ്ധിപ്പിക്കുന്നതിലൂടെ ഇത് ലൈംഗികാരോഗ്യവും മെച്ചപ്പെടുത്തുന്നു.

നൃത്തം, ഹൈക്കിംഗ്, ടീം സ്പോർട്സ് പോലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് മറ്റുള്ളവരുമായി സൗഹൃദം ഉണ്ടാക്കാനും മാനസികോന്മേഷം നൽകാനും സഹായകമാകുന്നു. ആഴ്ചയിൽ കുറഞ്ഞത് 150 മിനിറ്റ് മിതമായ എയറോബിക് വ്യായാമമോ 75 മിനിറ്റ് കഠിനമായ വ്യായാമമോ ആരോഗ്യ വിദഗ്ധർ ശുപാർശ ചെയ്യുന്നുണ്ട്.

പടികൾ കയറുക, ഇടവേളകളിൽ നടക്കുക, വീട്ടുജോലികൾ ചെയ്യുക എന്നിവയെല്ലാം ശരീരം സജീവമായിരിക്കുന്നതിന്റെ ഭാഗമായി കണക്കാക്കാം. ഈ പ്രവർത്തനങ്ങളെ പ്രചോദനാത്മകമായ സംഗീതവുമായി സംയോജിപ്പിക്കുകയോ ആസ്വദിക്കുന്ന വ്യായാമ രൂപങ്ങൾ തിരഞ്ഞെടുക്കുകയോ ചെയ്യുന്നത് ശാരീരിക പ്രവർത്തനങ്ങളെ സുസ്ഥിരവും പ്രതിഫലദായകവുമാക്കും.

ചർമത്തിൽ മാജിക് തീർക്കും റോസാപ്പൂ ഈ ഫെയ്സ് പായ്ക്കുകൾ അറിയൂ

സൗന്ദര്യ സംരക്ഷണത്തിന് പ്രകൃതിദത്ത മാർഗങ്ങൾ സ്വീകരിക്കുന്നവർ ഇന്ന് ഏറെയാണ്. രാസപദാർഥങ്ങളടങ്ങിയ സൗന്ദര്യവർധക വസ്തുക്കളേക്കാൾ കൂടുതൽ സുരക്ഷിതവും ഫലപ്രദവും പ്രകൃതിദത്ത മാർഗങ്ങളാണെന്ന തിരിച്ചറിവ് മൂലമാണിത്. സൗന്ദര്യ സംരക്ഷണത്തിനായി ഏറ്റവുമധികം ആശ്രയിക്കാവുന്ന ഒന്ന് നമ്മുടെയൊക്കെ വീട്ടുമുറ്റങ്ങളിൽ ഉണ്ടാവും. റോസാച്ചെടികൾ. ഭംഗിക്കും സുഗന്ധത്തിനും പുറമേ റോസപ്പൂക്കളിലെ ആന്റി ഓക്സിഡന്റ് ആന്റി –ഇൻഫ്ലമേറ്ററി ഗുണങ്ങൾ ഒട്ടുമിക്ക ചർമ പ്രശ്നങ്ങൾക്കുമുള്ള പരിഹാരമാർഗമാണ്. ഇത്തരത്തിൽ റോസപ്പൂക്കൾ ഉപയോഗിച്ച് തയാറാക്കാവുന്ന ചില ഫെയ്സ് പായ്ക്കുകൾ പരിചയപ്പെടാം.

ചർമത്തിനു പോഷണം നൽകാൻ റോസ് ഹണി ഫെയ്സ് പായ്ക്ക്

റോസ് പൂവിൽ നിന്നും ഇതളുകൾ എടുത്ത് നന്നായി കഴുകിയെടുക്കുക. ഈ ഇതളുകൾ മുന്നോ നാലോ മണിക്കൂർ നേരം അൽപം റോസ് വാട്ടറിൽ മുക്കി വയ്ക്കാം. അതിനുശേഷം ഇവ രണ്ടും അരച്ച് പേസ്റ്റ് പരുവത്തിലാക്കുക. ഈ പേസ്റ്റിലേക്ക് ഒന്നോ രണ്ടോ ടേബിൾ സ്പൂൺ പ്രകൃതിദത്ത തേൻ യോജിപ്പിച്ച ശേഷം അരമണിക്കൂർ നേരം ഫ്രിജിൽ വച്ച് തണുപ്പിക്കാം. അതിനുശേഷം മിശ്രിതം മുഖത്ത് പുരട്ടി ചെറുതായി മസാജ് ചെയ്യുക. 15 മിനിറ്റുകൾക്കു ശേഷം കഴുകി കളയാം. ചർമത്തിലേക്ക് ഇറങ്ങിച്ചെന്ന് ആഴത്തിൽ പോഷണം നൽകാനും മൃദുത്വവും ആരോഗ്യവും നിലനിർത്താനും ഏറ്റവും ഉപകാരപ്രദമായ ഫെയ്സ് പായ്ക്കാണിത്.

പാലും റോസും കലർത്തിയ ഫെയ്സ് പായ്ക്ക്

ഫ്രഷ് റോസാപ്പൂവിന്റെ ഇതളുകൾ അടർത്തി നന്നായി കഴുകിയ ശേഷം അരച്ചെടുക്കാം. ഇതിലേക്ക് രണ്ട് സ്പൂൺ കടലമാവും തിളപ്പിക്കാത്ത പാലും ചേർത്ത് മിശ്രിതം തയാറാക്കണം. ഈ പായ്ക്ക് മുഖത്തും കഴുത്തിലുമാകെ പുരട്ടിയശേഷം 20 മിനിറ്റ് നേരം നന്നായി ചർമത്തിൽ പ്രവർത്തിക്കാൻ അനുവദിക്കുക. അതിനുശേഷം കഴുകിക്കളയാം. കടലമാവും പച്ചപ്പാലും ചേർന്നിരിക്കുന്നതുകൊണ്ട് ചർമത്തിലെ മൃതകോശങ്ങളെ നീക്കാൻ അത്യുത്തമമാണ് ഈ ഫെയ്സ് പായ്ക്ക്. ഇവയിലെ എല്ലാ ഘടകങ്ങളും ത്വക്കിന്റെ പിഎച്ച് ബാലൻസും ജലാംശവും നിലനിർത്താൻ സഹായിക്കും. ചർമത്തിന്റെ ആരോഗ്യം മെച്ചപ്പെടുന്നതിനൊപ്പം പാടുകൾ അകറ്റാനും ഈ ഫെയ്സ് പായ്ക്ക് ഇടവിട്ട് ഉപയോഗിക്കുന്നതിലൂടെ സാധിക്കും.

ചർമം വൃത്തിയാക്കാൻ റോസ് സാൻഡൽ പൗഡർ ഫെയ്സ് പായ്ക്ക്

ഫെയ്സ് പായ്ക്ക് തയാറാക്കുന്നതിനായി രണ്ടു റോസപ്പൂക്കളിൽനിന്നും ഇതളുകൾ ശേഖരിച്ച് കഴുകി അരച്ചെടുക്കുക. ഇതിലേക്ക് ഒന്നോ രണ്ടോ ടേബിൾ സ്പൂൺ സാൻഡൽ പൗഡറിട്ട് തിളപ്പിക്കാത്ത പാൽ ഒഴിച്ച് നന്നായി യോജിപ്പിച്ച് മിശ്രിതം തയാറാക്കാം. പായ്ക്ക് മുഖമാകെ പുരട്ടിയശേഷം പൂർണമായി ഉണങ്ങുന്നത് വരെ കാത്തിരിക്കണം. അതിനുശേഷം കഴുകി കളയാം. ഫ്രീ റാഡിക്കലുകളെ നീക്കം ചെയ്ത് ചർമത്തെ പുനരുജ്ജീവിപ്പിച്ച് വൃത്തിയാക്കിയെടുക്കാൻ ഈ ഫെയ്സ് പായ്ക്കിന് സാധിക്കും. ചർമ സുഷിരങ്ങളിലെ അഴുക്കുകൾ നീക്കം ചെയ്യാൻ സഹായിക്കും

കറ്റാർവാഴ –റോസ് പായ്ക്ക്

ചർമത്തിനു നിർജലീകരണം സംഭവിച്ചാൽ ആരോഗ്യം നഷ്ടപ്പെട്ട് ചർമപ്രശ്നങ്ങൾ വളരെ വേഗത്തിൽ പിടിപെടും. ഇതിന് പരിഹാരം കണ്ടെത്താൻ റോസപ്പൂവിന്റെ ഇതളുകൾ അടർത്തിയെടുത്ത് അതിലേക്ക് അൽപം കറ്റാർവാഴ ജെൽ ചേർത്ത ശേഷം അരച്ച് പേസ്റ്റ് പരുവത്തിലാക്കുക. അയഞ്ഞ പരുവത്തിൽ കിട്ടാൻ ആവശ്യമെങ്കിൽ റോസ് വാട്ടർ ഉപയോഗിക്കാം. ഈ പായ്ക്ക് മുഖത്ത് പുരട്ടി 20 മിനിറ്റിനു ശേഷം കഴുകിക്കളയാവുന്നതാണ്. ചർമത്തിലെ ജലാംശം നിലനിർത്താനും സ്വാഭാവിക തിളക്കം നൽകാനും ഈ പായ്ക്ക് സഹായിക്കും. മുഖക്കുരുവും പാടുകളും വളരെ വേഗത്തിൽ നീങ്ങി കിട്ടാനും ഇത് സഹായകരമാണ്.

തൈരും റോസാപ്പൂവും

പായ്ക്ക് തയാറാക്കുന്നതിനായി രണ്ടു റോസപ്പൂക്കളിൽ നിന്നും ഇതളുകൾ ശേഖരിച്ച് അരച്ചെടുക്കാം. ഒരു ടേബിൾ സ്പൂൺ പ്രകൃതിദത്ത തേൻ എടുത്തശേഷം അൽപമൊന്ന് ചൂടാക്കി ഒഴുകുന്ന പരുവത്തിലാക്കുക. അതിനുശേഷം ഈ തേനും ഒരു സ്പൂൺ തൈരും രണ്ട് ടേബിൾ സ്പൂൺ റോസ് വാട്ടറും റോസപ്പൂവരച്ചു തയാറാക്കിയ പേസ്റ്റിലേക്ക് നന്നായി യോജിപ്പിച്ചു ചേർക്കുക. ഈ പായ്ക്ക് മുഖത്തു പുരട്ടി 15 –20 മിനിറ്റിനു ശേഷം കഴുകിക്കളയാം. സൺ ടാൻ നീക്കം ചെയ്യാനും ചർമത്തിന്റെ സ്വാഭാവിക നിറം വർധിപ്പിക്കാനും കേടായ കോശങ്ങൾ നീക്കം ചെയ്യാനും ചർമത്തിനു പുത്തനുണർവ് നൽകാനുമൊക്കെ ഈ പായ്ക്ക് ഉത്തമമാണ്.

കൊഴുപ്പിനെ ഇല്ലാതാക്കാൻ സഹായിക്കുന്ന 8 പാനീയങ്ങൾ; രാത്രി ഉറങ്ങുന്നതിനു മുൻപ് ഇവ പരീക്ഷിക്കാം



രാത്രി കിടക്കും മുൻപ് ചില പാനീയങ്ങൾ കുടിക്കുന്നത് ദഹനം മെച്ചപ്പെടുത്താനും സ്ട്രെസ്സ് കുറയ്ക്കാനും ഉപാപചയപ്രവർത്തനം വർധിപ്പിക്കാനും കൊഴുപ്പ് ഇല്ലാതാക്കാനും സഹായിക്കും. ഇത്തരത്തിൽ ആരോഗ്യമേകുന്ന ചില പാനീയങ്ങളെ അറിയാം.

ഇളംചൂടുള്ള നാരങ്ങാവെള്ളം

നാരങ്ങാവെള്ളത്തിൽ വൈറ്റമിൻ സി ധാരാളമുണ്ട്. ഇത് ഉപാപചയപ്രവർത്തനം വർധിപ്പിക്കും. രാത്രി കിടക്കും മുൻപ് ഇളംചൂടു വെള്ളത്തിൽ നാരങ്ങാചേർത്ത വെള്ളം കുടിക്കുന്നത് ശരീരത്തിലെ വിഷാംശങ്ങളെ നീക്കാനും ദഹനം മെച്ചപ്പെടുത്താനും രാത്രി കൊഴുപ്പിനെ ഇല്ലാതാക്കാനുള്ള ശരീരത്തിന്റെ കഴിവ് കൂട്ടാനും സഹായിക്കും. സ്വന്തം ആരോഗ്യസ്ഥിതി കൂടി കണക്കിലെടുത്ത് ഒരു ഡോക്ടറിന്റെ നിർദേശപ്രകാരം ഈ പാനീയം ശീലമാക്കുന്നതാണ് നല്ലത്.

കറുവാപ്പട്ട വെള്ളം

കറുവാപ്പട്ടയ്ക്ക് ആന്റിഓക്സിഡന്റ്, ആന്റി ഇൻഫ്ലമേറ്ററി ഗുണങ്ങളുണ്ട്. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും കൊഴുപ്പ് ശേഖരിക്കുന്നത് കുറയ്ക്കാനും സഹായിക്കും. കറുവാപ്പട്ട ചേർത്ത ഇളം ചൂട് വെള്ളം രാത്രി കുടിക്കുന്നത് കാലറി ബേൺ ചെയ്യാൻ സഹായിക്കും.

ഉലുവ വെള്ളം

ശരീരത്തിലെ കൊഴുപ്പ് കുറയ്ക്കാൻ ഉലുവ സഹായിക്കും. ഉലുവ കുതിർത്ത വെള്ളം കുടിക്കുന്നത് ദഹനം മെച്ചപ്പെടുത്താനും ശരീരഭാരം കുറയ്ക്കാനും സഹായകമാകും.

കമൊമൈൽ ടീ

സ്ട്രെസ്സ് കുറയ്ക്കാനും ഉറക്കം മെച്ചപ്പെടുത്താനും കമൊമൈൽ ടീ സഹായിക്കും. ഇത് ശരീരത്തെ ശാന്തമാക്കുകയും കൊഴുപ്പിന്റെ ശേഖരണവുമായി ബന്ധപ്പെട്ട കോർട്ടിസോൾ ഹോർമോണിന്റെ അളവ് കുറയ്ക്കുകയും ചെയ്യും. നല്ല ഉറക്കം ലഭിച്ചാൽ കൊഴുപ്പിന്റെ ഉപാപചയപ്രവർത്തനവും ഫലപ്രദമായി നടക്കും.

ഇഞ്ചി, നാരങ്ങാച്ചായ

ഇഞ്ചിക്കും നാരങ്ങായ്ക്കും ആന്റിഓക്സിഡന്റ്, തെർമോജനിക് ഗുണങ്ങളുണ്ട്. ഇത് കൊഴുപ്പിന്റെ വിഘടനത്തിന് സഹായകമാണ്. ഇഞ്ചിയും നാരങ്ങയും ചേർത്തുണ്ടാക്കുന്ന ഹെർബൽ ചായ രാത്രിയിൽ കുടിക്കുന്നത് ശരീരത്തിന്റെ ചൂട് നിലനിർത്തുകയും ഉറക്കത്തിൽ കാലറി ബേൺ ചെയ്യാൻ സഹായിക്കുകയും ചെയ്യും. രോഗപ്രതിരോധശക്തി വർധിപ്പിക്കാനും ഈ ഹെർബൽ ചായ കുടിക്കുന്നതിലൂടെ സാധിക്കും.

ഒരു കാര്യം ഓർക്കണം, ഓരോരുത്തരുടെയും ശരീരഘടന, ആരോഗ്യസ്ഥിതി എന്നിവ വളരെ വ്യത്യാസപ്പെട്ടിരിക്കും. അതിനാൽ ആരോഗ്യസംബന്ധമായി ഭക്ഷണശീലത്തിലോ മറ്റോ എന്ത് മാറ്റം വരുത്തിയാലും ഒരു ഡോക്ടറിന്റെയോ ഡയറ്റീഷ്യന്റെയോ നിർദേശം നിർബന്ധമായും തേടണം. മേൽപറഞ്ഞ പാനീയങ്ങൾ സ്ഥിരമാക്കുന്നതിനു മുൻപും വിദഗ്ധോപദേശം തേടുന്നത് നല്ലതാണ്.

തൈറോയ്ഡ് കാൻസർ ലക്ഷണങ്ങൾ തിരിച്ചറിയണം!

കഴുത്തിനു സമീപം ചിത്രശലഭത്തിന്റെ ആകൃതിയിൽ കാണപ്പെടുന്ന ഗ്രന്ഥിയാണ് തൈറോയ്ഡ്. തൈറോയ്ഡ് ഗ്രന്ഥിയിലെ കലകളിൽ ഉണ്ടാകുന്ന അർബുദമാണ് തൈറോയ്ഡ് കാൻസർ. നേരത്തെ കണ്ടെത്തിയാൽ ഈ അർബുദം ചികിത്സിച്ചു മാറ്റാൻ സാധിക്കും. ഹൃദയമിടിപ്പിന്റെ നിരക്ക്, രക്തസമ്മർദം, ശരീരതാപനില, ശരീരഭാരം ഇവയെ നിയന്ത്രിക്കുന്ന ഹോർമോണുകൾ തൈറോയ്ഡ് ഗ്രന്ഥി ഉൽപാദിപ്പിക്കുന്നു തൈറോയ്ഡ് കാൻസർ അപൂർവമാണെങ്കിലും ഈ അടുത്തകാലത്ത് ഈ രോഗം ബാധിക്കുന്നവരുടെ എണ്ണം വർധിച്ചു വരുന്നുണ്ട്. ഏതു പ്രായത്തിലും തൈറോയ്ഡ് കാൻസർ ബാധിക്കാം. എങ്കിലും 30 മുതൽ 60 വയസ്സു വരെയുള്ള സ്ത്രീകളെയാണ് ഇത് സാധാരണയായി ബാധിക്കുന്നത്. ബയോപ്സിയിലൂടെ രോഗനിർണയം സാധ്യമാണ്. തൈറോയ്ഡ് കാൻസറിന്റെ അഞ്ച് പ്രാരംഭലക്ഷണങ്ങളെ അറിയാം.

1. കഴുത്തിൽ ചെറിയ മുഴയോ വീക്കമോ

കഴുത്തിന്റെ മുൻഭാഗത്ത് താഴെയായി കാണപ്പെടുന്ന വീക്കം അല്ലെങ്കിൽ മുഴ തൈറോയ്ഡ് കാൻസറിന്റെ ആദ്യലക്ഷണങ്ങളിലൊന്നാണ്. ഈ മുഴ വേദനയില്ലാത്തതും വളരെ സാവധാനം മാത്രം വളരുന്നതുമാണ്. അതുകൊണ്ട് തന്നെ വർഷങ്ങളോളം ഇത് തിരിച്ചറിയപ്പെടാതെ പോകാം. കട്ടിയുള്ള ഈ മുഴ കഴുത്തിൽ തൊട്ടു നോക്കി തിരിച്ചറിയാൻ സാധിക്കും. ആദ്യസമയത്ത് വേദനയോ അസ്വസ്ഥതയോ തോന്നാത്തതുകൊണ്ട് പലരും ഇതിനെ അവഗണിക്കുകയാണ് പതിവ്. കാൻസർ മൂലമല്ലാതെയും കഴുത്തിൽ മുഴകളുണ്ടാവാം. ഗോയിറ്ററോ സിസ്റ്റോ മൂലം ആകാം ഇത്. എന്നാൽ കഴുത്തിൽ എന്തെങ്കിലും മുഴയോ വളർച്ചയോ കണ്ടാൽ വൈദ്യപരിശോധന നടത്തേണ്ടതാണ്.

2. പരുക്കനായ ശബ്ദം

വോക്കൽ കോർഡിനെ നിയന്ത്രിക്കുന്ന നാഡികളെ തൈറോയ്ഡ് കാൻസർ ബാധിക്കാം. ഇതുമൂലം ശബ്ദത്തിൽ വ്യത്യാസം വരുകയും ശബ്ദം പരുക്കനാകുകയും ചെയ്യും. ഈ ലക്ഷണം പലപ്പോഴും ജലദോഷമോ അലർജി പ്രശ്നങ്ങളോ വോയ്സ് സ്ട്രെയ്ൻ അഥവാ ശബ്ദത്തിന് ആയാസം ഉണ്ടായതുകൊണ്ടോ ആണെന്ന് തെറ്റിദ്ധരിക്കപ്പെടാം. നിങ്ങളുടെ ശബ്ദം പരുപരുത്തതാവുകയോ ഏതാനും ആഴ്ചകൾക്കുശേഷവും അത് മെച്ചപ്പെട്ടിട്ടില്ലെങ്കിൽ പരിശോധന നടത്തണം. തുടർച്ചയായി ശബ്ദം പരുക്കനാകുന്നത് തൈറോയ്ഡിനു സമീപമുള്ള നാഡികളിൽ ട്യൂമർ അമരുന്നതുമൂലം ആകാം. തൈറോയ്ഡ് കാൻസർ മൂലം ശബ്ദം പരുക്കനാകുന്നത് ദീർഘകാലം നിലനിൽക്കാം. സാധാരണ ചികിത്സകൊണ്ട് ഇത് സുഖപ്പെടാനും സാധ്യത കുറവാണ്.

3. വിഴുങ്ങാനും ശ്വസിക്കാനും പ്രയാസം

ട്യൂമർ വളരുന്നതനുസരിച്ച് അത് അന്നനാളത്തിലും ശ്വാസനാളത്തിലും അമർത്തും. ഇതു മൂലം ഉണ്ടാകുന്ന പ്രഷർ (സമ്മർദം) മൂലം വിഴുങ്ങാൻ പ്രയാസം അനുഭവപ്പെടും. തൊണ്ടയിൽ എന്തോ തടഞ്ഞിരിക്കുന്ന പോലെ തോന്നും. ട്യൂമർ ശ്വാസനാളത്തിൽ അമർന്നാൽ ശ്വസിക്കാൻ പ്രയാസം, ശ്വസിക്കുമ്പോൾ ശബ്ദമുണ്ടാവുക തുടങ്ങിയ ശ്വസനപ്രശ്നങ്ങൾ ഉണ്ടാകും. ഈ ലക്ഷണങ്ങൾ പലപ്പോഴും ആസിഡ് റിഫ്ലക്സിന്റെയോ അണുബാധയുടേതോ അലർജിയുടേയോ ആയി തെറ്റിദ്ധരിക്കപ്പെടും. വളരെ സാവധാനം ഡെവലപ് ചെയ്യുന്നതിനാൽത്തന്നെ ഇത് തൈറോയ്ഡ് കാൻസറിന്റെ ലക്ഷണമാണെന്ന് തിരിച്ചറിയപ്പെടാതെ പോകുന്നു.

സ്ഥിരമായ കഴുത്തുവേദന

കഴുത്തിന്റെ മുൻഭാഗത്തോ തൊണ്ടയിലോ സ്ഥിരമായി ഉണ്ടാകുന്ന വേദന തൈറോയ്ഡ് കാൻസറിന്റെ ലക്ഷണമാകാം. ഈ വേദന ചിലപ്പോൾ ചെവികളിലേക്കും വ്യാപിക്കാം. കഴുത്തിലും തൊണ്ടയ്ക്കും വേദന വരുന്നത് സാധാരണയാണ്. അണുബാധ കൊണ്ടോ പേശികൾക്കുണ്ടാകുന്ന ആയാസം കൊണ്ടോ സാധാരണയായി വേദനവരാം. ഈ ലക്ഷണങ്ങളെ അതുകൊണ്ടു തന്നെ ആൾക്കാർ അവഗണിക്കുകയാണ് പതിവ്. ഈ വേദന സ്ഥിരമായി ഉണ്ടാകുകയും ജലദോഷമോ മറ്റ് കാരണങ്ങളോ ഇല്ലാതിരിക്കുകയും ചെയ്താൽ വിദഗ്ധപരിശോധന നടത്തണം.

വിൻഡീസിനെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ സെഞ്ച്വറി

അഹമ്മദാബാദ് : ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റ് ഇൻഡീസിന്റെ ദുർബലമായ ബാറ്റിംഗ് നിരയ്ക്ക് എതിരെ മൂന്ന് തകർപ്പൻ സെഞ്ചറികളുടെ അകമ്പടിയോടെ ഇന്ത്യ കൂറ്റൻ സ്കോറിലേക്ക്. അഹമ്മദാബാദിൽ ആദ്യ ഇന്നിംഗ്സിൽ 162 റൺസിന് ആൾഔട്ടായ വിൻഡീസിനെതിരെ രണ്ടാം ദിനം കളിനിറുത്തുമ്പോൾ 448/5 എന്ന നിലയിലാണ് ഇന്ത്യ. ഫസ്റ്റ് ഡൗൺ കെ. .എൽ രാഹുൽ (100),വിക്കറ്റ് കീപ്പർ ബാറ്റർ ധ്രുവ് ജുറേൽ (125),(104 നോട്ടൗട്ട്) എന്നിവരാണ് ഇന്ത്യയ്ക്ക് വേണ്ടി സെഞ്ചറികൾ നേടിയത്.ഇന്നലെ 121/2 എന്ന നിലയിൽ ബാറ്റിംഗിനിറങ്ങിയ ഇന്ത്യ ലീഡ് നേടിയ ശേഷം വിൻഡീസിനെ അടിച്ചൊതുക്കുകയായിരുന്നു. 53 റൺസുമായി രാഹുലും 18 റൺസുമായി ഗില്ലുമാണ് ഇന്നലെ ബാറ്റിംഗ് പുനരാരംഭിക്കാനെത്തിയത്. അർദ്ധ സെഞ്ചറി തികച്ചതിന് പിന്നാലെ ടീം സ്കോർ 188ലെത്തിയപ്പോഴാണ് ഗിൽ മടങ്ങിയത്. തുടർന്ന് ധ്രുവ് ജുറേൽ കളത്തിലിറങ്ങി. ജുറേലിനെക്കൂട്ടി രാഹുൽ സെഞ്ചറിയിലെത്തിയപ്പോൾ 218/3 എന്ന നിലയിൽ ലഞ്ചിന് പിരിഞ്ഞു. ലഞ്ചിന് ശേഷമുള്ള ആദ്യ ഓവറിൽ രാഹുൽ പുറത്തായി.ജോമൽ വാരിക്കന്റെ പന്തിൽ ഗ്രീവ്സിന് ക്യാച്ച് നൽകിയാണ് രാഹുൽ പുറത്തായത്ഇതോടെയാണ് ജുറേലും ജഡേജയും ക്രീസിൽ ഒരുമിച്ചത്. ഇരുവരും ചേർന്ന് ചായസമയംവരെയുള്ള സെഷനിൽ വിക്കറ്റുകളയാതെ ബാറ്റു ചെയ്തു. 326/4 എന്ന സ്കോറിൽ ചായയ്ക്ക് പിരിയുമ്പോൾ ഇരുവരും അർദ്ധസെഞ്ചറി പിന്നിട്ടിരുന്നു. ചായയ്ക്ക് ശേഷവും ഇവർ ആക്രമണം തുടർന്നു. അവസാന സെഷനിൽ പുതിയ പന്തെടുത്ത ശേഷമാണ് ജുറേൽ തന്റെ കന്നി സെഞ്ചറി തികച്ചത്. 190 പന്തുകളാണ് ശതകത്തിലെത്താൻ ജുറേലിന് വേണ്ടിവന്നത്. ടീം സ്കോർ 424ൽ വച്ച് ജുറേൽ മടങ്ങി. പകരമിറങ്ങിയ വാഷിംഗ്ടൺ സുന്ദറിനെ (9)ക്കൂട്ടി ജഡേജ സെഞ്ചറിയിലെത്തി. റൺസാണ് ജഡേജയും ജുറേലും ചേർന്ന് ഇന്നലെ കൂട്ടിച്ചേർത്തത്. അഞ്ചാം വിക്കറ്റിലെ ഇന്ത്യയുടെ ഉയർന്ന രണ്ടാമത്തെ സ്കോറാണിത്. ഈ വർഷം ഇത് രണ്ടാം തവണയാണ് ഒരു ഇന്നിംഗ്സിൽ മൂന്ന് ഇന്ത്യൻ താരങ്ങൾ സെഞ്ചറിയടിക്കുന്നത്. ജൂണിൽ ലീഡ്സിൽ ഇംഗ്ലണ്ടിനെതിരെ ആദ്യ ടെസ്റ്റിൽ യശസ്വി ജയ്സ്വാൾ, ശുഭ്മൻ ഗിൽ, റിഷഭ് പന്ത് എന്നിവർ സെഞ്ചറിയടിച്ചിരുന്നു. ഇത് നാലാം തവണയാണ് ടെസ്റ്റിൽ വിൻഡീസിനെതിരെ ഒരു ഇന്നിംഗ്സിൽ മൂന്ന് ഇന്ത്യൻ താരങ്ങൾ സെഞ്ചറിയടിക്കുന്നത്. 1979,1986,2007 വർഷങ്ങളിലാണ് ഇതിനുമുമ്പ് ഇങ്ങനെ സംഭവിച്ചത്.ഇന്ത്യയ്ക്കായി ടെസ്റ്റിൽ ഏറ്റവും കൂടുതൽ സിക്സർ നേടുന്ന താരങ്ങളുടെ പട്ടികയിൽ മുൻ നായകൻ ധോണിയെ മറികടന്ന് ജഡേജ നാലാമതെത്തി. വിൻഡീസിനെതിരെ അഞ്ച് സിക്സർ നേടിയതോടെ ടെസ്റ്റിലെ ജഡേജയുടെ സിക്സറുകളുടെ എണ്ണം 80 ആയി . ധോണി 90 ടെസ്റ്റിൽ 78 സിക്സറുകളാണ് നേടിയത്.സെവാഗും ഋഷഭ് പന്തുമാണ് 90 സിക്സറുകൾ നേടി ഇക്കാര്യത്തിൽ മുന്നിൽ. രോഹിത് ശർമയാണ് 88 സിക്സറുകളുമായി മൂന്നാമതുണ്ട്.

കിരീടത്തിടമ്പേറ്റാൻ കൊമ്പൻസ്

തിരുവനന്തപുരം : ആദ്യ സീസണിലെ പിഴവുകൾ തിരുത്തി സൂപ്പർ ലീഗ് കേരള ഫുട്ബാളിൽ പുതിയ തുടക്കമിടാൻ തയ്യാറെടുത്ത് തിരുവനന്തപുരം കൊമ്പൻസ് എഫ്.സി എത്തുമ്പോൾ അമരത്ത് ആദ്യ സീസണിലെ നായകനായ ബ്രസീലുകാരൻ പാട്രിക് മോട്ട തന്നെ. എന്നാൽ അണിയറയിൽ തന്ത്രങ്ങൾ മെനയാൻ പുതിയ ആശാൻ ബ്രിട്ടീഷുകാരനായ ജെയിംസ് മക്ലൂൺ ആണുള്ളത്. യൂറോപ്പിലും ഓസ്ട്രേലിയയിലും കളിപ്പിച്ച് പരിചയമുള്ള മക്ലൂൺ വിയറ്റ്നാമിൽ നാമിൽ നിന്നാണ് സൂപ്പർ ലീഗ് കേരളയിലേക്ക് എത്തുന്നത്.സെറ്റ്പീസ് സ്പെഷ്യലിസ്റ്റായ മോട്ടയ്ക്കൊപ്പം കഴിഞ്ഞ സീസണിലെ ടോപ്സ്കോറർമാരിലൊരാളായ മറ്റൊരു ബ്രസീലുകാരൻ ഓട്ടേമർ ബിസ്പോ,കേരള താരം ബിബിൻ ബോബൻ, മുൻ ഇന്ത്യൻ താരം സലാം രഞ്ജൻ സിംഗ് എന്നിവർ വൈസ് ക്യാപ്ടന്മാരായുണ്ട്. ബ്രസീലിയൻ താരങ്ങളായ ലൂറി ഡി കാർവാലോ ലിമ,ഫിലിപ്പെ അൽവേസ്, പൗലോ സിൽവ തുടങ്ങിയവർ സംഘത്തിലുണ്ട്. കോവളം എഫ്.സി താരങ്ങളായ അക്ഷയ്, ഷാഫി, മറ്റ് മലയാളി താരങ്ങളായ മുഹമ്മദ് സനൂത്ത്,ഷാനിദ്, ഷിനു,ഷിഹാദ്, അഷർ, വിഘ്നേഷ് എന്നിവരും കൊമ്പൻസിന്റെ നിരയിലുണ്ട്.ആര്യൻ സരോഹയാണ് കൊമ്പൻസിന്റെ ഫസ്റ്റ് ഗോളി. ഐലീഗിൽ ബെംഗളുരു എസ്.സിയുടെ വലയം കാത്തിരുന്ന അസാംകാരൻ സത്യജിത് ബൊർദലോയ്, മുൻ ഇന്ത്യൻ ഗോൾകീപ്പർ രാജീവ് കുമാറിന്റെ മകൻ ശ്രീരാജ് രാജീവ് എന്നിവർ ഗോൾകീപ്പിംഗ് സംഘത്തിലുണ്ട്.നാളെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ കണ്ണൂർ വാരിയേഴ്സ് എഫ്.സിയുമായാണ് കൊമ്പൻസിന്റെ ആദ്യ മത്സരം.ആദ്യ സീസണിൽ 10 മത്സരങ്ങളിൽ മൂന്നെണ്ണത്തിൽ മാത്രം ജയിക്കുകയും നാലുസമനില വഴങ്ങുകയും ചെയ്ത കൊമ്പൻസ് പോയിന്റ് പട്ടികയിൽ നാലാം സ്ഥാനക്കാരായി സെമിയിലെത്തിയിരുന്നു. എന്നാൽ അവിടെ കാലിക്കറ്റിനോട് ഒന്നിനെതിരെ രണ്ടുഗോളുകൾക്ക് തോറ്റ് പുറത്താവുകയായിരുന്നു.

ഗോൾഫ് ക്ലബിൽ അസസ്മെന്റ് ക്യാമ്പ്

തിരുവനന്തപുരം : കവടിയാർ സായ് നാഷണൽ ഗോൾഫ് അക്കാഡമിയിൽ ഡൽഹിയിൽ നിന്നുള്ള വിദഗ്ദ്ധ ഗോൾഫ് പരിശീലകൻ അർജുന അവാർഡ് ജേതാവ് അലി ഷെറിന്റെ നേതൃത്വത്തിലുള്ള അസസ്മെന്റ് ക്യാമ്പ് തുടങ്ങി. എൽ.എൻ.സി.പി.ഇ പ്രിൻസിപ്പലും റീജിയണൽ ഹെഡുമായ ഡോ. ജി. കിഷോർ അധ്യക്ഷനായ ചടങ്ങിൽ ഗവർണറുടെ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ദേവേന്ദ്ര കുമാർ ധോദാവത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഗോൾഫ് ക്ലബ് സെക്രട്ടറി ലെഫ്. കേണൽ അനിൽ കുമാർ ബി.കെ, ക്ലബ് ക്യാപ്ടൻ ജയചന്ദ്രൻ,സായ് ഡയറക്ടർ എൻ.എസ്. രവി എന്നിവർ പങ്കെടുത്തു.

EDITORS CHOICE

ഹമാസ് ശാശ്വത സമാധാനത്തിന് തയ്യാർ; ഇസ്രയേൽ ബോംബാക്രമണം ഉടൻ നിർത്തണമെന്ന് ട്രംപ് ഗാസ മുനമ്പിലെ ഭരണാധികാരം ഒഴിഞ്ഞുനൽകാമെന്നും ഹമാസ്

ഗാസയിലെ ബോംബാക്രമണം ഇസ്രയേൽ ഉടൻ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ?ഗാസ സമാധാന പദ്ധതിഭാ?ഗികമായി അം?ഗീകരിച്ച ഹമാസിന്റെ നടപടിയിൽ പ്രതികരിക്കവെയാണ് ട്രംപ് ഇക്കാര്യം ആവശ്യപ്പെട്ടത്. ഹമാസ് സമാധാനത്തിന് തയ്യാറാണെന്ന് താൻ വിശ്വസിക്കുന്നതായും ട്രംപ് പറഞ്ഞു.

ട്രംപിന്റെ പദ്ധതി പ്രകാരം ഇസ്രായേൽ ജയിലുകളിൽ തടവിലുള്ള പലസ്തീൻ തടവുകാർക്ക് പകരമായി എല്ലാ ബന്ദികളെയും മോചിപ്പിക്കാമെന്നും, അതോടൊപ്പം ഗാസ മുനമ്പിലെ ഭരണാധികാരം ഒഴിഞ്ഞുനൽകാമെന്നും ഹമാസ് ഉറപ്പ് നൽകി. ടെലിഗ്രാമിൽ പുറത്തിറക്കിയ പ്രസ്താവനയിലാണ് ഹമാസ് ഇക്കാര്യം അറിയിച്ചത്. ട്രംപ് മുന്നോട്ടുവെച്ച സമാധാന ഉടമ്പടി ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് അംഗീകരിച്ചില്ലെങ്കിൽ കടുത്ത പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്ന മുന്നറിയിപ്പിനു പിന്നാലെയാണ് ഹമാസിന്റെ ഈ നീക്കം. അതെസമയം ട്രംപിന്റെ ഇരുപതിന പരിപാടിയിലെ എല്ലാ നിർദ്ദേശങ്ങളും അംഗീകരിക്കാൻ ഹമാസ് തയ്യാറല്ല. ഈ വിഷയങ്ങളിൽ കൂടുതൽ ചർച്ച ആവശ്യമാണെന്ന് ഹമാസ് വ്യക്തമാക്കി. കാര്യങ്ങൾ അന്തിമമാക്കുന്നതിനായി മധ്യസ്ഥ ചർച്ചകൾക്ക് തയ്യാറാണെന്നും ഹമാസ് അറിയിച്ചു.'ഹമാസ് ഇപ്പോൾ ഇറക്കിയ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ, അവർ ശാശ്വത സമാധാനത്തിന് തയ്യാറാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഗാസയിൽ ബോംബാക്രമണം നടത്തുന്നത് ഇസ്രയേൽ ഉടൻ അവസാനിപ്പിക്കണം. എന്നാലേ ബന്ദികളെ പെട്ടെന്നും സുരക്ഷിതമായും തിരികെ ലഭിക്കൂ. ഇപ്പോഴത്തെ സാഹചര്യത്തിൽ അത് ചെയ്യുക അസാധ്യമാണ്. ഇത് ഗാസയെക്കുറിച്ച് മാത്രമല്ല, മധ്യപൂർവദേശത്തിന്റെ ആകെ സമാധാനത്തിനു വേണ്ടിയുള്ളതാണ്'ട്രംപ് പറഞ്ഞു.

ഗാസയിൽ നിന്ന് ഹമാസ് വിട്ടുപോകണമെന്നും, ഗാസ ഭരണത്തിൽ ഹമാസിന് പങ്കുണ്ടാകില്ലെന്നതുമടക്കം നിരവധി നിർദ്ദേശങ്ങൾ ട്രംപും നെതന്യാഹുവും തയ്യാറാക്കിയ സമാധാന പദ്ധതിയിലുണ്ട്. സമാധാന ഉടമ്പടി അംഗീകരിക്കാൻ ഹമാസിന് അവസാന അവസരം നൽകുകയാണെന്ന് ട്രംപ് തന്റെ ട്രൂത്ത് സോഷ്യൽ പോസ്റ്റിൽ വ്യക്തമാക്കിയിരുന്നു.ഞായറാഴ്ച വൈകുന്നേരം ആറ് മണിക്ക് ഹമാസ് ഒരു തീരുമാനത്തിലെത്തണമെന്നും, എല്ലാ രാജ്യങ്ങളും തന്റെ ഉടമ്പടിയിൽ ഒപ്പുവെച്ചിട്ടുണ്ടെന്നും ട്രംപ്
പ്രസ്താവിച്ചു. ഈ അവസാന അവസരത്തിലുള്ള കരാർ നടന്നില്ലെങ്കിൽ ആരും കണ്ടിട്ടില്ലാത്ത വിധത്തിലുള്ള നരകം ഹമാസിനെതിരെ പൊട്ടിപ്പുറപ്പെടും. ഒന്നുകിൽ ഒരു വഴിക്ക് അല്ലെങ്കിൽ മറ്റൊരു വഴിക്ക് മിഡിൽ ഈസ്റ്റിൽ സമാധാനം ഉണ്ടാകുമെന്നും ട്രംപ് തന്റെ സോഷ്യൽ മീഡിയ പ്ലാറ്റുഫോമിൽ എഴുതി. ഗാസ മേഖലയിൽ നിന്ന് എല്ലാ നിരപരാധികളായ പലസ്തീനികളും ഉടൻ തന്നെ സുരക്ഷിത ഭാഗങ്ങളിലേക്ക് മാറണമെന്ന് താൻ ആവശ്യപ്പെടുന്നതായി അദ്ദേഹം ട്രൂത്തിൽ കുറിച്ചു. ഗാസക്കാരെ സഹായിക്കാൻ കാത്തിരിക്കുന്നവർ എല്ലാവരെയും നന്നായി പരിപാലിക്കുമെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം, ബന്ദി മോചനവും ഭരണക്കൈമാറ്റവും ഒഴികെയുള്ള ഉപാധികളിൽ ചർച്ച വേണമെന്ന ആവശ്യത്തെക്കുറിച്ച് ട്രംപ് പരാമർശിച്ചിട്ടില്ല. ഹമാസിന്റെ നിർദേശങ്ങളിലുള്ള സമ്പൂർണ പ്രതികരണം ഉൾക്കൊള്ളിക്കുന്ന വിഡിയോ ട്രംപ്
ഉടൻ പുറത്തുവിടുമെന്നാണ് കരുതുന്നത്. വൈറ്റ് ഹൗസിലെ ഓവൽ ഓഫിസിൽ ക്യാമറയ്ക്കു മുന്നിൽ ട്രംപ് സംസാരിക്കുന്ന ചിത്രം വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലെവിറ്റ് സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്.

ഗാസയിലെ കുട്ടികൾക്ക് എന്തുകൊണ്ടാണ് കളിക്കളങ്ങൾ ഇല്ലാത്തത്?

തങ്ങൾ ചെയ്യാത്ത തെറ്റുകൾക്ക് ശിക്ഷ അനുഭവിക്കേണ്ടി വരുന്ന മനുഷ്യർ ലോകത്തിന്റെ ദുഖമാണ്. ഗാസ മുനമ്പിലെ പലസ്തീനികൾ കാലങ്ങളായി ലോകത്തിന്റെ വേദനയായാണ്. ആ വേദന ഇരട്ടിപ്പിക്കുന്നത് ആ മണ്ണിലെ ഒന്നുമറിയാത്ത കുട്ടികളാണ്. ഓരോ തവണയും(അതിനങ്ങനെ ദീർഘങ്ങളായ ഇടവേളകളില്ല) ഇസ്രയേൽ ഗാസയിൽ ആക്രമണം നടക്കുമ്പോഴും കുട്ടികൾ ഇരകളാകുന്നു. ഗാസയുടെ കണ്ണീരിന്റെയും കുഞ്ഞുങ്ങളുടെ കഥകൾക്ക് മാറ്റമില്ല. 2014 -ൽ ഇസ്രയേലിന്റെ ഗാസ ആക്രമണ(അന്നത് 50 ദിവസത്തോളമാണ് നീണ്ടു നിന്നത്) സമയത്ത് പലസ്തീൻ അമ്മമാരിൽ ഒരാളായ ഷമ്മാല ആ നാട്ടിലെ കുഞ്ഞുങ്ങളുടെ ജീവിതവും ഭാവിയും എങ്ങനെയാണെന്ന് ലോകത്തോട് പറയുന്നതാണ് ഈ കുറിപ്പ്. ഇസ്രയേലിന്റെ ബോംബാക്രമണം തുടങ്ങിയപ്പോൾ എന്റെ മകൻ ആവേശത്തിലായി. 'വെടിക്കെട്ട്!' നാലു വയസുകാരൻ റാമി ആർത്തു വിളിച്ചു. 'അല്ല,' മൂത്ത സഹോദരി ആറു വയസുകാരി മറിയം മൊഴിഞ്ഞു. 'അത് ബോംബാക്രമണമാണ്.' 'അല്ല, അത് വെടിക്കെട്ട് തന്നെയാണ്, പക്ഷെ ജർമ്മനിയിൽ നമ്മൾ കാണുന്നതിൽ നിന്നും ചില്ലറ വ്യത്യാസങ്ങൾ ഉണ്ട്,' റാമി പറഞ്ഞു. ആ സമയത്ത് എല്ലാറ്റിനെയും വിടർന്ന കണ്ണുകളോടെ ഭയത്തോടെ നോക്കി കാണുകയായിരുന്നു രണ്ടു വയസുകാരൻ ഹസൻ. 'ശരി, ശരി,' മറിയം ബുദ്ധിപൂർവം കീഴടങ്ങി. 'നീയാണ് ശരി.' പക്ഷെ ശരി അവൾക്കു മനസിലാവുന്നതിനേക്കാൾ ഒത്തിരി അകലെയാണെന്ന് എനിക്ക് അറിയാമായിരുന്നു. എന്റെ കുഞ്ഞുങ്ങൾ 'ദ ലയൺ കിംഗി'നെ കുറിച്ചും മറ്റ് പുസ്തകങ്ങളെ കുറിച്ചും അവരുടെ കളിപ്പാട്ടങ്ങളെ കുറിച്ചുമായിരുന്നു എപ്പോഴും സംസാരിച്ചുകൊണ്ടിരുന്നത്. പക്ഷെ ഇപ്പോൾ അവർ യുദ്ധത്തെയും ബോംബിംഗിനേയും ഷെല്ലാക്രമണത്തെയും വാണിജ്യ വിമാനങ്ങളും എഫ്-16 യുദ്ധവിമാനങ്ങളും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ചും നിറുത്താതെ ചർച്ച ചെയ്യുന്നു. ഓരോ വ്യോമാക്രമണത്തിന് ശേഷവും എത്ര പേർ മരിച്ചെന്നും ആർക്കെല്ലാം പരിക്കേറ്റെന്നും അറിയാൻ അവർ ആഗ്രഹിക്കുന്നു. ആദ്യമായാണ് ഒരു യുദ്ധം അവർ നേരിട്ടു കാണുന്നത്. ജനിച്ചതും വളർന്നതും ജർമനിയിൽ ആയതുകൊണ്ട് 2008-09 ലെ 'ഓപ്പറേഷൻ കാസ്റ്റ് ലീഡും' 2012ലെ 'ഓപ്പറേഷൻ പില്ലർ ഓഫ് ഡിഫൻസും' അവർക്ക് നഷ്ടപ്പെട്ടുപോയി. എന്റെ അമ്മയുടെ ആരോഗ്യം വളരെ മോശമായതിനെ (ഡയബറ്റീസ് കാരണം പൂർണമായും കാഴ്ച നഷ്ടപ്പെട്ട അവസ്ഥയിൽ) തുടർന്നാണ് ഞങ്ങൾ ഗാസയിലേക്ക് മടങ്ങി വന്നത്. അന്ന് അമ്മയുടെ ആരോഗ്യാവസ്ഥയിലുള്ള ഒരാളെ കെയ്റോയിലെ ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്തവിധം അതിർത്തികൾ അടച്ചിടപ്പെട്ടിരുന്നു. ഞങ്ങൾ മടങ്ങി വന്നതിന് ശേഷം കുട്ടികൾ തുടർച്ചയായി ചോദ്യങ്ങൾ ചോദിക്കുന്നു. ഗാസയിലെ കുട്ടികൾക്ക് എന്താണ് കളിക്കളങ്ങൾ ഇല്ലാത്തത്? എന്തുകൊണ്ടാണ് തിരക്കേറിയ തെരുവുകളിൽ കുട്ടികൾ കളിയ്ക്കുന്നത്? അവരുടെ രക്ഷകർത്താക്കൾക്ക് എന്തുകൊണ്ടാണ് മതിയായ ഭക്ഷണം ഇല്ലാത്തത്? ഈ ചോദ്യങ്ങൾ എന്റെ ഹൃദയം പിളർക്കുന്നു. പക്ഷെ എനിക്കെങ്കിലും അറിയാം അതെന്തുകൊണ്ടാണ് സംഭവിക്കുന്നത് എന്ന്. യുദ്ധം ആരംഭിക്കുകയും ഞാൻ കൂടുതൽ കൂടുതൽ ഓർമകളിലേക്ക് ചുരുങ്ങുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, ചോദ്യങ്ങൾ ഇരട്ടിക്കുകയായിരുന്നു. അമ്മേ, എന്താണ് സംഭവിക്കുന്നത്? എന്തിനാണവർ കുഞ്ഞുങ്ങളെ കൊല്ലുന്നത്? (അവരുടെ രണ്ടാം അർധ സഹോദരങ്ങളായിരുന്ന മൂന്നു പേർ-ഇബ്രാഹിം, ഇമാൻ, അസ്മെ- നാലു കുട്ടികളും ഗർഭിണിയുമായ അമ്മയോടൊപ്പം തങ്ങുടെ കുടുംബ കെട്ടിടത്തിൽ വച്ച് ഇസ്രയേൽ മിസൈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടു. പ്രദേശത്ത് ഒരു സൈനിക ലക്ഷ്യങ്ങളും ഉണ്ടായിരുന്നില്ല) നമ്മളും മരിക്കുമോ? എന്തിനാണ് അവർ നമ്മളെ വെറുക്കുന്നത്? അവർക്കും കുഞ്ഞുങ്ങൾ ഇല്ലെ? പാഞ്ഞു കയറുന്ന ഷെല്ലുകളിൽ ഒന്ന് ഏത് സമയവും നമ്മുടെയെല്ലാം ജീവനെടുക്കുമെന്ന് ഞാൻ അവരോട് പറയണോ? പക്ഷെ സമീപ കാലത്തെ ഒരു നോമ്പ് മുറിക്കൽ സമയത്ത് ഒരൊറ്റ മനുഷ്യന് നേരെ ഉതിർത്ത മിസൈൽ അബു ജമയെ കുടുംബത്തിലെ 19 കുഞ്ഞുങ്ങളെ കൊന്ന കാര്യം ഞാൻ എന്തായാലും അവരോട് പറയില്ല. ഇത്രയധികം കുഞ്ഞുങ്ങളെ കൊന്ന പട്ടാളക്കാർക്കും കുഞ്ഞുങ്ങൾ ഉണ്ടെന്ന് ഞാൻ എങ്ങിനെയാണ് അവരോട് പറയുക? ജർമ്മനിയിലെ വെടിക്കെട്ടുകൾ ആഘോഷവും സന്തോഷവുമാണെന്നും ഗാസയിൽ അത് മരണവുമാണെന്നും ഞാൻ എങ്ങനെയാണ് അവരെ വിശ്വസിപ്പിക്കുക? ഏറ്റവും ഹൃദയഭേദകമായ ചോദ്യം ഞങ്ങളുടെ രാത്രി ശീലങ്ങളെ സംബന്ധിച്ചായിരുന്നു. 'ഞങ്ങളുടെ വീട്ടിലെ ഏത് ഒഴിഞ്ഞ മുറിയിൽ ഷെൽ വീണാലും ഞങ്ങൾ അതി ജീവിക്കും എന്ന പ്രതീക്ഷയിൽ അവരെ മൂന്നു പേരെയും ഒരൊറ്റ മുറിയിൽ കിടത്തുകയാണ് ആദ്യം ചെയ്തത്. പക്ഷെ അടുത്ത ദിവസം ഞാൻ അവരെ പിരിക്കും. കാരണം ഒറ്റ ആക്രമണത്തിൽ അവർ ഒന്നായി മരിച്ചു പോവരുത്. (ഒരു ഷെല്ലിന് പകരം അര ടൺ ബോംബാണ് വന്ന് വീഴുന്നതെങ്കിൽ ആരും തന്നെ രക്ഷപ്പെടാൻ പോകുന്നില്ല) ലോകത്തിൽ മറ്റൊരമ്മയും അനുഭവിക്കരുതെന്ന് ഞാൻ ആഗ്രഹിക്കുന്ന വേദനാജനകമായ കാര്യങ്ങൾ ആണിത്. എന്നിട്ടും വിധി നിർണയിക്കുന്ന ഈ ക്ഷതങ്ങൾക്കപ്പുറം ഗാസയിൽ ജീവിതം തുടരാമെന്ന് അമ്മമാർ തീരുമാനിക്കുന്നു. ഇപ്പോഴും ഇവിടെ ജീവിക്കുന്നു. അപ്പോഴും എന്തിനാണ് ഓരോ ദിവസവും ഓരോ സ്ഥലത്ത് താമസിക്കുന്നത് എന്ന മറിയത്തിന്റെ ചോദ്യത്തിന് എനിക്ക് ഉത്തരമില്ല. ഗാസയിലെ മിക്ക കുട്ടികളെയും പോലെ എന്റെ കുട്ടികൾക്കും ഈ കൂട്ടക്കുരുതിക്ക് ശേഷം ചികിത്സ വേണ്ടി വരും. തീർച്ചയായും അവരിൽ ഭൂരിപക്ഷത്തിനും അതൊന്നും കിട്ടാൻ പോകുന്നില്ല. ഭയാനകമായ ഇരുളലർച്ചകളിലേക്കും ഭീതികളിലേക്കും അവരുടെ യൗവനം തള്ളപ്പെട്ടേക്കാം. പട്ടാളക്കാരും എഫ്-16 കളുടെ മുരൾച്ചയുമാവാം അവരെ യൗവനകാലങ്ങളെ ഓർമപ്പെടുത്തുക. ഈ ഭീതികളിൽ നിന്നും സ്വന്തം മക്കളെ രക്ഷിക്കാൻ കഴിയാതിരുന്ന മാതാപിതാക്കൾക്ക് മാനസിക ചികിത്സ വേണ്ടി വന്നേക്കാം. അതിലും കൂടുതൽ ഞങ്ങളുടെ പ്രപിതാക്കന്മാർക്ക് വേണ്ടി വന്നേക്കാം. കാരണം ഏഴ് പതിറ്റാണ്ടുകൾക്ക് മുൻപത്തെ ആ ദിവസമാണ് ഈ രാത്രികൾ അവരെ ഓർമിപ്പിക്കുന്നത്. അന്നാണ്, ഇപ്പോൾ ഇസ്രയേലായി മാറിയ സ്വന്തം കുടിയിൽ നിന്ന്, മടങ്ങിപ്പോകാൻ കഴിയാത്തവണ്ണം അവർ പുറത്താക്കപ്പെട്ടത്. (ഖാൻ യൂനിസ് അഭയാർഥി ക്യാമ്പിൽ വളർന്ന വെയ്ദാൻ അബു ഷമ്മാല ഗോൾഡൻ ഗെയ്റ്റ് യൂണിവേർസിറ്റിയിൽ നിന്ന് ഹ്യൂമൻ റിസോർസ് മാനേജ്മെന്റിൽ ബിരുദാനന്ത ബിരുദം നേടി. ഒരു പലസ്തീൻ ജർമ്മനെ വിവാഹം കഴിച്ചു. വെയ്ദാൻ അബു ഷമ്മാല ദി വാഷിംഗ്ടൺ പോസ്റ്റിൽ എഴുതിയ അനുഭവം, വിവർത്തനം

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com